

# Voice '91

NEWMAN THODUPUZHA




LEAD KINDLY LIGHT

# VOICE '91

## NEWMAN COLLEGE ANNUAL '91

**CHIEF EDITOR** Prof. T. S. CHACKO ❑ **STAFF EDITORS** P. M. ULAHANNAN, P. K. KURIAKOSE, V. T. PHILOMINA
**EDITOR** SHAJI STEPHEN ❑ **SUB EDITORS** MANZOOR. O.H., JOHNSON THOMAS, BIJU AUGUSTINE
**COVER DESIGN** HEWONE, MUVATTUPUZHA ❑ **DESIGN & LAY OUT** ASOK ❑ **PHOTOS** EVERSHINE, THODUPUZHA
**TYPE SETTING & PRINTING** D. C. OFFSET PRINTERS, KOTTAYAM—686 001

# LEAD KINDLY LIGHT




CARDINAL NEWMAN

## OUR LIGHT ON THE PATH



**Rt. Rev. Dr. GEORGE PUNNAKKOTTIL Ph.D. D.D.**
PATRON

# PRINCIPAL



Prof. T. S. CHACKO

നമ്മിൽ
സ്നേഹം
പകർന്ന്
നമ്മുടെ ഇടയിൽ
നിന്ന് പറന്നു
പോയ
രവീന്ദ്രന്
ആദരാഞ്ജലികൾ



രവീന്ദ്രൻ എസ്. എസ്
ഒന്നാം വർഷ പി. ഡി. സി. ബി 1



**Msgr. GEORGE EDATHOTTY**
Manager



**FR. JOSEPH, KADUKAMAKAL**
Burzar



**PROF. P. J. MATHEW**
Vice - Principal
1989-91



**PROF. M. C. JOHN**
Vice-Principal
1991-

# RANK HOLDER



N. K. SANTHOSH
FIRST RANK - ZOOLOGY



## ഒരു വാക്ക്-

ആദിപ്രണവത്തിൻെറ അർച്ചനാപദങ്ങളുമായി
ഉദയശൃംഗങ്ങളെ ധ്യാനിച്ചിരുന്ന പുഷ്പദളക്കിളി
പുളകം ചൂടി.
പനിനീർ കുടഞ്ഞുകടന്നുവന്ന ഇളംകാററ്
ഉദ്യാന സീമയിലെത്തിയപ്പോൾ
മനസ്സുന്നി ജപിച്ചു—പ്രകാശം....പ്രകാശം
വെമ്പി വിടർന്ന പൂക്കൾ ദളങ്ങൾ നീട്ടി—
ആഴക്കടലുകൾ കുടിച്ചു വററിക്കാനുള്ള ആർത്തിയോടെ.
ഞങ്ങളെ മോചിപ്പിക്കൂ—ഒന്നാ പ്രകാശമേളയിലേക്കു
നീക്കിനിർത്തൂ. കവാടങ്ങൾ തുറന്നുതരൂ—
കരിമൊട്ടുകൾ തിരക്കു കൂട്ടി.
ഏതോ സ്മരണയുടെ ചാഞ്ചാട്ടത്തിൽ  ഇളക്കം തട്ടി
അഗ്ര ശിഖരത്തിൽ നിന്ന്  ഒരു പൂവ്  അടർന്നു വീണു.
ചിതറി വീഴുന്ന നിറം മങ്ങിയ അതിൻെറ
ദളങ്ങളെ  നോക്കി കിളുന്നു നാമ്പുകൾ
കിലുകിലുത്തു—പഴമ
ഞാൻ സർവം സഹയാണ് . എല്ലാം എന്നിലലിയുന്നു—
ഉറക്കമൊഴിയുന്ന മണ്ണ്  ഉറപ്പിച്ചു പറഞ്ഞു.
അപ്പോഴേക്കും  ഉദയരഥം ഉരുണ്ടുപോയി
ഒരുങ്ങിയവരും ഓർത്തോർത്തിരുന്നവരും അറിഞ്ഞില്ല.
അപ്പോഴും അമ്പലമുററത്തെ ആൽമരം
ഉരുവിട്ടുകൊണ്ടിരുന്നു.

**"വിദ്യയാമൃതമശ്നുതേ."**

ജീവൻെറ ഈ ദൃശ്യങ്ങൾ വലം വച്ച്
ആഴങ്ങളിലേക്ക്
അനശ്വരതയിലേക്ക്
തുഴയാനുള്ള പ്രചോദനവുമായി
ഒരിക്കൽകൂടി
ന്യൂമാൻ വോയ്സ്
ഇതാ അണിഞ്ഞൊരുങ്ങുന്നു—

—എഡിററർ
**ഷാജി സ്ററീഫൻ**

കവിത

ജയിംസ് ജോൺ D 2



# അക്ഷരങ്ങൾ

*ഒന്ന്*

ഇന്നുമോർമയിൽത്തങ്ങി–
നില്ക്കുന്നു ബാല്യത്തിന്റെ
കിന്നരിത്തലപ്പാവു
ചൂടിയ കിനാവുകൾ!
ഹരിശ്രീ കുറിക്കുവാൻ
പള്ളിമേടയിലേക്കു
വരവും പോക്കും, വഴി–
തെററിയ നേരംപോക്കും
അക്ഷരം വരഞ്ഞെന്നും
തേയുന്ന വിരൽത്തുമ്പും
കക്ഷത്തിലിടുക്കിയ
തടുക്കും വാറോലയും
ഇടവപ്പേമാരിയെ–
ത്തടയാൻ പനയോല–
ക്കുടയും കുചേലന്റെ
കുട്ടികളാകും ഞങ്ങൾ
പേരു കേൾക്കിലും ഞെട്ടു–
മാശാന്റെ തിരുമുമ്പിൽ
പേശലത്തളിരുകൾ
വാടിയേ നിന്നൂ നീണാൾ
എങ്കിലുമാശാബന്ധം
പുശിയ കൊടുവേനൽ–
ച്ചെങ്കനൽച്ചൂളയ്ക്കുള്ളി–
ലുരുകിത്തിളയ്ക്കുമ്പോൾ
അത്ഭുത രൂപാന്തരം
കൈവന്നു വർണച്ചിറ–
കുത്ഭവിച്ചതായ്ക്കണ്ടു
സംതൃപ്തിയാർന്നു ഞങ്ങൾ.

*രണ്ട്*

പള്ളിമേടയിൽ നിന്നു
നോക്കിയാൽ കാണാം ഭിത്തി–
ക്കുള്ളിലെ സിമിത്തേരി
കൈ ചൂണ്ടും കുരിശുകൾ!
അവിടെക്കിടന്നുറ–
ങ്ങുന്നവരാരാണെന്നു
തിരയും ഞങ്ങൾ, കുഞ്ഞു–
ബുദ്ധികൾ കുഴങ്ങിപ്പോം
ജീവിതം മരണമീ–
രണ്ടിനുമർത്ഥം കാണാ–
താവഴി പറക്കുന്ന
തുമ്പികളല്ലോ ഞങ്ങൾ!
എവിടെത്തുടങ്ങുന്നു
ജീവിതം പൊങ്ങിപ്പറ–
ന്നവിടെത്തിരിച്ചെത്തു–
മെന്നതന്നറിഞ്ഞില
ദൂരമേഖല തേടി–
പ്പോകിലും ചിറകററു
ദൂനമായ്പ്പതിക്കുന്നു
മണ്ണിന്റെ മാറിൽത്തന്നെ
അക്ഷരങ്ങളെ, നിങ്ങൾ
മാത്രമപ്പരേതർക്കു
രക്ഷയായ് നിൽപ്പൂ നാനാ–
സ്മാരകങ്ങളായ് മന്നിൽ
ആദിയിലമ്പത്തിമൂ–
ന്നക്ഷരമാശാൻ തന്ന–
തായിരം കാവ്യങ്ങളായ്
മാററുകയാണിന്നു ഞാൻ!

NEW MAN Voice '91



കഥ

സെബാസ്റ്ററ്യൻ ജോസഫ് ഇ 4

# പോയി വന്ന വസന്തം

*പ്രതീക്ഷയോടെ നടക്കുമ്പോൾ മനസ്സിൽ നിറയെ സങ്കല്പങ്ങളായിരുന്നു..! വർണശബളമായ സുന്ദരസ്വപ്നങ്ങൾ!! കുളിച്ച് കുറി വരച്ച്, വാർകൂന്തലും കോതിയൊതുക്കി, നുണക്കുഴി വിരിയുന്ന നിറഞ്ഞ പുഞ്ചിരിയുമായി തന്നെ എതിരേല്ക്കുന്ന പ്രണയിനി, തന്റെ മാത്രമായ കൂട്ടുകാരി...*

എല്ലാം ഇന്നലെ കഴിഞ്ഞതു പോലെ...

കാലചക്രം തിരിഞ്ഞപ്പോൾ കൊഴിഞ്ഞു വീണ വസന്തങ്ങൾ!!

അവയ്ക്കു മീതെ ചക്രത്തിന്റെ അടിയിൽ ഉരുണ്ടു അരഞ്ഞുപോയ വസന്തത്തിൽ പൂത്ത പുഷ്പങ്ങൾ!!! ഒരു തേങ്ങലോടെ നിലച്ച അതിന്റെ അവസാന സ്പന്ദനം...!!

മെരുങ്ങാത്ത കുതിരയെപ്പോലെ സകലതും പൊട്ടിച്ചെറിയാൻ വെമ്പുന്ന മനസ്സ് ... അതിന്റെ ഉള്ളിൽ എന്നെന്നേയ്ക്കുമായി തഴുതിട്ടു പൂട്ടിയ മോഹങ്ങൾ. ഇനിയൊരിക്കലും പുറം വെളിച്ചം കാണരുതെന്നാഗ്രഹിച്ചവ... പക്ഷേ.... ഈ നിമിഷം മുതൽ അതിന്റെ ചങ്ങലക്കണ്ണികൾ തകരുന്നതുപോലെ... വർഷങ്ങൾ കൊണ്ട് ബലപ്പെടുത്തിയ ശരീരവും മനസ്സും വീണ്ടും തളരുന്നോ..!! അതെ. . . തന്റെ ശക്തിക്ക് ക്ഷയം സംഭവിച്ചിരിക്കുന്നു.

ശൂന്യമായ മനസ്സും വികലമായ ചിന്തകളും കൊണ്ട് ഒററപ്പെട്ടുനിന്ന രവിശങ്കർ. എന്നും പരിഹാസത്തിന്റെ കൂരമ്പുകൾ ഏററിരുന്ന രവിശങ്കർ!! സദാനേരവും മൂകത... മൗനത്തെ താൻ സ്നേഹിച്ചു. ഒററപ്പെട്ട തുരുത്തിൽ ഏകാന്തമായി കഴിയുമ്പോൾ മൗനമായിരുന്നു കൂട്ടുകാരൻ. പഠനത്തിനുമപ്പുറം മററു 'ബിസിനസ്സു'കളുമായി നടക്കുന്ന സുഹൃത്തുക്കൾ... അവരുടെയൊക്കെ കണ്ണിൽ താനെന്നും ഒരു അന്ത... ജീവിയായിരുന്നു. ആർക്കും പിടികിട്ടാ... മനസ്സ് . . . ഒരു പക്ഷേ... തനിക്കുംപോലും...

എന്നിട്ടും തികച്ചും അപ്രതീക്ഷി... മായി കൈവന്ന ചങ്ങാത്തം; മൗനത്തെ... ഒരു സഖി...അതിനപ്പുറം മറെറാന്നായി... കരുതിയിരുന്നില്ല. പക്ഷേ, സാവധാ... വേർപെടുത്താനാവാത്ത ഒരു ബന്ധ... വളർന്നു വരികയായിരുന്നു. ഒരു... ചിന്താഗതിയുടെ അന്തരമില്ലായ്മ... പരസ്പരം അടുപ്പിച്ചത് .

ഏകാന്തമായ ക്ലാസ് മുറിയിൽ... ലൈബ്രറിയിൽ...വിജനമായ വീഥികളിൽ... അങ്ങനെ നീണ്ടുപോയി ആ ബന്ധം...

തന്നെ അടക്കി ഭരിച്ചിരു... നഷ്ടബോധത്തിന്റെ ബന്ധ... മായുന്നതുപോലെ... മറക്കാൻ കഴിയാ... സത്യങ്ങൾ!!

അവളെ സ്നേഹിച്ചുപോ... തനിക്ക് ചുററുപാടുകൾ 'തൃണ'... മായിരുന്നു. മനസ്സിൽ ആദ്യമായി വി... എന്തെന്നറിയിച്ച പെൺകുട്ടി...

അവളെ താൻ സ്നേഹിച്ചിരുന്നില്ലേ... ഉവ്വ് ...! തന്നെക്കാളധികമായി...മൗന... രണ്ടാത്മാക്കൾ...താമരനൂലുപോ... മൃദുലമായിരുന്ന സ്വപ്നങ്ങൾ....!!!

പക്ഷേ.. ആ പളുങ്കു കൊട്ടാരം... തകർന്നു വീണപ്പോൾ, സ്തബ്ധനാ... പ്പോയ തനിക്കു കരയാൻ കഴിഞ്ഞി... വെറുതെ കുട്ടിക്കുറയ്ക്കലുകൾ ന... പിറുപിറുത്തു!!! ചെഞ്ചായം പൂ... അസ്തമയസൂര്യനോട് പരിഭവം പറ... സമാധാനിച്ചു.

വേണ്ടായിരുന്നു....അന്ന് പോ... ണ്ടിയിരുന്നില്ല. തന്റെ ജീവിതത്തി... കറുത്ത ദിവസം...!

പ്രതീക്ഷയോടെ നടക്കുമ്പോൾ മനസ്സിൽ നിറയെ സങ്കല്പങ്ങളായിരു... വർണശബളമായ സുന്ദരസ്വപ്നങ്ങൾ... കുളിച്ച് കുറി വരച്ച് , വാർകൂന്ത... കോതിയൊതുക്കി, നുണക്കുഴി വിരിയു... നിറഞ്ഞ പുഞ്ചിരിയുമായി ത... എതിരേല്ക്കുന്ന പ്രണയിനി, ത... മാത്രമായ കൂട്ടുകാരി..

വഴിയുടെ ഓരം പററി നടക്കു... മ്പോൾ വെയിലേററ് വിയർപ്പിൽ കുളിച്ച... തൊന്നും അറിഞ്ഞില്ല—; മയക്കുമരുന്നിൽ ...മുങ്ങി കവിതകൾ രചിക്കുന്നവരുടേതു ...പോലുള്ള അനുഭൂതി...!!

ശബ്ദമുണ്ടാക്കാതെ മാർജാരപാദ... നായി വരാന്തയിൽ കയറുമ്പോൾ , മനസ്സിൽ ...കരുതി, തന്റെ വരവ് ഇവൾക്കൊരു ...സർപ്രൈസായിരിക്കും. അപ്രതീക്ഷിത... മായി തന്നെ കാണുമ്പോൾ അവൾക്കുണ്ടാ... കുന്ന വികാരം മനസ്സിൽ കണക്കുകൂട്ടി, വെറുതെ ചിരിച്ചു.

പക്ഷേ, തന്നെ എതിരേററ... മനുഷ്യനെ ആദ്യം കാണുകയായിരുന്നു. സുമുഖനായ ഒരു ചെറുപ്പക്കാരൻ. അയാളുടെ പുറകിൽ നിഴൽപോലെ തന്റെ 'അമ്മു'....പെട്ടെന്ന് ത്രസിച്ച ഹൃദയത്തെ അടക്കി നിർത്താൻ നന്നേ വിഷമിച്ചു.

'ആരാ, എന്തു വേണം?' ചെറുപ്പക്കാ...രന്റെ മയമില്ലാത്ത അന്വേഷണം. ...മറുപടിക്കു പകരം, ഒരു ഞെട്ടലോടെ ...നോക്കിയത് 'അമ്മു'വിനെയാണ് . അവി...ടെ തികച്ചും അപരിചിതഭാവം. അറിയാതെ ...ഹൃദയത്തിലൂടെ ഒരു കൊള്ളിയാൻ കടന്നുപോയി.

"ഞാൻ...ഞാൻ... രവിശങ്കർ, അമ്മുവിനെ കാണാൻ.... വാക്കുകൾ ...തൊണ്ടയിൽ തടഞ്ഞ് അസ്പഷ്ടമായി ...പ്പോയി..!"

"അല്ല, താങ്കളെ മനസ്സിലായില്ലല്ലോ?" അമർഷമൊതുക്കി ചോദിച്ചുപോയി.

"മി. രവിശങ്കർ, നിങ്ങൾക്കെന്താണു ...വേണ്ടത് ? പിന്നെ, ഇതെന്റെ 'ലവർ' ...വിശ്വം." അടുത്തു നിന്ന മനുഷ്യനെ ...ചൂണ്ടിപ്പറഞ്ഞ സ്വരത്തിന്റെ ഉടമ അമ്മുവായിരുന്നു എന്നത് വിശ്വസിക്കാൻ ...വളരെ സമയമെടുത്തു.

തളർന്നുപോയി..വീഴാതിരിക്കാനായി ...ത്തിമേൽ അള്ളിപ്പിടിച്ചു. തളർന്ന മനസ്സും ...ശരീരവും ആയി തിരിഞ്ഞു നടക്കുമ്പോൾ ...ഒരിക്കൽ പോലും തിരിഞ്ഞു നോക്കിയില്ല. അതെ...പിന്നീടൊരിക്കലും തിരിഞ്ഞു നോക്കിയിട്ടില്ല...!

ആ അധ്യായം അവിടെ അവസാനിച്ചതായി കരുതി.

വീണ്ടും പുതിയ അധ്യായം ഉണരുന്നു...

വീണ്ടും ഒരു സംഗമം...! പ്രതീക്ഷിച്ചിരുന്നില്ല. തളർന്ന മനസ്സോടെ കാവിക്കുള്ളിൽ അഭയം തേടിയപ്പോൾ മനസ്സിന് കുറെയൊക്കെ സ്വസ്ഥത കൈവന്നു.

നീണ്ട ഏഴു വർഷങ്ങൾ....!

അങ്ങനെ താൻ 'സ്വാമി രവിശങ്കറാ'യിത്തീർന്നു. കഷ്ടപ്പെടുന്നവർക്ക് ആശ്വാസത്തിന്റെ ഒരിത്തിരി നാളം പകർന്നു കൊടുക്കുമ്പോളുണ്ടാകുന്ന അനുഭൂതിയിൽ താൻ നിർവൃതി കൊണ്ടു.

പക്ഷേ...ഇന്നലെ സംഭവിച്ചത് ഹോ! വീണ്ടും താൻ തളരുന്നു. വർഷങ്ങൾ കൊണ്ട് പടുത്തുയർത്തിയ വിശുദ്ധിയുടെ കോട്ടകൾ തകർക്കപ്പെടുന്നോ....! ശരീരത്തിന് അസാധാരണമായ വിറയൽ ബാധിച്ചിരിക്കുന്നു.

അതേ മുഖം...അതേ സ്വരം...അതേ നുണക്കുഴികൾ!!

എല്ലാം അതേപോലെ. നീണ്ട വർഷങ്ങൾ വലിയ മാററങ്ങളൊന്നും അവളിൽ വരുത്തിയിട്ടില്ല. മാററങ്ങൾ തനിക്കാണ് . .. നീണ്ട താടി മീശകൾ തന്നെ തികച്ചും അപരിചിതനാക്കിത്തീർത്തിരിക്കുന്നു.

ആ ശബ്ദം..ഇപ്പോഴും ഹൃദയത്തിൽ പ്രതിധ്വനിക്കുന്നു...തീർത്തും തളർന്ന സ്വരം... "എന്നോടു ക്ഷമിക്കണം, ഞാൻ പ്രതീക്ഷിക്കുന്നു." ഹ്രസ്വമായ വാക്കുകൾ! അവൾ യാത്ര ചോദിച്ച് പടിയിറങ്ങുമ്പോഴും തന്റെ മനസ്സിൽ ആ വാക്കുകൾ മാത്രം മുഴങ്ങിക്കൊണ്ടിരുന്നു. അർഥം കാണാനെന്നതുപോലെയുള്ള മനസ്സിന്റെ പ്രയാണം...!

നഷ്ടപ്പെട്ടതെന്തോ വീണ്ടു കിട്ടിയതുപോലെ....!

കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ തകരുന്നു...!!

പൊട്ടിത്തകരുന്ന ചങ്ങലക്കണ്ണികളുടെ തിളക്കം....!!! ■

*വീണ്ടും ഒരു സംഗമം...! പ്രതീക്ഷിച്ചിരുന്നില്ല. തളർന്ന മനസ്സോടെ കാവിക്കുള്ളിൽ അഭയം തേടിയപ്പോൾ മനസ്സിന് കുറെയൊക്കെ സ്വസ്ഥത കൈവന്നു.*



ലേഖനം

തോമസ് ജോസഫ് മുളങ്ങാട്ടിൽ എച്ച് 4

# ഇന്ത്യയുടെ വിദ്യാഭ്യാസ നയം

നമ്മുടെ ആർഷഭാരതം ഇന്ന് അതിഗുരുതരമായ ഒരു പാതയിലൂടെയാണ് കടന്ന് പോകുന്നത്. അജ്ഞതയാണ് എല്ലാററിന്റെയും മുഖ്യകാരണം. ഇവിടുത്തെ വിദ്യാഭ്യാസത്തെപ്പററിപ്പറയുമ്പോൾ വളരെ പഴയ ഒരു നയത്തിലൂടെയാണ് ഇപ്പോഴും നീങ്ങുന്നത്. ഒരു ഏകീകരിച്ച വിദ്യാഭ്യാസ നയമില്ലാ എന്നതാണ് നമ്മുടെ വിദ്യാഭ്യാസ നയത്തിന്റെ ഏററവും വലിയ ന്യൂനത. ഓരോ സംസ്ഥാനത്തും വ്യത്യസ്ത രീതിയിലുള്ള വിദ്യാഭ്യാസ രീതിയാണ് നിലവിലുള്ളത്.

കേരളത്തിലെ തന്നെ വിദ്യാഭ്യാസ ശൈലി നോക്കുകയാണെങ്കിൽ സ്ഥിരമായ ഒന്നല്ല. ഓരോ രാഷ്ട്രീയ നേതാക്കന്മാരും ഭരത്തിൽ കയറുമ്പോൾ അവരുടേതായ ശൈലിയിൽ, വീക്ഷണത്തിൽ ഒരു പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നു. അടുത്ത പാർട്ടി ഭരണത്തിൽ കയറുമ്പോൾ ആ നയം എടുത്തുകളയുകയും അവരുടേതായ മറെറാന്ന് ഉടലെടുക്കുകയും ചെയ്യും. ഇത് വിദ്യാഭ്യാസത്തിന്റെ മൂല്യത്തെ ഒരു പരിധിവരെ ബാധിച്ചിരിക്കുന്നു. കേരളത്തിൽ പ്ലസ് ടു സമ്പ്രദായം നിലവിൽ വന്നു. എന്നാൽ കർണാടകം പോലുള്ള നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഇത് വളരെ വർഷങ്ങൾക്ക് മുമ്പ് പ്രാബല്യത്തിൽ വന്നതാണ്. കേരളത്തിൽ അത് വളരെത്താമസിച്ചാണ് ഉടലെടുത്തതെങ്കിലും ഒരു നല്ലകാര്യമായിരുന്നു. പക്ഷെ അതു നടപ്പിൽ വരുത്തിയ രീതി ഒട്ടും അനുയോജ്യമല്ല. എസ്.എസ്.എൽ.സിക്കും പി.ഡി.സിക്കും മററും റാങ്കുകൾ സാധാരണ വാങ്ങുന്നത് മാനേജ്മെന്റ് സ്കൂളുകളും കോളജുകളുമാണ്. എന്നാൽ പ്ലസ്ടൂ ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രം കൊടുത്തത് ഒട്ടും അനുയോജ്യമായില്ല: കാരണം നമ്മുടെ ഗവൺമെന്റ് സ്കൂളുകളിലെ വിജയ ശതമാനം നമുക്കറിയാവുന്നതാണല്ലോ? ഇത് 'പ്ലസ് ടു' അല്ല; ഒരു "മൈനസ് ടു" ആയി മാറും എന്നതാണ് സത്യം.

കേരളത്തിലെതന്നെ വിദ്യാഭ്യാസ ശൈലി നോക്കുകയാണെങ്കിൽ സ്ഥിരമായ ഒന്നല്ല. ഓരോ രാഷ്ട്രീയ നേതാക്കന്മാരും ഭരത്തിൽ കയറുമ്പോൾ അവരുടേതായ ശൈലിയിൽ, വീക്ഷണത്തിൽ ഒരു പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നു. അടുത്ത പാർട്ടി ഭരണത്തിൽ കയറുമ്പോൾ ആ നയം എടുത്തുകളയുകയും അവരുടേതായ മററൊന്ന് ഉടലെടുക്കുകയും ചെയ്യും

പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം
നിലവിലുണ്ടെങ്കിലും അത് എത്ര...
പ്രായോഗികമായി നടപ്പിൽ വരുത്തുന്നു...
എന്നത് ചിന്തനീയമായ ഒന്നാണ്. ...
കേരളത്തെ സംബന്ധിച്ചിടത്തോളം ...
കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ സാക്ഷ...
പ്രവർത്തനങ്ങൾ വിദ്യാഭ്യാസനില ...
പ്പെടുത്തിയിട്ടുണ്ട് എന്നത് ശ്ലാഘനീയ...
കാര്യമാണ്. എന്നാൽ വടക്കെ ഇ...
സംസ്ഥാനങ്ങളിലെ ജനങ്ങളുടെ സ്ഥി...
നോക്കുകയാണെങ്കിൽ ഭൂരിഭാഗം ജന...
നിരക്ഷരരാണ്. കേവലം കൃഷിയി...
നിന്നും ലഭിക്കുന്ന നിസ്സാര വരുമാന...
ജീവിക്കുന്ന അവരുടെ ജീവ...
മൃഗതുല്യമാണ് എന്നത് നമു...
വേദനാജനകവും ലജ്ജാകരവുമാ...
ഒരു പററം മേധാവികൾക്ക് അടിമ...
ജീവിക്കുന്ന അവരുടെ വിദ്യാഭ്യാസ...
വേണ്ടി സർക്കാർ മുൻകൈയെടുക്കാ...
നിർഭാഗ്യകരമാണ്. ഇതിനുവേണ്ടി ...
മുൻകൈ എടുക്കുന്നില്ല എന്നതാണ് സ...

ഇന്നത്തെ ഈ അവസ്ഥ ...
നോക്കുമ്പോൾ ഒരു ഏകീക...
വിദ്യാഭ്യാസ നയമാണ് നമുക്കാവ...
എല്ലാ സംസ്ഥാനങ്ങളെയും ഉൾക്കൊ...
കൊണ്ടുള്ള ഒരു രീതിയിലേ...
തിരിയുകയും വ്യക്തിതാല്പര്യ...
വളർത്താതെ ജനങ്ങളുടെ ഉന്നമന...
ലക്ഷ്യമാക്കിയുള്ള ഒരു പ്രവർത്തന ...
രൂപീകരിക്കുകയും വേണം. ആരു ഭരി...
ആരു നയിക്കട്ടെ അതിനല്ല ഇവ...
പ്രസക്തി നമ്മുടെ വിദ്യാഭ്യാസ നില...
പുരോഗമിക്കുന്നുണ്ടോ എന്നതാ...
നമുക്കറിയേണ്ടത്.



കവിത

അനന്തകൃഷ്ണൻ പി. കെ.

## ഭ്രാന്തൻ

തോളിലൊരു കീറിയ മാറാപ്പും തൂക്കി
ചേലകൾ ദേഹത്തു വാരിപ്പുതച്ച്
കൈയിലൊരു പൊട്ടയാമുടുക്കുമേന്തി
കൈയാട്ടിയാംഗ്യം കാണിച്ചുകൊണ്ട്
വീഥിയിൽ കൂടിയീ ഭ്രാന്തൻ വരുന്നേ.
പാറിപ്പറന്ന മുടിയും മുഖത്ത്
പാടുന്ന ചുണ്ടുകൾ പാതി കടിച്ച്
കാലത്തിൻ വ്യഥകൾ തല്ലും മുഖത്ത്
കാടുകൾ പോലവെ ദീക്ഷ വളർത്തി.
പല്ലുകൾ കാട്ടി ചിരിക്കും ചിലപ്പോൾ
പല്ലു കടിച്ചങ്ങലറും ചിലപ്പോൾ
കണ്ണുനീർ വാർത്തു കരയും ചിലപ്പോൾ.
എല്ലാവരാലും അറിയുന്നു ഭ്രാന്തൻ
എല്ലാവരേയും സ്നേഹിക്കുന്ന ഭ്രാന്തൻ
കരുണയെക്കൊണ്ടു പശിയുമടക്കി
കപടമീ ഭൂമിയിലൊററയ്ക്കു ഭ്രാന്തൻ.

ലോകമാകുന്ന കിടപ്പറ തന്നിൽ
ഭൂമിയാകുന്ന കിടക്ക വിരിച്ച്
രാത്രിയാകും കരിമ്പടം മൂടിയീ
വെണ്ണിലാവാകും വെളിച്ചവുമേററ്.
ഇല്ല ബന്ധുക്കളായാരുമയാൾക്ക്
സ്വന്തമാകുന്ന കാണുന്നോരെല്ലാം
ഇല്ല ഗൃഹങ്ങളയാൾക്കായ് തുറക്കാൻ
ഇല്ല കിടാങ്ങളായാരുമയാൾക്ക്
ഉല്ലാസമോടെ തിമിർത്തു കളിക്കാൻ.
കാണും കിടാങ്ങളെ മാറോടണയ്ക്കാൻ
പാണികൾ വീശിയടുത്തു ചെല്ലുമ്പോൾ
പേടിച്ചു പായുന്നു പിഞ്ചു കിടാങ്ങൾ
'പേയാണപകട'മെന്നു മാതാക്കൾ.
കത്തുന്ന താപത്തിൽ വേർപ്പണിയാതെ
കാലുകളെന്തിത്തടഞ്ഞു വീഴാതെ
കാലത്തിൻ ഭ്രാന്തമാം ജീവിതയാത്ര
കോലമില്ലാതെ മുമ്പെ ഗമിക്കുന്നു.
ഗായകനാകുമീയേകാന്തതയിൽ
ജീവിതഗാഥകളോർത്തു ചിരിക്കും
കാണുന്ന കാഴ്ചകൾ കണ്ണിമയ്ക്കാതെയും
കഥയറിയാതെയും നോക്കിച്ചിരിക്കും
തോളിൽ നിറഞ്ഞ പഴന്തുണിക്കെട്ടും
കോളുപോൽ കിട്ടും പഴന്തൊലിത്തുണ്ടും
ചാരത്തു വച്ചു കിടക്കുകയാണീ
മാനത്തു ചിമ്മും വിളക്കുകൾ നോക്കി.
ലോകർ തൻ മാനസ പാത കടന്ന്
പോവുകയാണിവൻ ഭൂമി കടന്ന്.



ഗദ്യകവിത

ജോൺസൺ റ്റി. ജെ H1

## വേർപാട്

വീണ്ടും ഒരധ്യയന വർഷം!
സ്മരണതൻ ഓണ്ഡവുമേറി നീ കടന്നുപോകുന്നു
വിട പറയുന്ന നൂറുകണക്കിന് സഹോദരങ്ങൾ
അവരുടെ നെടുവീർപ്പുകൾ
ഈ കലാലയഭിത്തികൾക്കുള്ളിൽ
പ്രതിധ്വനികളായ് ഉയരുന്നു.
ഇവിടെ അവശേഷിക്കുന്ന കൂട്ടുകാർ
മുഷ്ടികളുയർത്തി മുദ്രാവാക്യം മുഴക്കുമ്പോൾ
മുറിവേററ ഹൃദയങ്ങൾ
അവകാശത്തിൻെറ
അനുഭാവത്തിൻെറ
പിന്നെ ആഗ്രഹത്തിൻെറ തീയുണ്ടകൾ വർഷിക്കുമ്പോൾ
അവരും ഇവിടെ ബലിമൃഗങ്ങളാണെന്ന സത്യം
അവരുടെ ഹൃദയസ്പന്ദനങ്ങൾ വിളിച്ചു പറയുന്നു
വീണ്ടും ഒരധ്യയന വർഷം കടന്നുവരുന്നു
നീ വരുമ്പോൾ
ആട്ടിയോടിക്കപ്പെടുന്നവരുടെ തേങ്ങലുകൾ
ഈറനണിഞ്ഞ കണ്ണുകൾ
ദീനത നിറഞ്ഞ മുഖങ്ങൾ
കാലഘട്ടത്തിൻ ചക്രവാളത്തിൽ മറയുന്നു.



കവിത

അനിൽ കുമാർ കെ. ജി. II Chem

## മനസ്സേ, നിനക്കൊരുറക്കു പാട്ട്

ഉറങ്ങുക, മനസ്സേ ഇനിയുമുണരാതൊ—
രുന്മാദലഹരിയിലമർന്നുറങ്ങുക നീ വീണ്ടും
കൊളുത്തും പ്രതീക്ഷകളികലെ, ദൂരെ,
എത്തിപ്പിടിക്കുവാനാവാത്ത തീരത്തിനക്കരെ
ഉരുകുമീ മനതാരു, മുറവ വററാത്ത
ദുഃഖങ്ങളും കൂടെ വേണ്ട
പ്രഭാതങ്ങളും പ്രദോഷങ്ങളും ഹൃത്തിൽ
കൊരുത്ത മോഹത്തിൻ നാമ്പുകൾതന്നെയും നിൻ
മുലക്കച്ചകെട്ടി മുറുക്കിയ മുലകളെ
തഴുകുവാനാഞ്ഞ സ്വപ്നങ്ങളും വിടുക തനിയെ
ഈ ആത്മനൊമ്പരങ്ങളെ, മേയുക
നിങ്ങളീ വാതിൽപ്പുറങ്ങൾക്കുമപ്പുറെ

ശീലുകളില്ലാതുറക്കുപാട്ടിൻെറ ഈണങ്ങ—
ളില്ലാത്തൊരാരാരോലവും കേട്ടു, വീണ്ടുമൊ—
രുണർത്തുപാട്ടു കേൾക്കാതെ കാതടച്ചുറങ്ങു
ഉണരാതൊരിക്കലുമുണരാതെ.
വരിക, ഗന്ധർവാ, മടിയിലുറങ്ങുന്ന,
മധുരപ്രതീക്ഷയെ തേരിലേററീടുക, തളരും
മനസ്സിനെ തേരിലേററീടുക, കനലിൽ
കരിയും കിനാക്കളെ തേരിലേററീടുക
തേരേ മടങ്ങുക മറുവഴിയിലൂടൊരിക്കലും
പിന്നിലേക്കായാത്ത ചക്രവും പേറി നീ
മുക്തി നേടാത്തൊരീ മോഹങ്ങൾ, നിങ്ങൾ
മറവിയിലാണ്ടു പുതഞ്ഞു കിടക്കുക.



കവിത

വിജേഷ് മോൻ എം. എൻ. കെ. 1

## യൗവനം

ആഴിതൻ ആഴം അറിയാത്ത മൗനത്തിൽനിന്നും
ഒരു നീർത്തുള്ളിയായ് , ഒരു മണൽത്തരിയായ്
നിത്യപുഷ്പത്തിൻെറ മാധുര്യത്തോടെയെൻ
ജീവിതയാത്രയിൽ വന്നൊരീ യൗവനം
മൗനനൊമ്പരത്തിൻെറ വൽമീകത്തിൽനിന്നു—
മെൻ മനസ്സിൻെറ മോചനത്തിനായ് കൊതിക്കുമെൻ യൗവനം.
മഞ്ഞിൻകണത്തിൻെറ നൈർമല്യമുള്ളയീ യൗവനം
മോഹങ്ങൾ ശൂന്യമാം ചാപല്യമെങ്കിലും
മോഹങ്ങൾ കൂടുകെട്ടിയൊരെൻ യൗവനം
കൊഞ്ചിക്കുലുങ്ങി കുണുങ്ങി ഞാൻ
എൻ യൗവനച്ചിറകിൽ പാറിനടന്നു
എത്ര സ്വപ്നങ്ങളായ് എത്ര ദുഃഖങ്ങളായ്
സങ്കീർണമായൊരെൻ ജീവിതയാത്രയിൽ
ഇരുളിഴഞ്ഞെത്തുന്ന ചക്രവാളത്തിലെ
എരിഞ്ഞു തീരാറായൊരർക്കനെപ്പോലവേ
നഷ്ടമാകുന്നൊരെൻ യൗവനം
കാലമിനിയും വരും കാട്ടാറൊഴുകും
ഓമരാ തളിരിനും പൂ വരും കായ് വരും
ഇനിയൊരിക്കലും വരില്ലെൻ യൗവനം
പൂക്കൾ വിടരാത്ത വസന്തം പോലുള്ളയീ
വാർധക്യത്തിനു വഴിമാറിയെൻ യൗവനം.



കവിത

അമ്പിളി കൃഷ്ണൻ എച്ച് 1

## മോഹം

നിർമലമാം ഈ നീലാകാശത്തിൽ
പറന്നുയരാൻ എനിക്കു മോഹം
പൂഞ്ചിറകുള്ള നീലക്കിളിയായ്
ഈ വിണ്ണിൽ ഉയരുവാൻ മോഹം.
ദൂരെ മിന്നുന്ന നീലതാരങ്ങളിൽ
ഒളിച്ചു കളിക്കുവാൻ മോഹം
പൂ പോൽ മൃദുലമാം നഭസ്സിൻെറ മാറിൽ
തല ചായ്ച്ചുറങ്ങുവാൻ മോഹം.
മഴവിൽ തോണിയിൽ ഏകയായ്
നഭസ്സാമാഴിയിൽ തുഴയുവാൻ മോഹം
അംബരമാളികയിലെ പൂങ്കാവനത്തിൽ
നൃത്തം ചെയ്തിടാൻ മോഹം.
ഹാ! നഭസ്സേ തവസുന്ദര ദർശനം
എൻ ഹൃത്തിൽ ശ്രുതി മീട്ടുന്നു
നിൻ ശില്പിയാം ആ മഹാനുഭാവനെ
ആനന്ദനിർവൃതിയോടെ നമിച്ചിടട്ടെ ഞാൻ.



കഥ

സുൽത്താൻ(സി.എസ്. ഇബ്രാഹിം) H4

NEW MAN Voice '91

# ശവംതീനികൾ

**ഉദ്യോഗസ്ഥർ, വിദ്യാർഥികൾ അങ്ങനെ ഒട്ടേറെപ്പേരുടെ ഒരു മഹാസാഗരം. ഒരു രാജ്യത്തിന്റെ 'പുരോഗതി' വിളിച്ചു പറയുന്ന ദൈന്യതയും ദാരിദ്ര്യവും പ്രതിഫലിപ്പിക്കുന്ന മുഖങ്ങളാണേറെയും.**

തണുപ്പിന്റെ വിളയാട്ടകാലമായ ഡിസംബറിന്റെ മധ്യനാളുകൾ. സായാഹ്നങ്ങൾ മഞ്ഞുപൊഴിച്ചിലിൽ മൂടപ്പെടുന്ന കാലം. ശരീരത്തെ മരവിപ്പിക്കുന്ന, വീശിയടിക്കുന്ന ചുളുചുളുപ്പൻ കാററ്. തണുപ്പിനെ തടഞ്ഞു നിർത്താൻ ശ്രമിച്ച കമ്പിളി സ്വെററും ഓവർകോട്ടും പരാജയം സമ്മതിച്ച് പിൻവാങ്ങിത്തുടങ്ങിയിരുന്നു.

സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ജനങ്ങൾ സന്ധിക്കുന്ന പ്ലാററ് ഫോം ജനനിബിഡമായിരുന്നു. ശബ്ദകോലാഹലങ്ങളാൽ മുഖരിതം. ഗ്രാമങ്ങളും നഗരങ്ങളും ഇവിടെ സന്ധിക്കുന്നു. ഉദ്യോഗസ്ഥർ, വിദ്യാർഥികൾ അങ്ങനെ ഒട്ടേറെപ്പേരുടെ ഒരു മഹാസാഗരം. ഒരു രാജ്യത്തിന്റെ 'പുരോഗതി' വിളിച്ചു പറയുന്ന ദൈന്യതയും ദാരിദ്ര്യവും പ്രതിഫലിപ്പിക്കുന്ന മുഖങ്ങളാണേറെയും.

കൊണാട്ട് പ്ലേസിൽ നിന്നുമെത്തുന്ന സുഹൃത്തിനെ സ്വീകരിക്കാനാണ് ആ കൂട്ടത്തിൽ ചെന്നുപെട്ടത്. വൈകിമാത്രമെത്തുന്ന 'ജയന്തിജനത' ഒന്നര മണിക്കൂർ വൈകും എന്ന അറിയിപ്പു കേട്ടപ്പോൾ തോന്നാത്ത ദുഃഖം— ഈ ദുർഗന്ധത്തിലിനിയും ഒന്നരമണിക്കൂർ കാത്തിരിപ്പ് എന്ന ചിന്തയിൽ—തോന്നിപ്പോയി.

മരവിച്ച ശരീരത്തിനല്പം ചൂടു പകരാൻ മൊത്തിയ 'ചായ' എന്ന പ്രത്യേക കളറുള്ള വെള്ളത്തിന് ഒരല്പം മധുരമെങ്കിലുമുണ്ടായിരുന്നെങ്കിലെന്നറിയാതെ ആശിച്ചുപോയി. കണ്ണും കാതും അലക്ഷ്യമായലഞ്ഞു. അലീഗർ റെയിൽവേ സ്റേറഷനിലെ ചിരപരിചിതമായ കളകളനാദം പെട്ടെന്ന് കേട്ടു. 'ദില്ലി സേ ഹൗറാ ജാനേവാലി രാജധാനി എക്സ്പ്രസ് തോഡീ ദേർ സേ ഇസ് സ്റേറഷൻ സേ ഗുസർ രഹീ ഹെ' ദില്ലിയിൽ നിന്നും ഹൗറയിലേക്കു പോകുന്ന രാജധാനി എക്സ്പ്രസ് അല്പസമയത്തിനുള്ളിൽ ഈ സ്റേറഷനിൽകൂടി കടന്നുപോകുന്നു.

പെട്ടെന്ന് എല്ലാവരും പ്ലാററ് ഫോ[...]രികിൽ നിന്നും മാറിനിന്നു. ഇന്ത്യയി[...] ഏററവും വേഗത കൂടിയ തീവണ്ടിയാ[...] ഏതാനും നിമിഷങ്ങൾക്കകം ഈ പ്ലാറ[...] ഫോമിനെ തൊട്ടുരുമ്മി കടന്നുപോ[...]ന്നത്. മനുഷ്യന്റെ ലക്ഷ്യംപോലെ, ചി[...] പോലെ, അതൊരു കാററായി കട[...] പോകുമോ എന്ന സംശയമാണേവർക്[...]

നിമിഷങ്ങൾക്കകം ചൂളം വിളിയുടെ [...]ടർച്ചയാലെന്നവണ്ണം ആർത്തനാദത്തോ[...] 'രാജധാനി' രാജപാത തേടി മിന്നിമറ[...] പ്ലാററ് ഫോമും അതിലെ മനുഷ്യരും അ[...]റിയാതെ കുലുങ്ങി. പെട്ടെന്നാണ് വ[...]യുടെ ഇരമ്പൽ ശബ്ദത്തെ വെല്ലുമാറ് [...] കൂട്ടനിലവിളി ഉയർന്നത്. പ്ലാററ് ഫോ[...]ന്റെ തെക്കുഭാഗത്തുനിന്ന്, നിസ്സഹാ[...]യുടെ, മരണവേദനയുടെ, നിലവിളി[...]യിരുന്നത്. കടലാസ് കഷണങ്ങൾപോ[...] എന്തോ ചില വസ്തുക്കൾ റെയിൽപാള[...]ലേക്ക് പാറിവീഴുന്നത് ഒരു ദൂരക്കാഴ്ച[...]ന്നവണ്ണം ദൃശ്യമായി.

വണ്ടിയുടെ അവസാനത്തെ ചക്ര[...] പ്ലാററ് ഫോമിൽനിന്നകന്നപ്പോൾ എല്ല[...]രും ശബ്ദം കേട്ട ദിശയിലേക്കോടി. ഞാ[...]തിക്കിത്തിരക്കി ആൾക്കൂട്ടത്തിൽ നുഴ[...] കയറി.

അവിടെ കണ്ട കാഴ്ചയ്ക്ക് 'ഭീക[...]' എന്ന ഒരു വാക്കിൽ വിവരണം നൽകിയാ[...]മതിയാവില്ലായിരുന്നു. മനുഷ്യശരീര[...]ന്റെ ഭാഗങ്ങളാണോ എന്നു തോന്നു[...] ഉടലിൽനിന്നും വേർപെട്ട തലകളും [...] കാലുകളും കുടൽമാലകളും അവി[...] ചിന്നിച്ചിതറി കിടന്നിരുന്നു. വണ്ടിച്ചക്ര[...]ക്കടിയിൽപ്പെട്ട പഴന്തുണിക്കെട്ടുപോ[...] കുറെ മനുഷ്യശരീരങ്ങൾ. അത്രയും ബീ[...]സമായ രംഗം കണ്ടിട്ടും ഇതൊരു സാ[...]രണകാഴ്ചയെന്നപോലെ, നിർവികാ[...]തളം കെട്ടിനിൽക്കുന്ന, ഭൂരിപക്ഷമുഖ[...]

കണ്ട്, ബീഭത്സതയുടെ പേടിയെക്കാളും ദുഃഖത്തെക്കാളുമേറെ, എനിക്കമ്പരപ്പാണുണ്ടായത്. ആ മരിച്ചവർക്കുവേണ്ടി ഒരിററു കണ്ണീർ വാർക്കാനൊരാൾപോലുമില്ലെന്ന യാഥാർഥ്യം എന്റെ അമ്പരപ്പു വർധിപ്പിച്ചു. മററു കാണികളെപ്പോലെതന്നെ റെയിൽവേ സെക്യൂരിററി ഗാർഡുകളും ആ കബന്ധങ്ങളിലേക്കു നോക്കി അകന്നുനിന്നിരുന്നു.

ഇവരുടെ ഹൃദയമെന്താ കല്ലുകൊണ്ടാണോ നിർമിച്ചിരിക്കുന്നത്? അതോ, ഇന്നാട്ടിലനവസ്യൂതം ചുററിത്തിരിയുന്ന വർഗീയലഹളയെന്ന ഭീകരന്റെ, ചവച്ചുതുപ്പിയ ഉച്ഛിഷ്ടങ്ങളായ ശവക്കൂമ്പാരങ്ങൾ കണ്ട് ഇവരുടെ പഞ്ചേന്ദ്രിയങ്ങൾ ഒപ്പം മരവിച്ചു പോയോ? മനുഷ്യജീവനും ശരീരത്തിനും ഇന്നാട്ടിലിത്രയ്ക്കേ വില കല്പിക്കുന്നുള്ളു? കീറിപ്പറിഞ്ഞ, മുഷിഞ്ഞ, വില കുറഞ്ഞ, പഴകിയ, ജഡങ്ങളിലൊട്ടിപ്പിടിച്ചു കിടക്കുന്ന വസ്ത്രങ്ങളാവാം ഒരു പക്ഷെ, ഈ ശരീരഭാഗങ്ങളുടെയും ഒപ്പം അവയിൽനിന്ന് പറന്നകന്ന ജീവന്റെയും വില കല്പിക്കുന്നത് ...ഞാൻ സ്വയം ചിന്തിച്ചുപോയി.

അങ്ങനെ, യഥാർഥനിർവികാരതയുടെ—നിസംഗതയുടെ—ഏതാനും നിമിഷങ്ങൾ..പ്ലാററുഫോമിനരികിൽ നിന്നും ഒരു ചെറുപ്പക്കാരൻ പാളത്തിലേക്കിറങ്ങുന്നതു കണ്ട ഞാൻ സമാധാനിച്ചു. ജീവനററ ആ ശരീരങ്ങളെ ബഹുമാനിക്കാൻ ഒരു മനുഷ്യസ്നേഹിയെങ്കിലും ഈ മഹാരാജ്യത്തുണ്ടായല്ലോ. കാരുണ്യംനിറഞ്ഞ ആ ഹൃദയത്തെ ഞാൻ ഉള്ളിൽ അഭിനന്ദിച്ചു. ശവങ്ങളുടെ അടുത്തുചെന്ന് അയാൾ ഓരോന്നിലേക്കും സൂക്ഷിച്ചുനോക്കി. എണ്ണമെടുക്കുകയാവാം, അല്ലെങ്കിൽ അവയ്ക്കു സംഭവിച്ച ദുർഗതിയോർത്ത് വിധിയെ പഴിക്കുകയാവാം. എന്നാൽ പെട്ടെന്ന് അയാളുടെ കൈകൾ കീറിപ്പറിഞ്ഞ വസ്ത്രങ്ങളിലൂടെയും ചിതറിക്കിടക്കുന്ന ഭാണ്ഡങ്ങളിലൂടെയും ചലിക്കുന്നതു കണ്ട ഞാൻ അന്ധാളിച്ചുപോയി. അയാളതാ എന്തൊക്കെയോ തപ്പിയെടുക്കുന്നു. നാണയത്തുട്ടുകൾ പെറുക്കിയെടുത്ത് സ്വന്തം കയ്യിലുള്ള തുണിസഞ്ചിയിൽ നിറയ്ക്കുന്നു. 'അതും ഒരു കാഴ്ചയല്ല', എന്നതുപോലെ എല്ലാവരും നിൽക്കുമ്പോൾ അയാൾ തന്റെ ദൗത്യം പൂർത്തിയാക്കി വന്ന വഴിയെ തിരിച്ചു നടന്നു. ആത്മസംതൃപ്തി കിട്ടിയ ഒരു ശവംതീനിയുടെ സന്തോഷം ആ മുഖത്ത് തെളിഞ്ഞുകാണാമായിരുന്നു. സ്വാർഥതേ, നിന്റെ പേരോ മർത്യൻ...?

കർമധീരനായ ഒരു പോലീസുകാരനാണ് ആ ശവങ്ങളുടെ അടുത്തേക്ക് പിന്നീട് വന്നത്. പരിശോധനയ്ക്കുശേഷം അങ്ങനെയൊരു സംഭവം അവിടെ നടന്നതിന്റെ ലക്ഷണം പോലും മുഖത്തില്ലാതെ ആ പോലീസുകാരൻ സുഹൃത്തിന്റെ അടുത്തേക്കു പോയി. എന്താണ് അയാൾ പറയുന്നതെന്നു കേൾക്കാൻ ഞാൻ കാതു കൂർപ്പിച്ചു. "ഒരു പ്രശ്നവുമില്ല. അതെല്ലാം അധിനിവേശപ്രദേശത്തെ ഭിക്ഷക്കാരാണ്."

ഞാൻ ഞെട്ടിപ്പോയി. മനുഷ്യജീവന്റെ വില! ഞാൻ കാത്തുനിന്ന വണ്ടി സ്റേറഷനിൽ ആ ശവശരീരങ്ങൾക്കു മുകളിൽ വന്നു നിന്നപ്പോഴേക്കും എന്റെ ഹൃദയവും കല്ലായി മാറിയിരുന്നു. ഇനി ഞാനൊരു ശവംതീനികൂടിയായാൽ എന്റെ ജന്മം സാഫല്യമടഞ്ഞു. ഞാനും 'ഒരു മൂന്നാംലോക'ക്കാരനായി. അതാ, വണ്ടിയിളകിത്തുടങ്ങിയല്ലോ. ഈ വണ്ടി കടന്നുപോകുമ്പോൾ ഒരു പക്ഷെ, എന്റെ സുഹൃത്ത് ഈ വണ്ടിയിൽ വന്നില്ല എന്ന കാരണത്താൽ ഞാനിവിടെ കാത്തുനിൽക്കുമായിരിക്കും. അതോ തിരികെപ്പോകുമോ? ആർക്കറിയാം...ഏതായാലും ഞാനൊരു ഇന്ത്യൻ പൗരനാണ് ... യഥാർഥ നിസ്സംഗൻ!

■

**കർമധീരനായ ഒരു പോലീസുകാരനാണ് ആ ശവങ്ങളുടെ അടുത്തേക്ക് പിന്നീട് വന്നത്. പരിശോധനയ്ക്കുശേഷം അങ്ങനെയൊരു സംഭവം അവിടെ നടന്നതിന്റെ ലക്ഷണം പോലും മുഖത്തില്ലാതെ ആ പോലീസുകാരൻ സുഹൃത്തിന്റെ അടുത്തേക്കു പോയി.**

You become like what you love!

*Visit*

**Polakulath's Archana Jewellery**

**Jewel Junction, M. G. Road, Ernakulam, Kochi - 11**

**The Thodupuzha Taluk General Marketing Co-operative Society Ltd. No. 1. 174**

**Thodupuzha - Kerala**

Phone 2591

*Dealings* :- Marketing of Agricultural Products
Distribution of all kinds of Fertilizers

K. C. Mathew
*President*

T. M. Jose
*Secretary*

# LITTLE FLOWER COLLEGE

**Palai Road, Thodupuzha**

Phone 2983

*Courses* :

**S. S. L.C., P. D. C.,**
**B.A., B.Com.,**
**P.D.C. English**

*Hostel facility available*

*Vice Principal*
**Sr. Hilaria**

*Principal*
**Sr. Pelagia**

22 കാരററ് സ്വർണാഭരണങ്ങൾക്ക്

# പുൽപ്പറമ്പിൽ ജൂവലറി

മാർക്കററ് റോഡ്, തൊടുപുഴ

**The Velliamattom Service Co-operative Bank Ltd. No. 3958**
Pannimattom P.O. (Ist Grade Bank)
H.O. Pannimattom
Phone Edm. 44
*Branches*
Velliamattom-Phone : EDM. 38
Elamdesom-Phone: EDM. 47
*We Offer*

| | |
|---|---|
| Service | Security |
| Members | 6629 |
| Shares | 14 lakhs |
| Deposits | 132 lakhs |
| Loans | 156 lakhs |
| Working Capital | 198 lakhs |

Higher Rate of interest on Deposits
Safe Deposit Locker Facilities

K.J. Antony
*(President)*

V.J. Pail
*(Secretary)*

ആലക്കോട് സർവീസ് സഹകരണ ബാങ്ക് ലിമിററഡ് നമ്പർ 1588
(സംസ്ഥാനത്തെ ഉന്നത സ്പെഷ്യൽ ഗ്രേഡ് സഹകരണ സ്ഥാപനം)

ആകർഷണീയ നിരക്കിൽ വിവിധതരം നിക്ഷേപങ്ങാം സ്വീകരിക്കുന്നു.

*With best Compliments from*
**Winners College & Winners English School**
Karimannoor & Udumbannoor
Phone 91

യാത്രാവിവരണം



ജോളി ജോർജ് ഇ 4

# എൻെറ നാഗാലാണ്ട് യാത്ര

നാഗാലാണ്ടിലെ ജനങ്ങളും അവരുടെ ജീവിതരീതികളും മററു സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതരീതിയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. കൊച്ചിൻ—ഗൗഹട്ടി ട്രെയിനിലാണ് ഞാൻ നാഗാലാണ്ട് യാത്ര ചെയ്തത്. തൊടുപുഴയിൽനിന്നും ടിക്കററെടുത്ത് എറണാകുളത്ത് നിന്നുമാണ് യാത്ര ആരംഭിച്ചത്. പിറേറദിവസം ട്രെയിൻ തമിഴ്നാട്ടിലൂടെ കടന്നുപോയി. ആന്ധ്ര സംസ്ഥാനത്തുകൂടിയുള്ള യാത്ര തികച്ചും ബുദ്ധിമുട്ടിക്കുന്നതായിരുന്നു. പ്രകൃതി സൗന്ദര്യം ഒട്ടും തന്നെയില്ലാത്ത സംസ്ഥാനമാണ് ആന്ധ്രയെന്ന് യാത്രയിൽ തോന്നിപ്പോയി. വെറും നിരപ്പായ സ്ഥലങ്ങൾ. കൃഷി ചെയ്യുവാൻ പോലും പററാത്ത സ്ഥലങ്ങൾപോലെ തോന്നി. വിശാഖപട്ടണത്ത് ട്രെയിൻ എത്തിയപ്പോൾ ധാരാളം കുട്ടികൾ ട്രെയിനിൻെറ ഉള്ളിൽ കയറി. ചിലർ ട്രെയിനിൻെറ അകം അടിച്ചുവാരിയ ശേഷം പണം പിരിക്കുന്നു. ചിലർ ചെരിപ്പുകൾ നന്നാക്കുന്നു. ആന്ധ്രക്കാരനായ ഒരു സഹയാത്രികനിൽ നിന്ന് ആ സംസ്ഥാനത്തെപ്പററി അറിയുവാൻ സാധിച്ചു. അടുത്തതായി ട്രെയിൻ ഒറീസ്സാ സംസ്ഥാനത്തിലൂടെ കടന്നുപോയി. കട്ടക്ക് സ്റേറഷനിൽ ട്രെയിൻ നിന്നപ്പോൾ സുഭാഷ് ചന്ദ്രബോസിൻെറ ഓർമ്മകൾ എൻെറ മനസ്സിൽ ഓടിയെത്തി.

കേരളത്തെപ്പോലെ എന്തുകൊണ്ടും മുമ്പിൽ നിൽക്കുന്ന സംസ്ഥാനത്തിലൂടെയാണ് അന്ന് യാത്ര ചെയ്തത് — പ.ബംഗാൾ. സാക്ഷാൽ ജോതി ബാസ്സുവിൻെറ നാട്. മാഹാന്മാരായ പലരേയും ഭാരതത്തിന് നല്കിയ നാട് —രാജാറാം മോഹൻറോയ്, ശ്രീരാമകൃഷ്ണ പരമഹംസൻ, സ്വാമിവിവേകാനന്ദൻ, ടാഗോർ. ഉച്ചയ്ക്കുശേഷം ട്രെയിൻ കൽക്കട്ടാ സ്റേറഷനിലെത്തി. ഹൗറാ പാലം ട്രെയിനിലിരുന്നു മാത്രം കാണുവാൻ സാധിച്ചതിൽ സങ്കടം തോന്നി. പിന്നെയും ട്രെയിൻ ലക്ഷ്യത്തിലേക്ക് പാഞ്ഞുകൊണ്ടിരുന്നു. ഇപ്രാവശ്യം ആസ്സാം സംസ്ഥാനത്തിലൂടെയായിരുന്നു അതിൻെറ യാത്ര. എത്ര സുന്ദരമായ പ്രകൃതിയാണ് ആസ്സാമിൻെറത്. എല്ലായിടത്തും പച്ച വിരിച്ച തേയിലത്തോട്ടം. ഞാൻ പുറത്തേയ്ക്ക് നോക്കി ആ കാഴ്ച ആവോളം ആസ്വദിച്ചു. സന്ധ്യയോടുകൂടി ട്രെയിൻ ബ്രഹ്മപുത്ര നദിയുടെ മുകളിലൂടെ കടന്നുപോയി. രണ്ടുനിലയുള്ള പാലമാണ് ബ്രഹ്മപുത്ര നദിയുടെ മുകളിലുള്ളത്. മുകളിലത്തെ നിലയിലൂടെ ബസ്സ് തുടങ്ങിയ വാഹനങ്ങളും താഴത്തെ നിലയിലൂടെ ട്രെയിനും കടന്നുപോകുന്നു. ട്രെയിൻ പാലത്തിലൂടെ കടന്നുപോകുവാൻ ഏഴു മിനിററ് എടുത്തു. ആലോചിക്കുക, എത്ര വലിയ നദിയെന്ന്. ട്രെയിൻ ഗൗഹട്ടിയിൽ എത്തിയപ്പോൾ വൈകുന്നേരമായി. ഗൗഹട്ടിയിൽ ഒരു മുറിയെടുത്ത് അല്പം വിശ്രമിച്ചശേഷം ഗൗഹട്ടി ടൗൺ കാണുവാൻ പോയി.

മടക്കയാത്രയിൽ കൂടുതൽ സമയം ഗൗഹട്ടിയിൽ ചിലവാക്കാം എന്നു വിചാരിച്ച് അവിടെനിന്ന് യാത്രയായി.

ഏകദേശം ഒൻപതു മണിയോടുകൂടി ആസ്സാം—വാലി എന്ന ബസ്സിന് ഗൗഹട്ടിയിൽ നിന്ന് നാഗാലാണ്ട് യാത്ര ആരംഭിച്ചു. യാത്ര രാത്രിയിലായിരുന്നു. ആസ്സാം വനത്തിലൂടെയായിരുന്നു ബസ്സ് പോയിക്കൊണ്ടിരുന്നത്. ആസ്സാം—നാഗാലാണ്ട് അതിർത്തിയിൽവച്ച് വണ്ടി തടഞ്ഞു നിർത്തി പരിശോധിച്ചു. പിറേറദിവസം രാവിലെ വണ്ടി ദിമാപൂർ ടൗണിൽ എത്തി. അവിടെ ഇറങ്ങിയപ്പോൾ ഒരു പ്രത്യേക അനുഭൂതി —കേരളത്തിൽനിന്ന് എത്ര അകലെയാണ് ഞാൻ എന്ന തോന്നൽ. ദിമാപൂർ ടൗണിൽ ഇറങ്ങിയപ്പോൾ എൻെറ മനസ്സിലേക്ക് ഓടി വന്നത് 'പട്ടി ഇറച്ചി'യുടെ കാര്യമാണ്. പകൽ മുക്കാലും ദിമാപൂർ ടൗൺ കാണുവാൻ ശ്രമിച്ചു. വൈകുന്നേരത്തോടുകൂടി ജീപ്പിൽ കയറി ഒരു ഗ്രാമത്തിലേക്ക് പോയി. കേരളത്തിലെ പ്രകൃതി സൗന്ദര്യത്തോടുപോലും മല്ലിടത്തക്കവിധത്തിൽ അത്ര സുന്ദരമായ പ്രദേശം. നാഗാലാണ്ടിലെ പ്രകൃതി എന്നെ വളരെ സന്തോഷിപ്പിച്ചു.

## നാഗാഹിൽ (നാഗാപർവ്വതം)

നാഗാലാണ്ടിലെ ജനങ്ങളെ നാഗൻമാർ എന്നു വിളിക്കുന്നു. നാഗൻമാർ ഒന്നിച്ച് ഒരു ഗ്രാമത്തിൽ താമസിക്കുന്നു. അവരുടെ കൃഷി സ്ഥലങ്ങൾ അകലെയായിരിക്കും. അടുത്തടുത്തായിട്ടാണ് വീടുകൾ. ഗ്രാമത്തിന് ഒരു തലവൻ കാണും. ഗ്രാമത്തലവനെ 'ഗ്രാംബുര' എന്ന് വിളിക്കുന്നു. അദ്ദേഹമാണ് ഗ്രാമത്തിൻെറ കാര്യങ്ങൾ അന്വേഷിക്കുന്നത്. ജനങ്ങൾ പരസ്പര സ്നേഹമുള്ളവരും, സഹായിക്കുവാൻ മടിയില്ലാത്തവരുമാണ്. മുഖ്യ ഭാഷ നാഗാമീസ്, ഇംഗ്ലീഷ്, മേമ എന്നിവയാണ്. ഓരോ ഗ്രാമത്തിനും ഇതിനു പുറമേ ആ ഗ്രാമത്തിൻെറതായ ഭാഷ കാണും. മററു സംസ്ഥാനത്തെ ഭക്ഷണ രീതിയിൽനിന്ന് വ്യത്യസ്തമാണ് നാഗൻമാരുടെ ഭക്ഷണം. ഏററവും വിലപിടിപ്പുള്ള ഇറച്ചി പട്ടിയിറച്ചിയാണ്. മിഥുൻ തുടങ്ങിയ മൃഗങ്ങളുടെയും, പന്നിയുടെയും ഇറച്ചി ഭക്ഷിക്കും. പുഴു, പ്രാണി തുടങ്ങിയവയെ ഭക്ഷിക്കുന്നത് ഞാൻ കാണുവാൻ ഇടയായി. ജനങ്ങളുടെ പ്രധാന ജോലി കൃഷിയാണ്. വർഷകാലങ്ങളിൽ 'ഷാൾ' നിർമ്മാണമായിരിക്കും പ്രധാന പണി. നാഗാലാണ്ട് ഷാൾ വളരെ പ്രസിദ്ധമാണ്. പുരുഷൻമാർ പാൻസും ഷർട്ടും ധരിക്കുന്നു. സ്ത്രീകൾ 'മേഖല' (നമ്മുടെ നാട്ടിലെ കട്ടിയുള്ള മുണ്ടിനു തുല്യം)യും ധരിക്കുന്നു. വീടുകൾ ഭംഗിയായി സൂക്ഷിക്കുന്നു നാഗൻമാർ. വിളവുകൾ സൂക്ഷിക്കുവാൻ പ്രത്യേകം ധാന്യപ്പുരകളുണ്ട്. മോഷണം സാധാരണ നാഗൻമാർ നടത്താറില്ല. വളരെ നീളമുള്ള ആയുധങ്ങൾ ഉപയോഗിക്കുന്നു. വലിയ വൃക്ഷങ്ങൾപോലും വെട്ടുവാൻ ഈ ആയുധങ്ങൾ ഉപയോഗിക്കുന്നു. മീൻ വളർത്തുന്ന ധാരാളം കുളങ്ങൾ ഗ്രാമങ്ങളിൽ കാണുവാൻ സാധിച്ചു. കറികളിൽ പുളിയായി ഉപയോഗിക്കുന്നത് ഇല്ലികൂമ്പ് ഇടിച്ച് അതിൻെറ ചാറാണ്. ഒരു സ്ത്രീയെ വിവാഹം കഴിക്കണമെങ്കിൽ സ്ത്രീ വീട്ടുകാർക്ക് പണം നല്കണം. ഒരു നാഗൻ മരിച്ചാൽ ഉടൻ തന്നെ കുഴിച്ചുമൂടും. അതിനുശേഷം പന്നിയെ കൊന്ന് എല്ലാവരും കൂടി ഭക്ഷിക്കും. ഗ്രാമത്തലവൻെറ വീട്ടിൽ ആ ഗ്രാമത്തിലുള്ളവർ സമ്മേളിച്ച് തീരുമാനങ്ങൾ എടുക്കുന്നു. പല നാഗൻമാരുടെയും വീടുകൾ ഞാൻ സന്ദർശിച്ചു. മടങ്ങിപ്പോരുന്നതുവരെ ഒരു നാഗൻെറ വീട്ടിലായിരുന്നു താമസം, വളരെ പ്രസിദ്ധമായ നാഗാ പർവ്വതം കണ്ടു. ഒരു പകൽ മുഴുവനും നാഗാപർവ്വതം കാണുവാൻ ചിലവഴിച്ചു. ഇത്രയും ഭംഗിയുള്ള പ്രദേശം കേരളത്തിലുണ്ടോ എന്ന് സംശയമാണ്.

കുറച്ചു ആഴ്ചകൾക്കുശേഷം ദിമാപൂർ ടൗണും, ഗൗഹട്ടിയും ഒരിക്കൽ കൂടി സന്ദർശിച്ച ശേഷം ഗൗഹട്ടിയിൽ നിന്ന് രാത്രി 11.30 തോടുകൂടി ഗൗഹട്ടി—കൊച്ചിൻ ട്രെയിനിൽ യാത്ര തിരിച്ചു. മൂന്നുനാലു ദിവസങ്ങൾക്കു ശേഷം മലയാളമണ്ണിൽ എത്തി. ■



കഥ

ആഗ്നസ് ജേക്കബ് H1

# അറിയാത്ത കഥകൾ

എന്നെ നീ അറിയുകയില്ല, കണ്ടിട്ടുമില്ല. പ്രിയപ്പെട്ട സഹോദരി, നിന്നെക്കുറിച്ചൊരു കഥ ഞാനിവിടെ കുറിച്ചിടട്ടെ. നിനക്ക് തന്നെ അറിഞ്ഞുകൂടാത്ത നിന്റെ കഥ എന്നോട് വിവരിച്ചത് എന്റെ ആത്മസുഹൃത്ത് ശ്യാംസുന്ദർ ആണ്. ശ്യാം നിന്നെ ഇപ്രകാരമാണ് വർണിച്ചത് : "മെലിഞ്ഞു കൊലുന്നനെയുള്ള ശരീരം, ഇടതൂർന്ന കേശഭാരം, കരിമഷിയെഴുതിയ കണ്ണുകൾ, പൗഡറണിയാത്ത മുഖം." ശ്യാമിന്റെ വർണന ശരിയാണെങ്കിൽ നീയൊരു സുന്ദരിയാണ്. എന്തോ ഒരു പ്രത്യേക വികാരം ശ്യാമിന് നിന്നോടു തോന്നിയിരുന്നു. ഇതൊന്നും നിനക്കറിഞ്ഞുകൂടല്ലോ... നിന്നെ അറിയിക്കണമെന്ന ആഗ്രഹവും അദ്ദേഹത്തിനില്ലായിരുന്നു.

കോളേജിലേക്കുള്ള നിന്റെ വരവും പോക്കും നിത്യേന രണ്ടു കണ്ണുകൾ പിൻതുടർന്നിരുന്നു. അതും നീയറിഞ്ഞിരിക്കില്ല. ആ നടത്തയിൽ, കൈകളുടെ ചലനത്തിൽ... കണ്ടു മറന്ന ഏതോ പരിചിതത്വം നിഴലിക്കുകയായിരുന്നു. ദിവസങ്ങൾ നീങ്ങവേ അകാരണമായ ഒരു ചിന്ത ആ ഹൃദയത്തെ നോവിക്കുവാൻ തുടങ്ങി—നീയാരെയോ സ്നേഹിക്കുന്നു...? ഓരോ ദിവസത്തെയും അയാൾ പകയോടെയാണ് വീക്ഷിച്ചത്.

അന്നും പതിവുപോലെ ബോഗൺവില്ല പൂക്കൾക്കിടയിലൂടെ രണ്ടു കണ്ണുകൾ നിന്നെ അന്വേഷിച്ചു... പിന്നെ ആകാംക്ഷയോടെ അതിനടുത്ത ദിവസങ്ങളിലും. അപ്പോഴും അദ്ദേഹം പ്രതീക്ഷിച്ചു, അവൾ ഒരുനാൾ ബോഗൺവില്ല തോട്ടത്തിൽ ഒരു അപ്സരസ്സായി വരുമെന്ന്...

വിധിയുടെ കറുത്ത കൈകൾ എത്ര നിർദയമായാണ് നിന്നോടു പെരുമാറിയത് ? അല്ലെങ്കിൽ നിനക്കിത്ര പെട്ടെന്ന് ബോംബെയ്ക്കു പോകേണ്ടിവരുമായിരുന്നോ? എന്നാൽ നിനക്ക് ആശ്വാസം നൽകുവാനായി മാത്രം നിന്റെ മുറി കടന്നു വന്നിരുന്ന അദ്ദേഹം ആത്മസംയമനം പാലിക്കുവാൻ വളരെയേറെ ബുദ്ധിമുട്ടിയിരുന്നതും നീയറിഞ്ഞിരുന്നില്ലല്ലോ...

അദ്ദേഹത്തിന്റെ ജീവിതത്തിൽ ... നിത്യദുഃഖമായി നീയവശേഷിക്കുമെന്... നിഷ്കളങ്കയായ കുട്ടി, നീയറിഞ്ഞി...ന്നില്ലല്ലോ...

നിന്നെ കാണാത്ത ഒരു ദിവ... സങ്കല്പിക്കുവാൻ പോലും സാധിക്കാ...രുന്ന ശ്യാംസുന്ദറിന്, പിന്നീട് നി... കാണുമ്പോൾ ആ നിഷ്കളങ്കത ഒ...തല്ലുന്ന മുഖത്ത് നോക്കുവാൻ പോ... സാധിച്ചിരുന്നില്ല. അതു നിന്നോടു... വിരോധം കൊണ്ടായിരുന്നില്ല കു... പ്രത്യുത നിന്നോടുള്ള അതിരററ സ്നേ... കൊണ്ടായിരുന്നു.

കുളിർ നിലാവു പെയ്യുന്ന ... പുലർകാല വേളയിൽ നിന്നെക്കുറിച്ചു... ഒരു മധുരസ്വപ്നവും കണ്ടു മയങ്ങിക്കി...രുന്ന എന്റെ സുഹൃത്തിനെ ആ... വാതിൽ മുട്ടി വിളിച്ചു. എഴുന്നേററു ക... തുറന്നപ്പോൾ നിന്റെ സഹോദ... നിറകണ്ണുകളോടെ നിന്നിരുന്നു... "ശ്യാംസുന്ദർ... നാലാം നമ്പർ മുറിയി...ലൊന്നു വരണം. എന്റെ സഹോ... ഉറക്കഗുളിക കഴിച്ചു."

നിന്റെ മുറിയിലേക്കു കയറി... അദ്ദേഹം കുറെ സമയം ഒരു ശില ... ക്കെ നിന്നുപോയി. ആത്മസംയമ... വീണ്ടെടുത്ത് നിന്റെ അരികിൽ വ... അദ്ദേഹത്തിന് നിന്റെ വിറങ്ങലിച്ച ശ...മാണ് കാണുവാൻ സാധിച്ചത്. നിഷ്ക... തയുടെ പര്യായമായ നീയെന്തിനീ പാത... ചെയ്തു? അതോ നീറുന്ന മനസ്സുകളു... വേദന നീയറിഞ്ഞിരുന്നോ?...

നിന്നെക്കുറിച്ചുള്ള നൂറു നൂറോ...കളുമായി അകലെയെങ്ങോ താമസിക്കു... എന്റെ ആത്മസുഹൃത്തിന്റെ മു... മുമ്പിൽ തെളിയുമ്പോഴെല്ലാം നി...ക്കുറിച്ചുള്ള ഓർമകൾ എന്നെ അലട്ടുന്നു... മരിച്ചു ജീവിക്കുന്ന ആ മനുഷ്യന്റെ മുമ്പി... ഒരു സ്വപ്നത്തിൽകൂടിയെങ്കിലും നീ ദർശ... നൽകിയിരുന്നുവെങ്കിൽ എന്റെ പ്രിയപ്പെ... കുട്ടി, അദ്ദേഹം കൃതാർഥനായേനെ... ഒരിക്കലും കണ്ടിട്ടില്ലാത്ത സഹോദ... നിന്റെ കഥ ഞാനിവിടെ നിറുത്തട്ടെ.

നിന്റെ മുറിയിലേക്കു കയറിയ അദ്ദേഹം കുറെ സമയം ഒരു ശില കണക്കെ നിന്നുപോയി. ആത്മസംയമനം വീണ്ടെടുത്ത് നിന്റെ അരികിൽ വന്ന അദ്ദേഹത്തിന് നിന്റെ വിറങ്ങലിച്ച ശരീരമാണ് കാണുവാൻ സാധിച്ചത്.



# EDITORIAL BOARD

## STAFF EDITORS



P. M. ULAHANNAN
(MALAYALAM)



V. T. PHILOMINA
(HINDI)



P. K. KURIAKOSE
(ENGLISH)



MANSOOR O. H. E3



JOHNSON THOMAS L4



BIJU AUGUSTINE J1

# RETIRED STAFF



Prof: A. K. JOHN
History Dept.



Sr. LISUIEX
Head of the Dept. of Botany



Rev: Fr. JOHN KALLARACKAL
Chief Librarian



ROSA E.V
Non-teaching Staff



SRI A. T. MATHEWS
U. D. Clerk

# NOMINATED MEMBERS



**SAKKIR V. P.** H3
Quiz Club



**SHAJI MATHEW** K3
Debating Club



**MAVIN. C** E5
Planning Forum



**WILSON P.A** H5
Sports Club



**ANIL V. R.** E4
SC/ST



**SHAMON JACOB** E4
Forestry Club Secretary



**M. MONICHAN** H4
Co-op. Store



**BINOY JOSE** C4
Co-op. Store

# CLASS REPRESENTATIVES



**STELUS JOSEPH**
I PDC



**SONY PAUL**
II PDC



**PRADEEP PACHIKARA**
I DC



**ANIL KUMAR. K.G.**
IIDC REP.



**RAJEEV P. C.**
III D.C. REP.



**GEORGE. V. A.**
I P.G. REP.



**BIJU JOSEPH**
II P.G. REP

# ASSOCIATION SECRETARIES


**NISANTH J.**
Maths


**SHAJU THOMAS**
Economics


**ANOO JACOB**
Physics


**SUNNY ABRAHAM**
Chemistry


**JOSHY JOSEPH**
History


**SHIBU. K. K.**
Zoology


**JOSE K.J.**
Eng. Litt.


അസ്സോസിയേഷനുകളുടെ ഉദ്ഘാടനം ജോൺ വെണ്ണേലി (മഹാരാജാസ് കോളജ്, എറണാകുളം) നിർവഹിക്കുന്നു

# N. S. S.

## Volunteer Secretaries


**JOHNSON J. MALIAKAL**
E5


**BINDU C.** L5


**SATHEESH M. G.** K4

## Best Entertainers


**AMBILI**


**RAJENDRAN M. G.**

## Best Campers


**SHINY K. CHERIAN**


**GEORGE VARGHESE**

## Gentle Men and Women


**LIZY GEORGE**


**SHAJI STEEPHEN**

## Best Workers


**MARY A. C.**


**MICHAEL SEBASTIAN**

# N. C. C.



V. G. JAYARAJ K4
U/O



THOMAS JOSEPH H4
U/O



ABSE P. B.
Cdt. Sgt



M. AJAYAGHOSH K4
Sergant



TENNY JOSEPH
Sergant



# നാവടക്കം

കഥ

**വികാസ് ബാബു *P3***

അന്ന് ,എനിക്കു ചുററും നഗരം അവിരാമം പൊഴിയുന്ന മഞ്ഞിൽ പുതച്ച് ശാന്തമായി ഉറങ്ങുകയായിരുന്നു. ആ രാത്രിയുടെ അവസാനയാമത്തിൽ എനിക്കിനി കിട്ടാവുന്ന ഒരേയൊരു ഉറക്കത്തെക്കുറിച്ച് ഞാൻ ചിന്തിച്ചു. ദീപയെക്കുറിച്ചും!

മേശപ്പുറത്ത് കൈയെത്താവുന്ന ദൂരത്തിരുന്ന എഴുത്ത് കൈനീട്ടിയെടുത്ത് ഒരിക്കൽകൂടി വായിച്ചു.

അത് മുകുന്ദന്റേയോ അനന്തകൃഷ്ണന്റേയോ ഷാജിയുടെയോ ദീപയുടെയോ അല്ല. അപരിചിതനായ ഒരാളിന്റെ കൈയക്ഷരമാണതിൽ. എഴുത്തും പോക്കററിലിട്ട് എങ്ങും പററിക്കൂടാനാവാതെ അലയുകയായിരുന്നു ആ ദിവസം. ദാദയുടെ കാപ്പിക്കടയിൽവച്ചും കായൽക്കരയിൽ വച്ചും ചിത്തരഞ്ജന്റെ വീട്ടിൽ വച്ചും ആ കത്തുവായിച്ചപ്പോൾ ഒരേയൊരു വാക്യം മാത്രം ശ്രദ്ധയിൽപെട്ടു. "എത്രയും വേഗം മേലൂർ കോവിലകത്തെത്തുക." ഇരുണ്ട മുറിയിലെ പരുപരുത്ത കിടക്കയിൽ കിടന്ന് വായിച്ചപ്പോഴും അക്ഷരങ്ങൾക്ക് മാററമുണ്ടായിരുന്നില്ലെങ്കിലും തുറന്നു കിടന്ന ജനാലയിലൂടെ സമയം തെററി കടന്നുവന്ന കാററ് കടലാസിൽ മുട്ടിയുരുമ്മി കുശലാന്വേഷണം നടത്തിയിരുന്നു.

"മേലൂർ കോവിലകം—" ദീപയുടെ തറവാട് . ദീപയ്ക്ക് വല്ല അപകടവും? ഇല്ല...! യൗവനത്തിന്റെ വസന്തത്തിലും കടുംനിറങ്ങളിൽ സ്വപ്നം കാണാത്ത പെൺകുട്ടിക്ക് എന്തപകടം സംഭവിക്കാൻ?

ഒരിക്കൽ അവൾ പറഞ്ഞതായോർമിക്കുന്നു. "എന്റെ ദിനങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞു." കുട്ടി, നിന്റെ ദിനങ്ങളുടെ എണ്ണമവസാനിച്ചതിന്റെ സൂചനയാണോ ഈ എഴുത്ത് . മൂന്നു വർഷത്തിലെ തിട്ടപ്പെടുത്താത്ത നിന്റെ കുറെ ദിനങ്ങൾ ഞങ്ങൾക്കായി മാററി വയ്ക്കപ്പെട്ടതായിരുന്നല്ലോ. പെയ്തിറങ്ങിയ പനിനീർമഴപോലെ പോയ് മറഞ്ഞ കോളേജ് ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, പരിചയപ്പെട്ടവരിൽ ഏററവും നിഗൂഢത നിറഞ്ഞ മുഖം നിന്റേതായിരുന്നല്ലോ!

ബിരുദക്ലാസിന്റെ ആരംഭം. വിരസമായി കടന്നുപോകുന്ന ക്ലാസ് ദിനങ്ങളെ ചൂടുപിടിപ്പിക്കാൻ ഞങ്ങൾക്ക് ഒരാഴ്ച കാത്തിരിക്കേണ്ടി വന്നു—ദീപ ക്ലാസിൽ വന്നു തുടങ്ങുന്നതുവരെ. ആദ്യമൊക്കെ ചുമരുകളെപ്പോലും കോരിത്തരിപ്പിക്കത്തക്ക വിധത്തിൽ ക്ലാസിൽ പൊട്ടിച്ചിരികളുണർത്താൻ ഒരസാമാന്യ കഴിവുണ്ടായിരുന്നു ദീപയ്ക്ക് . ഗൗരവം വിടാതെ ബുദ്ധിജീവി ചമഞ്ഞിരുന്നവരെപ്പോലും അവൾ പൊട്ടിച്ചിരിപ്പിച്ചു. സംഗീതത്തിന്റെ കളിക്കൂട്ടുകാരിയായിരുന്നു ദീപ അക്കാലത്ത് .

ഒരിക്കൽ കോളേജ് ആഡിറേറാറിയം നിറഞ്ഞുനിന്നസദസ്സിനുവേണ്ടി അന്ന് ഹിററായിരുന്ന ഒരു ഗാനം അവൾ പാടി.

പക്ഷെ കോളേജങ്കണം മുഴുവൻ കാതോർത്തുനിന്ന ആ ഗാനാലാപത്തിന്റെ പാരമ്യതയിൽ ഇടയ്ക്കുവെച്ചവൾ നിർത്തി. എന്തെങ്കിലും ദേഹാസ്വാസ്ഥ്യം ആകുമെന്നു കരുതി അണിയറയിലേക്കോടിച്ചെന്ന എന്നോടവൾ പറഞ്ഞു:"സംഗീതം വിശുദ്ധിയുടെ പ്രതീകമാണ് . അത് നഷ്ടപ്പെട്ടവർക്ക് എന്നെ നിർബന്ധിക്കാനെന്തധികാരം?"

"ദീപ...ഞാൻ..." അവൾക്കു മുമ്പിൽ എനിക്കു പലപ്പോഴും വാക്കുകൾ കിട്ടാറില്ല.

ആ ദിവസങ്ങളിൽ ദീപ കുറച്ചു മൗനിയായി കാണപ്പെട്ടു. അധികം ചിരിക്കാറില്ല. ഭീതി നിറഞ്ഞ കണ്ണുകളും നേഴ്സറി കുട്ടികളെപ്പോലെ പുസ്തകം മാറത്തടക്കിപിടിച്ചുള്ള നടപ്പിലും എന്തോ അസ്വാഭാവികത. ദീപയുടെ സ്വഭാവത്തിൽ മുന്നറിയിപ്പില്ലാതെ വന്ന ഈ മാററത്തിനോട് എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ഞങ്ങൾ കുഴങ്ങി.

അവൾ സീരിയസ്സായി സംസാരിക്കാൻ തുടങ്ങിയതും അക്കാലത്താണ് . പക്ഷെ അവളോട് സംസാരിച്ചു നിൽക്കുന്ന ആർക്കും സ്വയം ഇല്ലാതായി പോകുന്നതായി തോന്നുന്നതല്ലാതെ അവളുടെ വ്യക്തിത്വത്തിന്റെ ഭാരംകൂടി ചുമക്കേണ്ടി വരാറില്ല.

അവളുടെ അപ്രതീക്ഷിതങ്ങളായ പല ചോദ്യങ്ങൾക്കു മുന്നിലും എനിക്ക് ഉരുണ്ടു കളിക്കേണ്ടി വന്നിട്ടുണ്ട് .

"നിങ്ങളെന്താണ് ഭൗതികശാസ്ത്രം തിരഞ്ഞെടുത്തത് . തെരഞ്ഞെടുപ്പിന്റെ

**"മേലൂർ കോവിലകം"**
**ദീപയുടെ തറവാട്.**
**ദീപയ്ക്ക് വല്ല**
**അപകടവും? ഇല്ല...!**
**യൗവനത്തിന്റെ**
**വസന്തത്തിലും**
**കടുംനിറങ്ങളിൽ സ്വപ്നം**
**കാണാത്ത പെൺകുട്ടിക്ക്**
**എന്തപകടം സംഭവിക്കാൻ?**



കഥ

മഞ്ജു ടി. പൈനാൽ ബാച്ച് സി 1

# ലില്ലിപ്പൂക്കൾ

മഴയുടെ ആരവം ചെവിയോർത്തുറങ്ങവേ അവളിൽ വേദന ഊറിക്കൂടി. ഭൂമി വരണ്ടുണങ്ങി. മണ്ണിന്റെ മാറിൽ സ്വല്പം തണുപ്പിന്റെ സ്വസ്ഥതയിൽ അവൾ കാത്തിരുന്നു. മഴ എന്നത്തേക്കാവും. ചുളുചുളാ കാററ്. അതെങ്ങും വീശിയടിക്കുന്നു. ചെവിപൊട്ടും പോലുള്ള മേഘഗർജനങ്ങൾ. മഴയുടെ ദേവന്റെ എഴുന്നള്ളത്തായി. തണുപ്പിന്റെ കോരിത്തരിപ്പ് ഒരോർമയായി അവളിൽ നിറഞ്ഞു. മഴദേവൻ അദ്ദേഹം തനിക്കൊരോർമയായി മാറിയതെന്നു മുതലാണ് ? അവൾ ചിന്തിച്ചു. മററൊരു പണിയുമില്ല. തന്റെ ദേവനെപ്പററി ഓർത്തു രസിക്കാം. ബാല്യവും കൗമാരവും പെട്ടെന്നു കടന്നുപോയി. യൗവനം അതിന്റെ എല്ലാ ഊഷ്മളതയോടും കൂടി തന്നെ പൊതിഞ്ഞ കാലഘട്ടം. കണ്ണില്ലാത്ത യൗവനം. തനിക്ക് അപ്രാപ്യമെന്നറിയാമായിരുന്നിട്ടും താൻ സ്നേഹിച്ചുപോയി. മഴയുടെ ദേവൻ, അദ്ദേഹം ആർക്കും സ്വന്തമല്ല. എല്ലാവരെയും അനുഗ്രഹിച്ചുകൊണ്ട് ഭൂമിയുടെ ഏതു കോണിലും ചുററിസഞ്ചരിക്കുന്ന മഴദേവൻ.

തന്റെ പ്രേമാഭ്യർഥനയിൽ കോപിതനാ... ദേവൻ ശപിച്ച ദിവസത്തെ അവളോർ... പുതുമഴയിൽ ഭൂമി കോരിത്തരിച്ചു നി... അസുലഭ മുഹൂർത്തം. പ്രേ... പൂവണിയുമെന്നും മഴദേവൻ തന്റെ ... ഗ്രഹിച്ച് മാറോടണയ്ക്കുമെന്ന് കരുതിയത് തെററി. "നീ മണ്ണിന്റെ അടിയിൽ പുതഞ്ഞു പോകട്ടെ ... വേദനയോടെ അവൾ വിങ്ങിക്കരഞ്ഞു. ... കണ്ണുനീരിൽ അലിവു തോന്നിയ ദേവ... ആണ്ടിലൊരിക്കൽ താൻ പ്രേമാഭ്യർഥന നടത്തിയ ദിവസം വീണ്ടും അദ്ദേഹത്തെ കാണാൻ, ആ ആലിംഗനത്തിലമരാൻ അവസരം തന്നു. മഴദേവൻ അദ്ദേ... ത്തിന്റെ ഇഷ്ടതോഴി ഭൂമിയെ വാരി... ണരുന്ന പുതുമഴയിൽ സർവാ... സുന്ദരിയായി താനും വിരുന്നുചെല്ലു... എന്ത് ! മഴദേവന്റെ ആരവമതാ... കേൾക്കുന്നത് . പുറപ്പെടാൻ വൈകിയോ... ഈ ലില്ലിപ്പൂക്കൾ എത്ര സുന്ദരികൾ എ... മനുഷ്യരെല്ലാം പറയട്ടെ. ഈ പ്രാവശ്യം തന്റെ സൗന്ദര്യം ഭൂമിയെ പുളകി... യാക്കട്ടെ.



കഥ

ജയ്സൺ സി. അഗസ്ററിൻ *I.P.D.C.*

# അസാധാരണ ദൃശ്യങ്ങൾ

ഇരുട്ടു വിതച്ച ഗലികളിലൂടെ അയാൾ നിശ്ശബ്ദനായി നടന്നു. കടത്തിണ്ണകളിൽ കിടന്നുറങ്ങുന്നവരുടെ കൂർക്കംവലികൾ നിശ്ശബ്ദതയെ കൊന്നുകൊണ്ടിരുന്നു.

അയാൾ, മെലിഞ്ഞ് നല്ല ഉയരമുള്ളവനായിരുന്നു. തലമുടിയും താടിയും ചിതറിക്കിടക്കുന്നു. കുഴിഞ്ഞ കണ്ണുകൾക്കു ചുററും കറുപ്പ് ബാധിച്ചിരുന്നു. നീണ്ടു വളഞ്ഞ മൂക്കുകളാവട്ടെ കഴുകന്റെ ചുണ്ടുകൾ പോലെയായിരുന്നു. ഒററനോട്ടത്തിൽ തന്നെ യുദ്ധത്തിന്റെ എല്ലാ കെടുതികളും അനുഭവിച്ച ഒരുവനാണെന്ന് മനസ്സിലാക്കാമായിരുന്നു.

അവിടെ, ഒരു കെട്ടിടത്തിന്റെ ഉള്ളിൽ നിന്നും പ്രകാശം വരുന്നുണ്ടായിരുന്നു. അതോടൊപ്പം ബഹളവും ഉയരുന്നുണ്ട് . അവിടന്നൊഴുകുന്ന ചില ശബ്ദങ്ങൾ കുഴഞ്ഞതായിരുന്നു.

അയാൾ ചാരിയിട്ടിരുന്ന വാതിൽ തള്ളിത്തുറന്നപ്പോൾ അകത്തെ ബഹളം നിലച്ചു.

"ക്ഷമിക്കണം... എനിക്കകത്തേയ്ക്കു വരാമല്ലോ?" അയാൾ അനുവാദത്തിനായി കാത്തുനിന്നു.

ഒരു വൃദ്ധ അയാളുടെ അടുത്തേക്ക് എഴുന്നേററുവന്ന് അകത്തേക്ക് ക്ഷണിച്ചു. അവരായിരുന്നു കടയുടെ നടത്തിപ്പുകാരി. എപ്പോഴും നിറഞ്ഞൊഴുകുന്ന കണ്ണ് അവർ പുറം കൈകൊണ്ട് തുടക്കുന്നുണ്ടായിരുന്നു.

വൃദ്ധ അയാളെ രണ്ടു പേർ മാത്രമിരിക്കുന്ന, ആടുന്ന ഒരു മേശയിലേക്കാനയിച്ചു.

വിശാലമായ ആ മുറിയിൽ ആറു മേശകളും ഓരോ മേശയ്ക്കും ഇരുവശത്തുമായി ആറ് ചെറിയ പീഠങ്ങളുമുണ്ടായിരുന്നു. ഏകദേശം എല്ലാ പീഠങ്ങളും ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.

അവരുടെയെല്ലാം മുമ്പിൽ, കോപ്പയ്ക്കുള്ളിൽ ഒരു തരം ലഹരി പാനീയമുണ്ടായിരുന്നു.

ആഗന്തുക... മാറിയപ്പോൾ അവിടെ വീണ്ടും ബഹളം ആരംഭിച്ചു.

"സാർ...മദ്യം കൊണ്ടു വരട്ടെ..." വൃദ്ധയുടെ സ്വരം ചിലമ്പിച്ചതായിരുന്നു.

"ഉം..." അയാളുടെ മൂളൽ അടുത്തിരുന്നവരെ അസ്വസ്ഥരാക്കിയിരിക്കണം.

അയാൾ എല്ലാവരെയും ശ്രദ്ധിച്ചുകൊണ്ട് മേശമേൽ കൈ വച്ച് കുലുക്കിക്കൊണ്ടിരുന്നു.

വൃദ്ധയുടെ നിറഞ്ഞ കണ്ണുകളിൽ നിന്ന് ഏതു സമയവും കണ്ണീർ കോപ്പയ്ക്കുള്ളിൽ വീഴുമെന്ന് അയാൾക്കു തോന്നി.

പകൽ സമയം ഈ കെട്ടിടം ഹോട്ടലായും രാത്രിയിൽ മദ്യഷാപ്പും വ്യഭിചാരശാലയുമായി മാറുന്നതാണെന്ന് അയാൾക്ക് അറിയാമായിരുന്നു. കാരണം അയാൾ ഈ പട്ടണത്തിൽ വന്നിട്ട് മൂന്നു നാലു മാസത്തിലേറെയായി. സുഹൃത്തായി ഒരാളേ ഇവിടെ ഉണ്ടായിരുന്നുള്ളു. അയാൾ കഴിഞ്ഞ ആഴ്ച ആകസ്മികമായി മരണമടഞ്ഞു.

ഇപ്പോൾ അയാൾ വന്നിട്ട് അര മണിക്കൂറിൽ ഏറെയായിരിക്കുന്നു. ഇതിനകം അയാൾ .മൂന്നു നാലു കോപ്പ പാനീയം അകത്താക്കിയിരിക്കുന്നു.

അയാൾ നാലാമത്തെ കോപ്പ പാനീയം ആവശ്യപ്പെട്ടപ്പോൾ വൃദ്ധ മടിച്ചു. കാരണം അയാൾ അപരിചിതനാണല്ലോ?

അയാൾക്ക് കാര്യം മനസ്സിലായി. തന്റെ പഴകിയ പാൻറ് സിന്റെ പോക്കററിൽ നിന്ന് ഒരു പേഴ്സ് വലിച്ചെടുത്തു. അതിൽനിന്ന് രണ്ട് നൂറിന്റെ നോട്ടുകൾ എടുത്തു മേശപ്പുറത്തു വച്ചു.

വൃദ്ധയുടെ മുഖം സന്തോഷം കൊണ്ടു ചുവന്നു. അവരുടെ കണ്ണ് നിറയുകയും അവരത് തുടയ്ക്കുകയും ചെയ്തു.

നാലാമത്തെ കോപ്പ പാനീയവും എടുത്തുകൊണ്ട് അയാൾ എഴുന്നേററു. തൽക്ഷണം പെട്ടെന്ന് ബഹളം നിലയ്ക്കുകയും അവിടെയിരുന്നവരുടെ ശ്രദ്ധ...

**വിശാലമായ ആ മുറിയിൽ ആറു മേശകളും ഓരോ മേശയ്ക്കും ഇരുവശത്തുമായി ആറ് ചെറിയ പീഠങ്ങളുമുണ്ടായിരുന്നു. ഏകദേശം എല്ലാ പീഠങ്ങളും ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു.**



തുള്ളൽ

സിജു മാത്യു ഡി 2

# മാവേലി കണ്ട കേരളം

മാവേലിക്കൊരു മോഹമുദിച്ചു
മാമലനാടിതു കാൺമതിനായി,
പൊന്നിൻ ചിങ്ങം തന്നിൽ മന്നൻ
പൊന്നിൻ തേരിലെഴുന്നരുളായി
എന്നാലിവിടെ കണ്ടൊരു കാഴ്ചകൾ
കണ്ടുകരഞ്ഞു മന്നൻ തിരുവടി
കോളേജിന്നുടെ പടിവാതിൽക്കൽ
കുത്തിയിരിപ്പൂ കുട്ടികൾ പലരും
സിന്ദാബാദു വിളിപ്പതു കേട്ടു
മന്നൻ നിന്നിഹ തെല്ലിട നേരം
"അധ്യാപകരേ ഗുണ്ടകളേയിനി
അധ്യാപനമതു വേണ്ട വേണ്ട
പ്രിൻസിപ്പാളേ ഗുണ്ടത്തലവാ
ജീവൻ വേണേൽ സൂക്ഷിച്ചോളൂ
കുട്ടികൾ ഞങ്ങൾ തോററിട്ടില്ല
തോററ ചരിത്രം കേട്ടിട്ടില്ല."
ഉള്ളിൽക്കണ്ടു കുട്ടികൾ തമ്മിൽ
തല്ലും അടിയും കല്ലാലേറും
"വിദ്യാലയമിതു ഭ്രാന്താലയമോ?"
മന്നൻ വഴിയേ യാത്ര തുടർന്നു
ട്രാൻസ്പോർട്ട് സ്ററാൻഡിൽ ചെന്നൊരു
സമരം കണ്ടു പകച്ചിഹ രാജൻ
"ആറു മണിക്കു തുടങ്ങും സമരം"
അറിയിപ്പിതു കേട്ടാളുകൾ ഞെട്ടി
സമയം സന്ധ്യയുമാകാറായി
പാവം "കഴുതകളോ"ടുകയായി
ഡ്രൈവറൊന്നേ ആശ്രയമുള്ളൂ
ഡ്രൈവറർകാരുടെ ഭാഗ്യം തന്നെ
അൻപതു സീററിൽ നാനൂററമ്പതു
യാത്രക്കാരെ തിക്കി നിറച്ചു,
കുഴികൾ നിറഞ്ഞൊരു വഴികളിലൂടെ
പഴയൊരു ശകടം നീങ്ങിനിരങ്ങി
കേരളനാടിതിലല്ലാതിങ്ങനെ
യാത്ര നടത്താനെങ്ങിഹ ശക്യം?
വഴിയേ പോകും നേരം മന്നൻ
കൊലവിളി കേട്ടു നടുങ്ങി വിറച്ചു
"സ്ത്രീധനമിച്ചും കൊണ്ടുവന്നില്ലേൽ
നിന്നെക്കൊല്ലും കെട്ടിത്തൂക്കും."
"അയ്യോ! എന്നെക്കൊല്ലരുതേ"യെന്നൊരു
രോദനമുയരുന്നവിടൊരു വീട്ടിൽ
പണമോഹത്താൽ സ്ത്രീയെപ്പോലും
പിണമാക്കാൻ മടിയില്ലാതായോ?
ഫാക്ടറിയൊന്നിൻ മുററത്തങ്ങനെ
ചെങ്കൊടി നാട്ടിയിരിക്കുന്നു ചിലർ
"തൊഴിലാളികളെ തൊട്ടുകളിച്ചാൽ
മുതലാളികളുടെ ഗളമതു വെട്ടും"
ഏവം മുദ്രാവാക്യം കേട്ടു
പാവം മന്നൻ സ്ഥലവും വിട്ടു
സെക്രട്ടറിയേററ് ഗേററിൽക്കണ്ടു
സമരക്കാരവർ പലവിധമവിടെ
തൊപ്പിപ്പാള ധരിച്ചോരുണ്ട്
ഉടുതുണി മാത്രമുടുത്തോരുണ്ട്
തെങ്ങിൻ കുലയതു ചെത്തും കത്തികൾ
കൈകളിലേന്തിയിരിപ്പോരുണ്ട് .
മത്സ്യത്തൊഴിലാളികളൊരു കൂട്ടർ
അവരെത്താങ്ങും മറെറാരു കൂട്ടർ
ഗാനം പാടിക്കൊണ്ടൊരു കൂട്ടർ
ശിവനേ! സമരക്കാരുടെ ബഹളം
കേരളഭൂവൊരു ഭ്രാന്താലയമായ്
കേരളമക്കൾ ഭ്രാന്തന്മാരും
ഇനിയൊരുനാളും കേരളമണ്ണിൽ
കാൽകുത്താനായ് പോരുകയില്ല
എന്നു നിനച്ചു നടന്നു മന്നൻ
പാതാളത്തിൽ പോയി മറഞ്ഞു.



കവിത

മനോജ് വി. കെ. എൽ 3

# ഒരു പുതിയ സന്ദേശം

വിരിഞ്ഞ സ്വപ്നം എരിഞ്ഞടങ്ങി
കരിഞ്ഞു പോയാലും
മറിഞ്ഞു വാടി തളർന്നു കുന്തി—
യടങ്ങി നിൽക്കരുതേ
നിരന്നു നിൽക്കും പ്രതിബന്ധങ്ങൾ—
ക്കധീനനാകാതെ
വിരിഞ്ഞ മാറും കഴിവും കാട്ടി—
വരിച്ചിടൂ വിജയം.
വിജയ പതാക പറത്തൂ നിങ്ങൾ
ജീവിതവീഥികളിൽ
അജയ്യമായിട്ടൊന്നും ഭൂവിൽ
ഇല്ലെന്നറിയിക്കൂ
സഫലതയാർന്ന പുതിയൊരു ലോകം
പടുത്തുയർത്തീടാ—
നിജജനനം കൊണ്ടുണർന്നു നിങ്ങൾ
പരിശ്രമിച്ചിടൂ
തിന്മയെയൊന്നായ് ചേർന്നു നമുക്കീ
നാടു കടത്തീടാൻ
നമ്മളിറങ്ങുക മുന്നേ മർത്ത്യാ,
അല്ലാതൊക്കില്ല
നന്മ തുടിക്കും മാനവരിവിടെ
ഉയർത്തെഴുന്നേൽക്കാൻ
നമ്മളിറങ്ങുക മർത്ത്യാ മുന്നേ
അല്ലാതൊക്കില്ല
തണൽ പരത്താം നമ്മുടെ യത്നം
നീറിയ ഹൃത്തുകളിൽ
കിതയ്ക്കുമവനുടെ ഹൃദയം മുഴുവൻ
കുളിർമയേകീടാം
എണീററു നിൽക്കാൻ കഴിവില്ലാതെ
വലഞ്ഞു കുഴഞ്ഞോരെ—
യുണർത്തി വീണ്ടും ജീവൻ നല്കി
ശാന്തി പരത്തീടാം.
ഒരിററു സ്നേഹം കാംക്ഷിച്ചവനീ
ലോകം പരതുമ്പോൾ
ദാരുണ ഹൃദയതലങ്ങളിൽനിന്നും
കണ്ണീരൊഴുകുമ്പോൾ
അരുതാതൊന്നും ചെയ്യാത്തവനുടെ
ദുഃഖം മാററീടാൻ
കാരുണ്യം പൂണ്ടവനുമൊരല്പം
സ്നേഹത്തെൻ നൽകൂ.

ഒന്നേയുള്ളിനി പാരിലെ ജീവിത—
മല്ലാതില്ലല്ലോ
എന്നാലുള്ളതു തന്നെയതിത്തിരി—
പോന്നതുമാണല്ലോ
പിന്നതു ചെയ്യാം നാളെച്ചെയ്യാ—
മെന്നു വിചാരിച്ചാൽ
അന്നറിയാതെ കളഞ്ഞൊരു നാളുകൾ
തിരിച്ചുകിട്ടില്ല.
പൊൻഗുണമുള്ളൊരു ജന്മം വെറുതെ
പാഴായ് കളയല്ലേ
തൻഗുണമേകുക ലോകേ നന്നായ്
ഉണ്മ വളർത്തിടാൻ
നിർഗുണനായാൽ മേന്മ ലഭിപ്പവ—
രാരെന്നോതാമോ
സത്ഗുണനാകും ഈശനെ നിങ്ങൾ
ഒത്തു വണങ്ങീടൂ



കവിത

കൃഷ്ണപ്രസാദ് എസ്. എൽ 3

## വീണ്ടും മരിക്കാൻ

ഞാൻ മരിച്ചു! അന്ത്യകർമത്തി—
ലെന്നാത്മാവുമുൾക്കൊണ്ടു
തലയ്ക്കരികിലെ നിലവിളക്കും
ദേഹമലങ്കരിക്കും റീത്തുകളും
ആസ്വദിച്ചു നിന്നു ഞാൻ
ഹായ് ! മരണമെത്ര സുഖം!
ഇത്രകാലമെന്നെ ചികിത്സിച്ച
ഡോക്ടർക്കു ദുഃഖഭാവം
ഇനി മറെറാരുവന്റെ കഴുത്തും തേടി
കത്തിയുമായി പോകേണ്ടതല്ലേ?
ഞാനിരിക്കെ ജാരനെത്തേടിയയെൻ
ഭാര്യയും വാവിട്ടു കരയുന്നു
ഹായ് ! മരണമെത്ര സുഖം!
എൻ മരണം കാംക്ഷിച്ച മക—
നെൻ ചിതയ്ക്കു തീയിടുന്നു
തീയായ് പിന്നെ പുകയായ് തീർന്നെൻ ദേഹം
വായുവിലലിഞ്ഞു മാലിന്യമായി
മരണം വീണ്ടുമൊന്നനുഭവിക്കാൻ മാത്രം
വേറെ ഗർഭവും തേടിയാത്മാവ് യാത്രയായി.



കവിത

റജീന എൻ. ഐ. എച്ച് 5

## പച്ചപ്പനന്തത്ത

പച്ചപ്പനന്തത്തേ.... പച്ചപ്പനന്തത്തേ....
എന്നാഗ്രഹമൊന്നു സഫലമാക്കൂ!
എന്നാർദ്രനാദമൊന്നു കേൾക്കൂ!
ഒന്നു വരുമോയെന്നരികിൽ?
കരഞ്ഞു വീർത്തയെൻ മുഖവുരയിൽ
തിരഞ്ഞു നോക്കി നിൻ സൗന്ദര്യരൂപങ്ങൾ
അലകളായി തിരഞ്ഞൊഴിയിലും
ചികഞ്ഞു നോക്കി നിൻ മൃദുലവർണവും.
നിരാശമാത്രമെൻ ഹൃദയരക്തവും
മിഴിനീരുമാത്രമെൻ ആശ്വാസപേടകം
വിരിഞ്ഞു വീഴാത്ത പുഷ്പദളങ്ങൾ തൻ
കാർന്നു തിന്നുന്ന പൂമ്പാററയെപ്പോലെ.
കടന്നു വന്നു ആർദ്രമെൻ മനസ്സിൽ
നിസ്സഹായയെപ്പോലെയേ വേണ്ടു ഞാൻ
ഏകയായ് ജീവിതം തള്ളി നീക്കി;
ഇനിയെത്ര കാലമേയിതു വേണ്ടൂ
കരഞ്ഞു തീരുന്ന ദിനങ്ങളില്ല,
കൊഴിഞ്ഞു വീഴുന്ന ദുഃഖങ്ങളില്ല,
പച്ചപ്പനന്തത്തേയെൻ വിരഹ—
വേദനയൊന്നു മാററൂ, ഒന്നു വരണമേയെന്നരികിൽ!



കഥ

ബിജു മാധവൻ B2

## വിസ്മരിക്കാത്ത സ്മരണ

പരസഹസ്രം ഓർമകളുടെ കുററൻ തിരമാലകൾ ഒന്നിനു പുറകെ ഒന്നായി കുതിച്ചുയരുന്ന ഒരു മഹാസാഗരമാണ് എന്റെ സ്മൃതിമണ്ഡലം. ഇന്ന് അവയെല്ലാം നിശേഷം നിലച്ചു നിശ്ശബ്ദമായി. പക്ഷേ, ഒന്നുമാത്രം എന്റെ ജീവനാളങ്ങളെയും പ്രാണധമനികളെയും തച്ചുടച്ചു കൊണ്ട് ഇരമ്പിക്കയറുന്നു. എന്റെ അരുമ സഹോദരിയുടെ അകാല വേർപാട്.

ജീവിതം ഒരു വമ്പിച്ച ആഘോഷമായി ഞാൻ കൊണ്ടാടി. എന്റെ കോവിലിൽ എന്നും ഉത്സവമായിരുന്നു. നാട്യസംഗീത നൃത്ത നൃത്യങ്ങൾ എന്റെ നാലമ്പലത്തിൽ എന്നും മുടങ്ങാതെ നടന്നുകൊണ്ടിരുന്നു. നാലുഭാഗത്തുനിന്നും ശംഖുവിളിയും നാദസ്വരവും ചെണ്ടമേളവും കുരവയും മുഴങ്ങിക്കൊണ്ടിരുന്നു. ആയിരക്കണക്കിനു വിളക്കുകൾ അവിടെ അണയാതെ കത്തിജ്വലിച്ചു.

എത്രയോ കാലം അക്ഷരലക്ഷങ്ങളായി മന്ത്രങ്ങളുരുവിട്ടു ഭദ്രവും വിശുദ്ധവുമാക്കിയ എന്റെ തപോവനത്തിൽ ഞാൻ 'ഗീതു' എന്ന് പേരിട്ട് ഒരു സ്വർണമയിൽപ്പേടയെ വളർത്തി. എന്റെ നിത്യോത്സവ ജീവിതക്ഷേത്രത്തിൽ അമ്പാരി കെട്ടിയ കൊമ്പനാനപ്പുറത്ത് ഒരു തമ്പുരാട്ടിയെപ്പോലെ അവളെഴുന്നള്ളി വന്നു. അന്ന് എന്റെ കണ്ണിനു സായൂജ്യം കിട്ടി. ജന്മസാഫല്യം കൈവന്നു.

അമ്പിളി അമ്മാവനെ പിടിച്ച് എന്റെ സഹോദരിയുടെ കൈക്കുമ്പിളിൽ കൊടുക്കുവാൻ ഞാൻ കൊതിച്ചിരുന്നു. പുലരിയുടെ പൊൻകിരണങ്ങൾ ചാലിച്ചെടുത്ത് അവളുടെ നെററിത്തടത്തിൽ കുറിയിടുവാൻ ഞാൻ ആശിച്ചിരുന്നു. കറുത്തവാവു കടഞ്ഞെടുത്ത മഷികൊണ്ട് അവളുടെ കണ്ണുകളെഴുതിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. നക്ഷത്രങ്ങളെയെല്ലാം തൂത്തു പെറുക്കി അവൾക്ക് കാതിൽപൂവായും കണ്ഠാഭരണമായും കയ്യിൽ കാപ്പായും കാൽച്ചിലങ്കയായും നൽകുവാൻ ഞാൻ മോഹിച്ചിരുന്നു. നീലാകാശത്തിന്റെ നീലിമയ്ക്ക് നിറഭേദമില്ലാതെ അവൾക്കൊരു ജാക്കററ് തുന്നിക്കുവാൻ ഞാൻ വിചാരിച്ചിരുന്നു. ചക്രവാളത്തെ തുരന്നെടുത്ത് അവൾക്കൊരു കച്ചപ്ര അരഞ്ഞാണമൊരുക്കുവാൻ ഞാൻ കൊതിച്ചിരുന്നു. വാർമഴവില്ല് കീറിത്തുന്നിച്ച് അവളെ പാവാടയുടുപ്പിക്കുവാൻ ഞാനാർത്തി പൂണ്ടിരുന്നു.

ആറാം മാസം ആറാം തീയതി ആറാട്ടു ദിവസം എന്റെ ക്ഷേത്രം ഇടിഞ്ഞുപൊളിഞ്ഞു. വിളക്കുകൾ

*നക്ഷത്രങ്ങളെയെല്ലാം*
*തൂത്തു പെറുക്കി*
*അവൾക്ക്*
*കാതിൽപൂവായും*
*കണ്ഠാഭരണമായും കയ്യിൽ*
*കാപ്പായും കാൽച്ചിലങ്ക*
*യായും നൽകുവാൻ ഞാൻ*
*മോഹിച്ചിരുന്നു.*
*നീലാകാശത്തിന്റെ*
*നീലിമയ്ക്ക്*
*നിറഭേദമില്ലാതെ*
*അവൾക്കൊരു ജാക്കററ്*
*തുന്നിക്കുവാൻ ഞാൻ*
*വിചാരിച്ചിരുന്നു.*

പൊലിഞ്ഞു. സർവവും കുററാക്കുററിരുട്ടായി. എന്റെ ക്ഷേത്രം ഒരു ചുടുകാടായി മാറി. അതിൽ എന്റെ പ്രേതം വെന്തെരിയുന്ന കാഴ്ച ഞാൻ കണ്ടു. മംഗളഗാനം പാടി. എന്റെ സംഗീതസദിര് ഇന്നിങ്ങിനിത്തുടരാനാവാത്ത വണ്ണം നിർത്താനായി തംബുരു മീട്ടുമ്പോഴാണു ദൈവം എന്റെ ജീവചൈതന്യത്തിന്റെ തന്ത്രികൾ പൊട്ടിച്ചത്.

ഇന്നവൾ സ്വർഗത്തിലെ റാണിയാണ്. ഞാൻ കാണുന്നു. അവൾ അവിടത്തെ സിംഹാസനത്തിലിരിക്കുന്നതു ഞാൻ കാണുന്നു. പാലാഴി കടഞ്ഞപ്പോൾ കിട്ടിയതെല്ലാം അവളുടെ മുമ്പിൽ വിണ്ണവർ കാഴ്ചവയ്ക്കുന്നു. ഞാൻ കാണുന്നു.

ഉർവശി, അവളുടെ വാർമുടി ചീകി മിനുക്കിക്കെട്ടി കല്പകപ്പൂക്കൾ ചൂടിക്കുന്നു. അവളുടെ നെററിത്തടത്തിൽ സന്ധ്യാസിന്ദൂരം തൊട്ട് രംഭ തൊട്ടരുകിൽ ചന്തം നോക്കി നില്ക്കുന്നു. നാണം കുണുങ്ങുന്ന അവളെ സ്വർഗീയ വിഭൂഷകളണിയിച്ചു തിലോത്തമ ഇക്കിളിക്കൊള്ളിക്കുന്നു. മേനക നെയ്തെടുത്ത പുത്തൻ ചേല അവളെ ഉടുപ്പിച്ചൊരുക്കുന്നു. ഗന്ധർവകന്യകകൾ സ്വർണച്ചാമരം വീശുന്നു. യക്ഷസുന്ദരികൾ വീണ മീട്ടുന്നു. കിന്നരസ്ത്രീകൾ ഗാനമാലപിക്കുന്നു. ദേവസ്ത്രീകൾ നൃത്തമാടുന്നു. എല്ലാം ഞാൻ കാണുന്നു.

എന്റെ സർവസ്നേഹസമ്പത്തും ഒന്നിച്ചൊരേകബാങ്കിൽ ഞാൻ നിക്ഷേപിച്ചു. ഈശ്വരനായിരുന്നു. അതിന്റെ സാരഥി. ആ ബാങ്ക് പൊളിഞ്ഞ് പൂട്ടിപ്പോയി. ഞാൻ പൊട്ടിത്തകർന്നു പൂജ്യമായി. ഇന്ന് എനിക്ക് കണ്ണീരിലെഴുതിയ പാസുബുക്കും അവളെ സംബന്ധിക്കുന്ന പുരശ്ശതം ഓർമകളാകുന്ന ചെക്കു പുസ്തകങ്ങളും മാത്രമേ ബാക്കിയുള്ളു. ഈശ്വരശിക്ഷയ്ക്കുള്ള സാക്ഷ്യമെന്നോണം ഞാനവ എന്നും സൂക്ഷിക്കും.

ഈ ഓർമ ഒന്നു മാത്രമേ എന്നോടൊന്നിച്ചു മരിക്കുകയുള്ളു. അത് എന്റെ മസ്തിഷ്കത്തിലും മനസ്സിലും നിമിഷം പ്രതി വളർന്നു വളർന്ന്, പടർന്നു പടർന്ന് ശാഖോപശാഖളായി പന്തലിച്ചു നിൽക്കുന്നു. ■



കവിത

സജീവ് ഇ. എസ്. L 3

# എന്റെ മരണം

സ്വപ്നം മരിച്ചുയിന്നെന്റെ ഹൃത്തിലായ്
സ്വർഗകവാടത്തിൽ സ്വസ്ഥത നഷ്ടമായ്
നീണ്ടു മെലിഞ്ഞു വിളർത്തൊരാ ദേഹത്തിൽ
വീണുകിടന്നുകരയുന്നു കാലവും.
അന്ത്യശേഷക്രിയ ചെയ്യുവാനെത്തി–
യിട്ടുണ്ടിവിടെ ദുഃഖവും കൂട്ടരും പെട്ടെന്ന്
ചൊല്ലുന്നുയെല്ലാം തയ്യാറാക്കിവച്ചിടൂ
അല്ലെങ്കിലിന്നിതനാഥമായി പോയിടും.
ആരോ പറഞ്ഞു തയ്യാറാക്കി വയ്ക്കണം
പെട്ടിയും പട്ടിന്റെ കുമ്പാരവും
നന്നായൊരുക്കണം കാണുന്ന കൂട്ടർക്ക്
നന്നെന്ന് തോന്നണം ഈയടക്ക്.
നിർത്തു വച്ചീടുന്നു ഫോട്ടോയെടുക്കുന്നു
ആർത്തു കരയുന്നു കൊച്ചുമക്കൾ
ചീർക്കും ശരീരത്തെ കാണാത്ത രീതിയിൽ
പാത്തു പതുങ്ങി നടക്കുന്നു മൂകവും.
കണ്ണുനീരില്ലാത്ത പെണ്ണുങ്ങളൊക്കെയും
കണ്ണും തിരുമ്മി ചുവപ്പിച്ചു വയ്ക്കുന്നു
"അയ്യോ!" കരയണമല്ലെങ്കിൽ നാട്ടുകാർ
അയ്യേ,യെന്നിങ്ങനെ ചൊല്ലിടില്ലേ!

കൂട്ടമായ് നിൽക്കും ജനത്തിന്റെ ചുണ്ടുകൾ
കൂട്ടമായ് ചൊല്ലി പരേതന്റെ പുണ്യത
പാട്ടുകളൊക്കെ മുഴങ്ങുന്നു ചുററിലും
ഘോഷമായി തന്നെ നടന്നു ചടങ്ങുകൾ.
സന്ധ്യ വന്നു പിന്നെ വർണങ്ങൾ വന്നിട്ട്
ഭംഗിയായ് കാര്യങ്ങൾ ചെയ്തു തന്നു
അന്ത്യമായി ദർശനം കിട്ടിയാ പെട്ടിയേ
അന്ത്യമായി മണ്ണിലേക്കാഴ്ത്തി വിട്ടു.
പിന്നെ ചിരിയായി ഉത്സാഹമേളമായ്
ശല്യമകന്നതിൻ ഘോഷമായി
ആരോ പറഞ്ഞു വരില്ലിനി സ്വപ്നവും
ഇന്നിനി പങ്കിടാം ഈ ധനങ്ങൾ!
സ്വപ്നം കരയുന്നു ഈ ശവഭൂമിയിൽ
ഇന്നത്തെ ഘോഷത്തിൻ നാട്യം കണ്ട്
ആളുകൾ തന്നുടെ സ്നേഹങ്ങളൊക്കെയും
നാണയത്തുട്ടിനു വേണ്ടി മാത്രം
ഞാനും തളരുന്നു കുഴയുന്നു കാരണം
ഞാനാണ് സ്വപ്നം; മരിച്ചതും ഞാൻ തന്നേ!



കഥ

സിൽവി ജോർജ് ബി 2

# മനുമോൾ

ഇന്ന് ബുധനാഴ്ചയാണ്. കുറെ നാളുകളായി ബുധനാഴ്ചകളെ ഞാൻ ഭയപ്പെടുന്നു. ഒരു വർഷംമുമ്പ് ഒരു ബുധനാഴ്ച ആയിരുന്നു അത് സംഭവിച്ചത്. എന്റെ എല്ലാമെല്ലാം ആയിരുന്നു മനുമോൾ. അവളെ വിധി തട്ടിയെടുത്തത് ബുധനാഴ്ചയായിരുന്നു.

കഴിഞ്ഞതെല്ലാം ഓർമയിൽ ഓടിയെത്തുന്നു. ഓർമകളിലൂടെ പരതുമ്പോൾ മനസ്സ് വേദനിക്കുന്നു. മനുമോളെ പരിചയപ്പെട്ട അന്ന്, അതെ വ്യക്തമായി ഓർമയുണ്ട്. ബസ് പണിമുടക്ക് മൂലം ഞാൻ തനിച്ച് നടന്നുപോന്നു. എന്റെ കുറച്ച് പുറകിലായി ഒരു പെൺകുട്ടി നടന്നുവരുന്നുണ്ടായിരുന്നു. അവളും തനിയെ ആയിരുന്നു. മെലിഞ്ഞ് പൊക്കമുള്ള അവൾക്ക് റോസാപ്പൂവിന്റെ നിറം ആയിരുന്നു. ഞാൻ അവളെ പരിചയപ്പെട്ടു.

'കുട്ടീടെ പേരെന്താ?' ഞാൻ ചോദിച്ചു.

'മനുമോൾ മാത്യു.' തോളററം വരെ മുറിച്ചിട്ടിരിക്കുന്ന മുടി പുറകിലോട്ട് ഒതുക്കിവയ്ക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

'എന്തേ തനിയെ?'

'ഫ്രണ്ട്സൊക്കെ നേരത്തെ പോയി.'

'എന്തിനാ പഠിക്കുന്നേ?'

'ഫസ്ററ് ഇയർ പി.ഡി.സി.യാണ്.'

'ചേച്ചീടെ പേര് ?' അവൾ ചോദിച്ചു.

'എന്റെ പേര് അനു ജോസ്. രണ്ടാം വർഷ ഡിഗ്രിക്ക് പഠിക്കുന്നു.'

'മനുമോൾടെ വീടെവിടാ?'

'കുറച്ച് അകലെയാണ്.'

'ഡാഡിക്കെന്താ ജോലി?' ഞാൻ ചോദിച്ചു.

'പട്ടാളത്തിലാണ്.'

'മമ്മിയോ?'

'സ്വർഗത്തിൽ....' അതു പറഞ്ഞതും അവൾ പൊട്ടിക്കരഞ്ഞതും ഒരുമിച്ചായിരുന്നു.

ഞാൻ ഞെട്ടിപ്പോയി. അവളെ ദുഃഖിപ്പിക്കുന്ന എന്തെങ്കിലും ഞാൻ പറഞ്ഞോ?

പിന്നീട് ഞാൻ ഒന്നും ചോദിച്ചില്ല. പക്ഷേ അവൾ വാതോരാതെ സംസാരിച്ചു കൊണ്ടിരുന്നു. അവളുടെ അമ്മ മരിച്ചുപോയെന്നും ചിററമ്മ ആണ് അവളെ വളർത്തുന്നതെന്നും ഒരു അനുജത്തി ഉണ്ട് എന്നും അവൾ പറഞ്ഞു. അവൾ എന്നോട് ചോദിച്ചു.

'അനുചേച്ചീ, എനിക്ക് ഒരു ചേച്ചി ഇല്ല. അതുകൊണ്ട് ഞാൻ ചേച്ചിയെ 'കുഞ്ഞേച്ചി' എന്ന് വിളിച്ചോട്ടെ. ചേച്ചി സമ്മതിക്കില്ലേ'

ഞാൻ അത്ഭുതപ്പെട്ടുപോയി. എനിക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ, അവൾ എന്റെ കുഞ്ഞനുജത്തി ആവുന്നതിൽ. അങ്ങനെ അവൾ എന്റെ കുഞ്ഞനുജത്തിയും ഞാൻ അവളുടെ കുഞ്ഞേച്ചിയും ആയി.

*മാത്തപ്പന് ഭാര്യയുണ്ട്, മക്കളുണ്ട്. അവരെല്ലാവരും മനുഷ്യരൂപത്തിൽ മാത്തപ്പനോടൊത്തു കഴിയുന്നു.*

നൃത്തഗാനം

കരിങ്കുന്നം ചന്ദ്രൻ

# കൂത്തമ്പലം

ആമ്പൽകുളമറിയാതെ
അരയാൽത്തറ കാണാതെ
കരിന്തിരിക്കൈയ് നീട്ടിയിരിക്കു–
ന്നുടഞ്ഞ കൂത്തമ്പലം–ഈ
അടഞ്ഞ കൂത്തമ്പലം.
ഇവിടെയൊരിക്കൽ പല്ലക്കുകളുടെ
ഹയ്യം വിളികൾ കേട്ടു–
പള്ളിവാളും പരിചയുമേന്തി
പള്ളിത്തേരു പറന്നെത്തി
അവരുടെ നടുവിൽ ചായം മുക്കിയ
കഥകൾ നിരത്തി ചാക്യാന്മാർ
അതിന്റെയീണം ചെവിയോർത്തൊപ്പം
മിഴാവു കൊട്ടി നമ്പ്യാന്മാർ.
പുത്തൻ തുവലും ചുണ്ടുമായെത്തുന്ന
പുഷ്പോത്സവ കിളിക്കൊഞ്ചൽ കേൾക്കെ
നാടുവാഴിയും നാട്ടുക്കൂട്ടങ്ങളും
നാനാദേശികരും തരിച്ചിരുന്നു
കോരിത്തരിച്ചിരുന്നു.
വിരാടപുരിയിൽ സൈരന്ധ്രിയാടിയ
വിലാപകഥയുടെ ശീലുകളിൽ
മിഴാവുകൊട്ടിയതന്നൊരു കാണാ–
ക്കിളുന്നു പെണ്ണായിരുന്നു.
അവളുടെ കണ്ണിൽ കവിളിൽ പുത്തൊ–
രനംഗ വിരുതിൽ മനമുന്നി
ധർമ്മോന്നതനാം രൂപനിരുന്നു
ധനുസ്സെടുത്തു പൂവമ്പൻ
കൂത്തു കഴിഞ്ഞടിയാന്മാരെല്ലാം
കൂട്ടം തെറ്റിയകന്നിട്ടും
കാമക്കനലിൽ ദഹിച്ചിരുന്നു
'കാണായ ദൈവം' കൂത്തറയിൽ.
എണ്ണ വിളക്കിൻ തിരിയോരോന്നായ്
കണ്ണടച്ചു കൂരിരുളിൽ
മന്മഥഭേരി മുഴങ്ങി–അറയിൽ
കന്യക കണ്ണീർച്ചാലായി.
അഗ്നിച്ചിറകുവിടർത്തി അവളൊരു
രക്തപതംഗികയായ് മാറി
കല്ലുവിളക്കിൽ തൻതല തല്ലി–
ത്തല്ലിയലച്ചവൾവീണൊടുവിൽ
അന്നുമുതൽക്കീ അമ്പലമുററ–
ത്താൽത്തറമുക്കിൽകൂത്തറയിൽ
അവളുടെ പ്രേതം പാറി നടന്നു
മിഴാവു തല്ലുന്നലറുന്നു.
മോഹദളങ്ങൾ വിടർത്തിയെറിഞ്ഞവൾ
മാടിമാടി വിളിച്ചിടും
അടുത്തു പോയാലാളിപ്പടരും
അഗ്നികുംഭമായ് മാറീടും
പൊട്ടിപ്പൊട്ടിക്കരയും വീണ്ടും
അട്ടഹസിക്കും തീ തുപ്പും
അടഞ്ഞ വാതിലിലരണ്ടിരിപ്പൂ
കൂത്തമ്പലവും ദൈവങ്ങളും

# COLLEGE DAY





College Day Stage View

ശ്രീ മാടവന ബാലകൃഷ്ണപിള്ള കോളജ് ഡേ ഉത്ഘാടനം ചെയ്യുന്നു

Hasiamela Joseph Wilson
Kerala University Winner Law
Academy Thiruvananthapuram



College Day Audience A view





സ്പോർട്സ് മേളക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള മാർച്ച്പാസ്റ്റിന് തൊടുപുഴ ഡി.വൈ.എസ്.പി. എബ്രഹാം ചെറിയാൻ സല്യൂട്ട് സ്വീകരിക്കുന്നു; സ്പോർട്സ് സെക്രട്ടറി വിൽസൺ പി.എ സമീപം.



**JIJYMON K.T**
Mr. Newman



**SHAIJU JAMES**
Junior Newman

SPORTS PHOTOS



Sports Man
**PRINCE**



Fashion Parade
**SINDHU THOMAS**



Mr. Skeleton
**GEORGE**



Fashion Parade
**GEORGE MATHEW**



Two Wheeler Fancy Dress

# COLLEGE TEAMS



BASKETBALL TEAM



CRICKET TEAM



HOCKEY TEAM

COLLEGE TEAMS



ATHLETIC TEAM



ATHLETIC TEAM



VOLLEYBALL TEAM

# WINNER'S OF SPORTS


SONY PAUL


NISANTH J. M3


SUDHY VARGHESE I1


JOHN ABRAHAM A1


GIJU JOSE


GEORGE VARGHESE E4


RAJESH RAJ


MATHEW MANCHERI


SIBY. C. MATHEW

# WINNER'S OF SPORTS


SILVI


MANJU THOMAS


NISHA JOSEPH


ELSY T. L.


SALY MATHEW


POULOSE M.Y


C.J. THANKACHAN


DIAS KURIAKOSE

പ്രതിഷേ ധം എന്നതുപോലെ അദ്ദേഹം കഫം തുപ്പി.

അകലങ്ങളിൽ ദൃഷ്ടി പായിച്ച് ചുമച്ചും തുപ്പിയും അദ്ദേഹം ഞങ്ങളോട് സംസാരിച്ചു.

"അങ്ങയുടെ കൃതികൾ ജീവിതത്തിൻെറ അംശങ്ങൾ തന്നെയാണോ?" ചോദ്യത്തിന് ഉത്തരം ലഭിച്ചത് പെട്ടെന്നാണ് .

"എന്താ സംശയം..എല്ലാ കഥകളും എൻെറ ജീവിതത്തിൻെറ ഭാഗങ്ങളാണ് . 'ബാല്യകാലസഖി' എൻെറ അനുഭവ കഥയാണെന്ന് അറിയാമല്ലോ.."

"ജന്മദിനം എന്ന കഥ...? "ചോദ്യം നിർത്തുന്നതിനു മുമ്പേ അദ്ദേഹം ഉത്തരത്തിലേക്ക് കടന്നു.

"അതേ; അതെൻെറ ജീവിതത്തിൽ നടന്നതു തന്നെയാ. പിന്നെ അല്പസ്വല്പം മാററങ്ങൾ എല്ലാ കഥകളിലും വരുത്തി യിട്ടുമുണ്ട് ."

"സാഹിത്യത്തിലേക്ക് കടന്നു വരുന്ന പുതിയ തലമുറയോട് അങ്ങേയ്ക്ക് എന്താണു പറയുവാനുള്ളത് ."

ചോദ്യം കേട്ട് അകലങ്ങളിലേക്കു ദൃഷ്ടിയയച്ച് , അദ്ദേഹം ഇരുന്നു.തൻെറ ജീവിതത്തിലേക്ക് , ആ മനസ്സ് ആഴ്ന്നിറങ്ങിയതാവാം...പുതിയ തലമുറയുടെ വഴി പിഴച്ച പ്രയാണത്തിൽ മനം നൊന്ത് ഇരുന്നതാവാം.

എന്തായാലും മറുപടി വളരെ വ്യക്തമായിരുന്നു.

"എഴുത്തുകാരൊക്കെയുണ്ട് .. പക്ഷേ എല്ലാവർക്കും അനുഭവങ്ങൾ കുറവാണ് , അല്ലേ? അനിയൻ യുവാവാണ് , ജീവിതത്തിൽ ഇതുവരെ എന്തനുഭവം ഉണ്ടായിട്ടുണ്ട് ? വല്ലതും ഉണ്ടോ? ഒരു നേരത്തെ ആഹാരം കഴിക്കാതെ അലഞ്ഞു തിരിഞ്ഞു നടന്നിട്ടുണ്ടോ? ജയിലറകളിൽ കിടന്ന് , രാജ്യത്തിനുവേണ്ടി മർദനങ്ങൾ ഏററിട്ടുണ്ടോ? ഒന്നും ഇല്ല. പക്ഷേ ഞങ്ങളുടെയൊക്കെ കഥ അതായിരുന്നില്ല. നിങ്ങൾക്ക് എഴുതാവുന്ന ആകെയുള്ള വിഷയം പ്രേമമാണ് . അതും എഴുതിയെഴുതി പഴകിയിരിക്കുന്നു. അല്ലാതെന്തുണ്ട് ?"

ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ ചുമയും കിതപ്പും കൂടിവന്നു. ഇനിയും അധികം ചോദ്യങ്ങൾ ചോദിച്ച് വിഷമി പ്പിക്കണ്ട എന്നു ഞങ്ങൾ തീരുമാനിച്ചു.

അടുത്തകാലത്ത് ബഷീറിനെ വാദിയാക്കിയും പ്രതിയാക്കിയും നടന്ന വാഗ്വാദങ്ങൾ ഞങ്ങളുടെ മനസ്സിൽ ഉയർന്നുവന്നു. മലയാളത്തനിമയുടെ എഴുത്തുകാരനായ അദ്ദേഹത്തെ അസൂയ ഒന്നുകൊണ്ടുമാത്രം ചെളി വാരി എറിയുവാൻ കച്ചകെട്ടിയിറങ്ങിയവരും,

**ഇത്രയും പറഞ്ഞു നിർത്തിയപ്പോൾ ചുമയും കിതപ്പും കൂടിവന്നു. ഇനിയും അധികം ചോദ്യങ്ങൾ ചോദിച്ച് വിഷമിപ്പിക്കണ്ട എന്നു ഞങ്ങൾ തീരുമാനിച്ചു.**

അതിന് പിൻതാങ്ങായി പ്രവർത്തിച്ചവരും വളരെ ചുരുക്കമാണെന്ന് നമുക്കറിയാം. എങ്കിലും ഒട്ടും ആശാസ്യമല്ലാത്ത രീതിയിൽ, ബഷീറിനെ കശാപ്പു ചെയ്യുവാൻ അക്കൂട്ടർ നിരത്തിലിറങ്ങി. പക്ഷേ ബഷീറിൻെറ പ്രശസ്തി ഒന്നുകൂടി വർധിക്കുകയല്ലാതെ കുറഞ്ഞില്ല.

ഇക്കാര്യത്തെപ്പററി ചോദിക്കാതെ പോയാൽ യാത്ര സഫലമാകില്ലായെന്ന് ഞങ്ങൾക്കറിയാം.

"നിരൂപകൻമാർക്ക് സാഹിത്യാസ്വാദകരെ സ്വാധീനിക്കുവാൻ എത്ര കണ്ട് കഴിയും.."

"നിരൂപകന്മാർ കാണും. എഴുത്തുകാരില്ലെങ്കിൽ അവർക്കു നിലനിൽപ്പില്ല. ഉണ്ടോ? വായനക്കാർ പുസ്തകം വായിക്കുക; ചിന്തിക്കുക. നിരൂപകൻമാർ പലതും എഴുതും. അതവരുടെ അഭിപ്രായ ങ്ങൾ മാത്രമാണ് ."

"അങ്ങയുടെ കൃതികൾക്കു നേരെയുണ്ടായ വിമർശനങ്ങളെപ്പററി"

"ഞാൻ എഴുത്തു തുടങ്ങിയിട്ട് അര നൂററാണ്ട് കഴിഞ്ഞു.വായനക്കാർ എന്നും എൻെറ കൂടെയുണ്ട് . പിന്നെ, ആർക്കും ആരെയും കരി തേച്ചു കാണിക്കുവാൻ വിഷമമൊന്നുമില്ല....എട്ട് പുസ്തകങ്ങൾ എൻെറ കൃതികളെപ്പററി ഇറങ്ങിയിട്ടുണ്ട് . അതിൽ ഒരു പുസ്തകം മാത്രമേ എന്നെ ചീത്ത വിളിച്ചുകൊണ്ടിറക്കിയിട്ടുള്ളു..."

പറയുന്നതിനുമപ്പുറം അർഥം നൽകുന്ന വാക്കുകൾ. ബഷീറിൻെറ കൃതികളിലൂടെ അദ്ദേഹം മനുഷ്യമനസ്സിൽ ജീവിക്കും.

നീട്ടിയും കുറുക്കിയും പലതും ഞങ്ങളോടു സംസാരിച്ചു.

ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

ഞങ്ങളെ അനുഗ്രഹിച്ച് കോഴിക്കോടൻ ബീഡിയും വലിച്ചിരിക്കുന്ന ബേപ്പൂർ സുൽത്താനെ ഒന്നുകൂടി നോക്കി...

...ഞങ്ങൾക്ക് ഇനിയും ബഹുദൂരം മുന്നോട്ടു പോകുവാനുണ്ട് ...

ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും കടമ്പകൾ നിറഞ്ഞതാണ് യാത്രയെങ്കിലും,

അവയെല്ലാം സന്തോഷത്തോടെ അനുഭവിച്ചേ പററൂ. അപ്പോഴും, ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ അനുഭവങ്ങളുടെ ഭണ്ഡാരവുമായി കഴിയുന്ന ആ വലിയ മനുഷ്യനെക്കുറിച്ചുള്ള ഓർമ നിറഞ്ഞു നിൽക്കും...

ശുഭയാത്ര. ■

NEW MAN Voice '91

# നിസംഗതയുടെ കൂടാരത്തിൽ



എൻ.പി. മുഹമ്മദ്

യാത്രയിൽ പലതും അനുഭവിക്കേണ്ടിവരുന്നു;

കഷ്ടപ്പാടുകളും ദുരിതങ്ങളും,

സന്തോഷങ്ങളും,

സംതൃപ്തികളും...

അനുഭവസ്ഥരുടെ മുൻപിൽ, സ്വയം ഇല്ലാതായിത്തീരുന്ന അവസ്ഥയിൽ ഞങ്ങളിരുന്നു...

കാലത്തിൻെറ ക്രൂരതകളോ, മർദ്ദനങ്ങളോ ഒന്നും,

ഏററുവാങ്ങിയിട്ടില്ലാത്ത ഞങ്ങൾ; അല്ല നമ്മൾ...

അനുഭവസ്ഥരെ തേടിയുള്ള യാത്രയിൽ ഒടുവിൽ എത്തിച്ചേർന്നത് എൻ.പി.യുടെ ഓഫീസിലാണ് . കേരളകൗമുദിയുടെ ഓഫീസിൽ.

എൻ.പി. മുഹമ്മദ് എന്ന എഴുത്തുകാരൻെറ മുന്നിൽ, അറിവിൻെറ മുത്തുകൾക്കു വേണ്ടി ഞങ്ങളിരുന്നു...

ആത്മാംശം കലർന്ന വാക്കുകളെ തൻെറ തൂലികയ്ക്കനുയോജ്യമായ രീതിയിൽ, അവതരിപ്പിച്ച് സംതൃപ്തി കണ്ടെത്തുന്ന പച്ചയായ ഒരു മനുഷ്യൻ...

നിറഞ്ഞ പുഞ്ചിരിയിൽ ജീവിതത്തിൻെറ ലാളിത്യം മുഴുവൻ ആവാഹിച്ച എൻ.പി.

കോളേജ് മാഗസിൻെറ കാര്യം പറയുവാനാണ് ഞങ്ങൾ എത്തിച്ചേർന്നത് എന്നു പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചു...

"ആരും ആരേയും ഉപദേശിച്ചിട്ടോ, ആദർശം പറഞ്ഞുകൊടുത്തിട്ടോ യാതൊരു കാര്യവുമില്ല. ഉപദേശം കൊണ്ട് ഒരു മനുഷ്യനും നന്നാവുന്നുമില്ല." ലളിതമായ ശൈലിയിൽ എൻ.പി. പറഞ്ഞുനിർത്തി.

കോളേജ് മാഗസിനുവേണ്ടി അദ്ദേഹം ഞങ്ങളുടെ ഡയറിയിൽ ഇങ്ങനെയെഴുതി.

"ഒഴിവു കിട്ടുമ്പോൾ കോളേജ് മാസികകൾ വായിക്കുന്ന സ്വഭാവം എനിക്കുണ്ട് . അവയിൽ പലതും എന്നെ ആകർഷിക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ നാട്ടിൽ കലാലയ പ്രതിഭകളുടെ സൃഷ്ടികൾ ഗൗരവപൂർവമായ പരിഗണനയ്ക്ക് വിധേയമാക്കാറുണ്ടോ എന്ന് സംശയിക്കാറുണ്ട് . മറുനാടുകളിലെ സ്ഥിതി എങ്ങനെയാണെന്നെനിക്ക് നിശ്ചയമില്ല. എന്നാൽ അമേരിക്കൻ സാഹിത്യത്തിന് ഒരാമുഖം തന്ന ഒരു കൃതിയിൽ ആദ്യമായി കൊടുത്തത് ഒരു വിദ്യാർഥിയെഴുതിയ ചെറുകഥയായിരുന്നു. അതിനു പ്രഥമസ്ഥാനം നൽകിയതിൽ ഒട്ടും അത്ഭുതമുണ്ടായിരുന്നില്ല. പ്രശസ്ത നോവലിസ്ററായ സോയർസെററ് മോമാണ് ഈ സമാഹാരത്തിൻെറ എഡിററർ. നമ്മുടെ നാട്ടിലുണ്ടാക്കുന്ന സമാഹാരങ്ങളിലൊന്നും തന്നെ ഇങ്ങനെ ചെയ്യാറില്ല. മുകളിൽ പറഞ്ഞ കഥ തിരഞ്ഞെടുക്കുവാൻ 2000 കോളേജ് മാഗസിനുകൾ സോയർ വായിച്ചിരുന്നുവത്രെ..."

മാഗസിന് ഒരു പുതിയ മാനം നൽകുവാൻ, മനസ്സിലുള്ള ആഗ്രഹത്തിന് ആക്കം കൂടി. പ്രതീക്ഷകൾക്ക് നിറം ചാർത്തുന്ന പ്രോത്സാഹനം തന്ന എൻ.പി.യോട് നന്ദി പറഞ്ഞ് ഞങ്ങളിറങ്ങി...ചുട്ടുപൊള്ളുന്ന നിരത്തിലൂടെ, പുതിയ ലക്ഷ്യത്തിലൂന്നം വച്ചുകൊണ്ട് നടന്നു...

ഇനിയും പടികൾ പലതും കയറേണ്ടതുണ്ട് .

മുന്നോട്ട് ...

**നിറഞ്ഞ പുഞ്ചിരിയിൽ ജീവിതത്തിൻെറ ലാളിത്യം മുഴുവൻ ആവാഹിച്ച എൻ.പി.**

■

# അരങ്ങുകാണാത്ത നടനെത്തേടി...

കോഴിക്കോടൻ യാത്രയിലെ അവിസ്മരണീയങ്ങളായ നിമിഷങ്ങളെ ഓർത്തുകൊണ്ട് , ചുട്ടുപൊള്ളുന്ന വെയിലിലൂടെ ഞങ്ങൾ നടന്നു.

ഇനിയാത്ര, അരങ്ങുകാണാത്ത നടനെത്തേടിയാണ് .

ഒരു കാലത്ത് മലയാള നാടകവേദിയിൽ നിറഞ്ഞുനിന്ന് കാണികൾക്ക് ഹരം പകർന്ന എഴുത്തുകാരനും കലാകാരനും ഒക്കെയായ തിക്കോടിയനെത്തേടിയാണ് യാത്ര.

അജിത പറഞ്ഞുതന്ന വഴിയിലൂടെ വീടിനടുത്തെത്തി.

ഗേററുകടന്ന് വീടിനടുത്തെത്തുമ്പോഴും, എന്തു ചോദിക്കണം എന്ന രൂപമുണ്ടായിരുന്നില്ല.

ഒക്കെ ശരിയാവും എന്നു സമാധാനിച്ച് തുടിക്കുന്ന ഹൃദയവുമായി സ്വീകരണമുറിയിലിരുന്നു.

അദ്ദേഹം എത്തി.

ചിരിക്കുന്ന മുഖം കണ്ടപ്പോൾ തന്നെ പകുതി ആശ്വാസമായി.

"അങ്ങ് നാടകരംഗവുമായി വളരെ അടുത്ത് പ്രവർത്തിച്ചിട്ടുണ്ടല്ലോ, ഈ രംഗത്ത് അന്നും ഇന്നും ഉള്ള മാററങ്ങൾ എന്തൊക്കെയാണ് ?"

"നാടകരംഗത്ത് അന്നും ഇന്നും മാററങ്ങൾ ഇല്ല. ഇതൊരു തുടർപ്രക്രിയയാണ് . കലയെന്നത് അനുസ്യൂതമായ പ്രവാഹമാണ് . പിന്നെ ജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്താൻ മററ് ഏത് കലകളേക്കാൾ നാടകത്തിന് കഴിയുന്നു."



തിക്കോടിയൻ

"നാടകത്തിന്റെ ഇന്നത്തെ പ്രസക്തി?"

"പച്ചയായ മനുഷ്യൻ കലയുമായി ബന്ധപ്പെടുന്നതാണ് നാടകത്തിൽ കാണുന്നത് . എന്നാൽ വെള്ളിത്തിരയിൽ ഇത് മിഥ്യാധാരണയായി മാറുന്നു. ഏത് കാലത്തും എത്രവലിയ സിനിമ വന്നാലും നാടകത്തിന്റെ പ്രസക്തി കുറയുന്നില്ല. പിന്നെ നാടകം ഒരു അദ്ധ്വാനമുള്ള ജോലിയാണ് . ഇത് സ്വാഭാവികത ജനിപ്പിക്കുന്നു."

"ഇന്നത്തെ നാടകത്തിന്റെ അവസ്ഥ?"

"അന്നും, ഇന്നും ഉള്ള വ്യത്യാസങ്ങൾ ഇല്ലായെന്ന് ഞാൻ ആദ്യമേ പറഞ്ഞു. പിന്നെ നാടകം എന്നത് ഒരു ചടങ്ങായിത്തീർന്നിരിക്കുന്നു. നാടകാവതരണത്തിന് രണ്ടാഴ്ച മുമ്പാണ് 'സാധനം' ഉടനെയിങ്ങ് തരണം എന്നു പറഞ്ഞ് നാടകകൃത്തുക്കളുടെ പുറകെ സംഘാടകർ കൂട്ടുന്നത് . ഇതൊക്കെ പരിഹാസ്യമാണ് . ഇന്ന് കച്ചവട നാടകങ്ങൾക്ക് കൂടുതൽ പ്രതിഫലം കൂട്ടുന്നു."

"നാടകത്തിന് പുതിയ ഒരു ഉണർവ്വ് , പ്രതീക്ഷിക്കുന്നുണ്ടോ?"

"നാടകം പ്രേക്ഷകനു വേണ്ടിയുള്ളതാണ് . അത്തരത്തിൽ വേണം അത് സംവിധാനം ചെയ്യേണ്ടത് . ഇന്ന് ശരിയായ സംവിധായകരില്ല എല്ലാവരും സംവിധായകരാവുകയാണ് . നാടകത്തിന് ഇന്നുള്ളതിലധികം പ്രാധാന്യം ലഭിക്കണമെങ്കിൽ അത് പഠിക്കുവാനുള്ള — അഭ്യസിക്കുവാനുള്ള— സാഹചര്യം സ്കൂൾ, കോളജ് തലങ്ങളിൽ ലഭിക്കണം ഈ ആശയം തന്നെയാണ് പരേതനായ ജി. ശങ്കരപ്പിള്ള ആവിഷ്കരിച്ചു നടപ്പിലാക്കിയത് . അതുപോലെയുള്ള പ്രവർത്തനങ്ങളിലൂടെ മുന്നേറിയാൽ നാടകം പ്രേക്ഷകന്റെ കലയാണ് ..."

"നാടകരംഗത്ത് അന്നും ഇന്നും മാററങ്ങൾ ഇല്ല. ഇതൊരു തുടർപ്രക്രിയയാണ്. കലയെന്നത് അനുസ്യൂതമായ പ്രവാഹമാണ്. പിന്നെ ജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്താൻ മററ് ഏത് കലകളേക്കാൾ നാടകത്തിന് കഴിയുന്നു."

കോളജ് മാഗസിനുവേണ്ടി അദ്ദേഹം കുറിച്ചുതന്ന സന്ദേശവുമായി ഞങ്ങൾ നന്ദി പറഞ്ഞ് പടികളിറങ്ങി. തന്റെ അരങ്ങിനുവേണ്ടി കാത്തിരിക്കുന്ന ആ കലാകാരന്റെ . ആത്മാർഥതയായിരുന്നു മനസ്സിൽ. ഇനിയും നമ്മുക്ക് എത്രയോ ജീവിതനാടകങ്ങളിൽ പയററിത്തെളിയേണ്ടിയിരിക്കുന്നു. ■



# മലയാളത്തിന്റെ മുത്ത്

"..... മഹാത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന മഹാസമുദ്രങ്ങളേക്കാൾ, എനിക്കിഷ്ടം എന്റെ കൊച്ചു നിളാ നദിയാണ് " എന്നു പ്രസ്താവിച്ച മലയാളത്തിന്റെ അഭിമാനമായ എം.ടി. വാസുദേവൻനായർ എന്ന കഥാകാരനെ കാണുന്നതിനുവേണ്ടി ഞങ്ങൾ 'മാതൃഭൂമി'യിൽ എത്തി.

"സാഹിത്യം എനിക്കൊരു വേദനയായിരുന്നു, ആത്മാവിന്റെ ദാഹമായിരുന്നു, സ്വപ്നമായിരുന്നു." എന്നു പറഞ്ഞ കഥാകാരനെ കാണുവാൻ മനസ്സ് തുടിച്ചു. സാഹിത്യത്തിൽ എഴുത്തുകാരൻ പ്രശ്നമല്ല എഴുത്ത പ്രശ്നമാവുന്നുള്ളൂവെന്ന ചിന്താഗതിക്കാരനായ മലയാളികളുടെ പ്രിയപ്പെട്ട കലാകാരൻ...

"എനിക്കു വേണ്ടിയാണ് ഞാനെഴുതുന്നത് . എഴുതുമ്പോൾ എന്റെ മുമ്പിൽ പത്രക്കാരില്ല, പ്രസാധകന്മാരില്ല, വായനക്കാരുമില്ല. ഇതൊക്കെ ഞാനെഴുതുന്ന കഥയുടെ ഭൗതിക ജീവിതത്തിന്റെ വശങ്ങളാണ് . എഴുതിത്തീർന്ന ശേഷമേ ഇതെല്ലാം വരുന്നുള്ളൂ. കഥയുടെ ആത്മീയ ജീവിതം എന്നിൽത്തന്നെയാണ് . എന്റെ ഹൃദയത്തിലാണതു മുളയ്ക്കുന്നത് . കിളിർക്കുന്നതും പടരുന്നതും പൂത്തുകയറുന്നതും എന്റെ ഹൃദയത്തിൽത്തന്നെ."

ഇത് എം.ടിയുടെ വാക്കുകളാണ് ; അല്ല എം.ടിയെപ്പോലെ പ്രതിഭാധനനായ ഒരാൾക്കെ ഇതു പറയാനാവൂ. ആ എം.ടിയെ കാണുന്നതിനാണ് ഞങ്ങൾ എത്തിയിരിക്കുന്നത് . പ്രശസ്ത കഥാകാരനായ മാതൃഭൂമിയിലെ ശത്രുഘ്നന്റെ സഹായത്തോടെ, മാതൃഭൂമി പത്രാധിപർ കൂടിയായ എം.ടിയുടെയടുക്കൽ ഞങ്ങളെത്തി.

ഇരിയ്ക്കുവാനുള്ള അനുമതി ആംഗ്യം കൊണ്ട് നൽകി.

ഞങ്ങളിരുന്നു.

പരിചയപ്പെടുത്തി.

"ഞങ്ങൾ തൊടുപുഴയിൽ നിന്നാണ് . സാറിനെ കാണുവാനും കോളജ് മാഗസിനുവേണ്ടി എന്തെങ്കിലും ചോദിക്കുവാനും വന്നതാണ് ."



എം.ടി. വാസുദേവൻനായർ

അദ്ദേഹത്തിന്റെ മറുപടി കിട്ടി.

"ഇന്റർവ്യൂ ഒന്നും ഞാനനുവദിക്കാറില്ല. വെറുതെ സമയം കളയുന്നതെന്തിന് ; വയസ്സെത്ര? എന്ന് എഴുത്തു തുടങ്ങി? എന്തൊക്കെ എഴുതി? തുടങ്ങിയുള്ള ചോദ്യങ്ങൾക്ക് മറുപടി കൊടുക്കേണ്ടിവരും. അതു കൊണ്ടാണ് . പിന്നെ, എന്റെ സാഹിത്യ രചനകളെപ്പററി അറിയണമെങ്കിൽ, അതേപ്പററി ഞാൻ രണ്ടു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട് ; അവ വായിച്ചാൽ മതി. നിങ്ങളുടെ മാഗസിന്റെ പേരെന്താണ് ?"

"ന്യൂമാൻസ് വോയിസ് ."

ഞങ്ങൾ പറഞ്ഞു.

"ഞാൻ കേട്ടിട്ടുണ്ടല്ലോ."

അല്പം ഇടവേളയ്ക്കു ശേഷം അദ്ദേഹം തുടർന്നു.

"സാഹിത്യത്തെപ്പററി, എന്തെങ്കിലും എന്നിൽ നിന്നും അറിയണമെങ്കിൽ, ചോദ്യങ്ങൾ അയച്ചുതന്നാൽ മതി. ഞാൻ തീർച്ചയായും മറുപടി അയയ്ക്കാം."

ഞങ്ങൾക്കു സന്തോഷമായി. മാഗസിനുവേണ്ടി ഞങ്ങളുടെ ഡയറിയിൽ രണ്ടു വാക്ക് അദ്ദേഹം സന്തോഷപൂർവ്വം കുറിച്ചുതന്നു.

അല്പനേരം കൂടി ഓരോന്നു സംസാരിച്ചിരുന്ന് , പിന്നെ നന്ദി പറഞ്ഞ് പുറത്തിറങ്ങി.

"അസംതൃപ്തമായ ആത്മാവിനു വല്ലപ്പോഴും വീണുകിട്ടുന്ന ആഹ്ലാദത്തിന്റെ അസുലഭനിമിഷങ്ങൾക്കു വേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടി, ഞാനെഴുതുന്നു..." എന്നു പറഞ്ഞ കഥാകാരനെ കണ്ടതിലുള്ള സംതൃപ്തി മനസ്സിൽ നിറഞ്ഞു നിന്നു.

"ഒരു കലാലയത്തിലെ പ്രതിഭകളുടെ ശബ്ദമാണല്ലോ ഈ മാസിക. ആൾക്കൂട്ടത്തിന്റെ വിരസത്തിനിടയ്ക്ക് വേറിട്ട് കേൾക്കാവുന്ന ശബ്ദമായി ഇത് ഉയരട്ടെ എന്നാശംസിക്കുന്നു. നന്മകൾ നേർന്നുകൊണ്ട്."

എം.ടി.

കോഴിക്കോട് നഗരത്തിലെ ജനസഞ്ചയത്തിൽ ഞങ്ങൾ അലിഞ്ഞു ചേരുമ്പോഴും മനസ്സിൽ മലയാളത്തിന്റെ മുത്തായ, 'കാല'ത്തിന്റെ കഥാകാരനായ, 'നാലുകെട്ടി'ന്റെ കഥാകാരനായ എം.ടി. ആയിരുന്നു. ■

NEW MAN Voice '91

# ചുവന്ന മണ്ണ്

ഒരു കാലത്ത് കേരളത്തിലെ വിപ്ലവ പ്രസ്ഥാനങ്ങൾക്ക് ചുക്കാൻ പിടിച്ച കുന്നിയ്ക്കൽ നാരായണന്റെ മകൾ അജിതയുടെ വീടു ലക്ഷ്യമാക്കി നടക്കുമ്പോൾ മനസ്സിൽ നിരവധി സംഭവങ്ങൾ നിറയുകയായിരുന്നു.

അക്രമത്തിന്റെ വഴിയിലൂടെ നക്സലൈററ് പ്രസ്ഥാനത്തിലൂടെ ലക്ഷ്യത്തിലേയ്ക്ക് കുതിക്കാൻ ശ്രമിച്ച ധൈര്യശാലിയായ സ്ത്രീരത്നം — അജിത.

പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിന് തടസം നിൽക്കുന്ന എന്തിനേയും, എതിരിട്ട് പരാജയപ്പെടുത്തുവാൻ, ജീവിതം തന്നെ ഉഴിഞ്ഞുവച്ച വിപ്ലവപെൺകൊടി — അജിത.

പ്രത്യയശാസ്ത്രങ്ങൾ കടലാസിലൊതുങ്ങുകയല്ല വേണ്ടത്, പ്രവൃത്തിയിൽ കൊണ്ടുവരുകയാണ് ചെയ്യേണ്ടതെന്ന് കാണിച്ചുതന്ന അജിതയുടെ വീട്ടിൽ ഞങ്ങളെത്തി.....

സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ നായകത്വം ഏറെറടുത്ത് പ്രവർത്തിക്കുന്ന അവർ ഞങ്ങളെ സ്നേഹത്തോടെ സ്വീകരിച്ചു.

"സ്ത്രീവിമോചന പ്രസ്ഥാനത്തിന്റെ പ്രാധാന്യം എന്താണ് "

ഒട്ടും ആലോചിക്കാതെ തന്നെ അവർ മറുപടി നൽകി.

"ഇൻഡ്യൻ സ്ത്രീകളുടെ ഇന്നത്തെ പീഡനാവസ്ഥയിൽ നിന്നുള്ള മോചനത്തിനുവേണ്ടി, സ്ത്രീകളെ ചിന്തിക്കുന്നവരാക്കിയത് സ്ത്രീവിമോചന പ്രസ്ഥാനമാണ്. മാത്രമല്ല, പുരുഷ മേധാവിത്വം അഥവാ പ്രെട്രിയർക്കിയുടെ കീഴിൽ സ്ത്രീകൾ അനുഭവിക്കുന്ന യാതനകൾ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ വരെ മനസ്സിലാക്കാതിരുന്ന സാഹചര്യത്തിലാണ് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

"ഈ പ്രസ്ഥാനം എത്രകണ്ട് വിജയിക്കുമെന്ന് പ്രതീക്ഷയുണ്ട് ?"

"... പടിപടിയായിട്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമെ സ്ത്രീകളുടെ ആവശ്യങ്ങൾ നേടിയെടുക്കാനാവൂ.. മാർക്സിസ്ററ് കമ്മ്യൂണിസത്തെയാണ് ഞാൻ ഉയർത്തിപ്പിടിക്കുന്നത് ..."

"സ്ത്രീവിമോചന പ്രസ്ഥാനത്തിന് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തടസം നിൽക്കുന്നുണ്ടോ?"

"പുരുഷ മേധാവിത്വത്തെ പ്രോത്സാഹിപ്പിക്കുന്ന ചിന്താഗതികളാണ് നമ്മുടെ പാഠപുസ്തകങ്ങളിൽ കാണുന്നത്. രണ്ടാം ക്ലാസ്സിലെ കവിതതന്നെ ഇതിന്റെ മുന്നോടിയായി മാറേറണ്ടിവരും.

"അമ്മതന്നെ എന്നെ കുളിപ്പിക്കണം" എന്ന കവിത ശ്രദ്ധിക്കുക. ഈ കവിതയിലൂടെ അമ്മയെക്കുറിച്ചുള്ള വ്യത്യസ്ത സങ്കല്പങ്ങളാണ് കുട്ടിയുടെ മനസ്സിൽ ജനിപ്പിക്കുന്നത്. അമ്മയെന്നാൽ ഇതൊന്നുമല്ല; ഒരു സ്ത്രീയാണ്. അവൾക്ക് തനതായ വ്യക്തിത്വമുണ്ട്. ഈ വിഷയം സ്ത്രീകളുടെ ഇടയിൽ ചർച്ചയ്ക്ക് വിട്ടുകൊടുക്കുക എന്നുള്ളതാണ് വിമോചന പ്രസ്ഥാനത്തിന്റെ മുഖ്യ ഉദ്ദേശ്യവും."

"ഈ പ്രസ്ഥാനംകൊണ്ട് സമൂഹത്തിൽ മാററങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ?"

"സ്ത്രീകൾക്കൊരു പീഡിതാവസ്ഥയുണ്ടെന്നും, അവൾ അടുക്കള ജോലിമാത്രം വിധിക്കപ്പെട്ടവളല്ലെന്നും, സ്ത്രീകളുടെ ഇടയിൽതന്നെ ഒരു പ്രാഥമികബോധം ശക്തിപ്പെട്ടുവരുന്നുണ്ട് ......"

"കോളജുകളിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുകയില്ലെ?"

"കോളജ് വിദ്യാഭ്യാസത്തിൽ, മിക്സഡ് —കോളജുകൾ ആണ് ആവശ്യം.

വിമൻസ് കോളജുകളിലെ പെൺകുട്ടികളേക്കാൾ എല്ലാക്കാര്യങ്ങളിലും അറിവുള്ളത് മിക്സഡ് —കോളജിലെ കുട്ടികൾക്കാണ്. സംഘടനകൾക്ക് കാമ്പസ്സിൽ സജീവമായി പ്രവർത്തിക്കുവാൻ വേദിയുണ്ടെങ്കിലും രാഷ്ട്രീയ സാഹചര്യങ്ങൾ അതിനനുവദിക്കുന്നില്ല."

"മതപരമായ ആചാരങ്ങൾ ഏതുതരത്തിൽ ബാധിക്കുന്നു.."

"മതപരമായ ആചാരങ്ങൾ സ്ത്രീകളെ ഇല്ലായ്മ ചെയ്യുന്നവയാണ്. അതിനാൽ വിമോചന പ്രസ്ഥാനത്തിൽ മതത്തിന് പ്രാധാന്യം കൊടുക്കുന്നില്ല."

അനുഭവങ്ങളുടെ തുരുത്തിലൂടെ ഞങ്ങൾ നടന്നു. സംഭവബഹുലമായ ജീവിതത്തിന്റെ ഭിന്നമുഖങ്ങളിലൂടെ ഞങ്ങൾ നടന്നു..... ലക്ഷ്യത്തിലൂടെ, മാർഗങ്ങളെ അവഗണിച്ച് നടന്നു നീങ്ങിയ അജിതയോട് യാത്രപറഞ്ഞിറങ്ങി.


അജിത

"നാടിന്റെ ഭാവിക്കു വേണ്ടി എല്ലാ അനീതികൾക്കും അസമത്വങ്ങൾക്കും എതിരെ പോരാടുക.'
സ്നേഹപൂർവ്വം,
അജിത


ഏതൊരു മംഗള മുഹൂർത്തത്തിനും മാററു കൂട്ടുന്ന ഫാഷൻ സ്വർണാഭരണങ്ങൾക്ക്

**മണ്ണൂർ ജ്വല്ലറി**

മണ്ണൂർ ബിൽഡിങ്, മെയിൻ റോഡ്
തൊടുപുഴ
Phone 2009 Res. 2698, 2076

വിദ്യാർഥികൾക്കാവശ്യമുള്ള എല്ലാവിധ സ്റേറഷനറി സാധനങ്ങൾക്കും നോട്ടുബുക്ക്, ഗൈഡ് മുതലായവയ്ക്കും

**NEWMAN COLLEGE CO-OPERATIVE STORE LTD. NO. 1-160**
Thodupuzha East P.O.

ഗൈഡുകൾ 10 ശതമാനവും നോട്ടുബുക്ക്, സ്റേറഷനറി മുതലായവയ്ക്ക് 5 ശതമാനവും ഡിസ്കൗണ്ട് അനുവദിക്കുന്നു.

*Best Compliments from*

**Evershine Studio**
Kanjiramattom Junction
Thodupuzha
Phone 3242

**മാതാ ടയേഴ്സ്**

മങ്ങാട്ടു കവല തൊടുപുഴ
Ph. 3283

എല്ലാത്തരം വാഹനങ്ങളുടെ ടയറുകളും ഉത്തരവാദിത്വത്തോടുകൂടി റീ ട്രേഡ് ചെയ്തു കൊടുക്കുന്നു

# Tectone

Here your Dreams comes true
It is a real feast for your eyes
at affordable prices

*Manufacturers of* all kinds of wooden
Doors, Window Frames, Panels, C.K.D. &
S.K.D. Furniture and wooden components

*Please Visit:*

**Tectone Furnishings (P) Ltd.**

*Office*:
Chelur Chambers Ravipuram Road,
Ernakulam Kerala - 682 016
Ph. 366066

*Factory*
Puthupariyaram P.O. Thodupuzha
Ph. Resi. 2304 2228



*Best Compliments from*

## അക്വിനാസ് കോളജ്

**മുതലക്കോടം**

Phone 2834

അച്ചടക്കത്തിലും വിജയ ശതമാനത്തിലും ഉയർന്ന നിലവാരം
അനേക വർഷങ്ങളായി ഈ സ്ഥാപനം പുലർത്തി വരുന്നുണ്ട്
**PDC, Degree—III, IV** ഗ്രൂപ്പുകളാണ് ഇവിടെ ഉള്ളത് (എല്ലാ സമ്മർ വെക്കേഷനും ഇവിടെ ഇംഗ്ലീഷ് സ്പെഷ്യൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്)

**Principal**



*നിങ്ങളുടെ കണ്ണുകളെ നിങ്ങൾ വിശ്വസിക്കരുത് പക്ഷേ. . . . . . .*

സ്വർണാഭരണ വ്യാപാരരംഗത്ത്
46 വർഷത്തെ പാരമ്പര്യമുള്ള
ഞങ്ങളെ നിങ്ങൾക്ക് കണ്ണുമടച്ചു വിശ്വസിക്കാം

## എടക്കര ജ്വല്ലറി

രാമപുരം

Phone Office 321 521 Res. 244 439




# രാജീവ് സ്വതന്ത്ര ഭാരതത്തിന്റെ തുറന്നിട്ട ജാലകം

രാജീവ് ഇന്ത്യയുടെ ഒരു വിപ്ലവസ്വപ്നമായിരുന്നുവെന്നു പറയുന്നത് ഒരല്പം അധികപ്പററായ പ്രസ്താവനയായിരിക്കാം. പക്ഷേ ഓർക്കുക, അദ്ദേഹം ഒരിക്കലും ഒരു പഴഞ്ചൻ നേതാവായിരുന്നില്ല. എല്ലാ ഇന്ത്യാക്കാരോടുമൊപ്പം എന്നും എപ്പോഴും ഒരടി മുന്നിൽ സഞ്ചരിക്കുവാൻ ഇഷ്ടപ്പെട്ട മര്യാദക്കാരനായ ഒരു ചെറുപ്പക്കാരൻ.



ഒരു രാജ്യം പുലരുന്നത് ആ രാജ്യത്തിന്റെ നേതാവിന്റെ സ്വപ്നങ്ങളിൽകൂടിയാണെന്നു രാജീവ് ഉറച്ചു വിശ്വസിച്ചു. അതുകൊണ്ടുതന്നെ താൻ പഠിച്ച ചരിത്രത്തിന്റെ മഹത്തായ പാഠങ്ങളിൽ നിന്നു ബഹുദൂരം മുന്നിട്ടു സഞ്ചരിക്കുവാൻ രാജീവിനു കഴിഞ്ഞു. മററാർക്കുമില്ലാത്തവിധം ഇന്ത്യയുടെ ഉൾത്തലങ്ങളെ തൊടാൻ പോന്ന ആ കർമ്മവ്യഗ്രത രാജീവിന്റെ മാത്രം പ്രത്യേകതയായിരുന്നു. അടങ്ങാത്ത ഇച്ഛാശക്തികൊണ്ട് ഇന്ത്യാക്കാരന്റെ ഒട്ടനവധി മോഹനസങ്കല്പങ്ങൾക്ക് രാജീവ് ജീവൻ കൊടുത്തു.

സങ്കടകരങ്ങളായ നിരവധി വൈതരണികൾക്കു നടുവിൽ നിന്ന് അധികാര സോപാനങ്ങളിലേക്കെടുത്തുയർത്തപ്പെട്ട ഒരു നേതാവായിരുന്നു രാജീവ്. അമ്മയുടെ മരണം കൊണ്ടുവന്ന മഹാദുഃഖം, രാജ്യം നേരിടുന്ന അനിശ്ചിതാവസ്ഥ —അങ്ങനെ പലതും. പക്ഷേ, രാജീവെല്ലായിടത്തും ധീരതയുടെയും സമചിത്തതയുടെയും ഉത്തമനിദർശനമായി പ്രശോഭിച്ചു. തഴക്കത്തിലും പഴക്കത്തിലും വളർച്ച മുററിനിന്ന, തലമുതിർന്ന, പരിചയസമ്പന്നരായ, കൊലകൊമ്പൻ രാഷ്ട്രീയക്കാർക്കിടയിൽ രാജീവ് എന്ന രാഷ്ട്രീയ പുതുമുഖം സൃഷ്ടിച്ച കർമ്മധീരതയുടെയും സന്മനോഭാവത്തിന്റെയും അസുലഭ മുഹൂർത്തങ്ങൾ ശത്രുക്കളെയും മിത്രങ്ങളെയും ഒരുപോലെ അമ്പരപ്പിച്ച ഒന്നായിരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന് ഒരു പുതിയ അർത്ഥഗാംഭീര്യം തന്നെ നല്കി രാജീവ്. എളിയ തുടക്കം, അതിശയകരമായ മുന്നേററം—അതായിരുന്നു രാജീവ്.

ധീരതയുടെ ഒരു പുതിയ പര്യായമായിരുന്നു രാജീവ്. ധീരനെക്കുറിച്ചുള്ള പല നെടുങ്കൻ സങ്കല്പങ്ങളെയും തച്ചുടച്ച സുന്ദരൻ. തനിക്കു നേരെ നടന്ന എല്ലാ വധശ്രമങ്ങളിലും എത്രയോ അചഞ്ചലനായിരുന്നു അദ്ദേഹം! നമ്മൾ ഇന്നോളം കാണാത്ത ഒരു മുഖ പ്രസാദം. ഇന്ത്യയിലെ ദരിദ്രജനത കണ്ട പ്രതീക്ഷാനിർഭരമായ ഒരു മുഖമായിരുന്നു രാജീവിന്റേതെന്നു പറഞ്ഞാൽ അത് അതിശയോക്തിയാകുമോ? കലാപ ബാധിത പ്രദേശങ്ങളിലും അസ്വസ്ഥമേഖലകളിലും ഒരു രക്ഷകനെപ്പോലെ നിലകൊള്ളുവാൻ രാജീവിനു കഴിഞ്ഞിരുന്നു. ഒന്നു പറഞ്ഞേ തീരൂ —ഒരു ജൻറിൽമാൻ എങ്ങനെയായിരിക്കണമെന്നതിന്റെ

—ജോണി തോമസ്

**ധീരതയുടെ ഒരു പുതിയ പര്യായമായിരുന്നു രാജീവ്. ധീരനെക്കുറിച്ചുള്ള പല നെടുങ്കൻ സങ്കല്പങ്ങളെയും തച്ചുടച്ച സുന്ദരൻ. തനിക്കു നേരേ നടന്ന എല്ലാ വധശ്രമങ്ങളിലും എത്രയോ അചഞ്ചലനായിരുന്നു അദ്ദേഹം!**

മികച്ച ഉദാഹരണമായി വാക്കിലും നോക്കിലും രൂപത്തിലും ഭാവത്തിലും രാജീവ് വർത്തിച്ചു. രാജീവ് വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡണ്ടു സ്ഥാനമല്ല, മറിച്ച് പരിവേഷമാർന്ന ആ വ്യക്തിത്വം ഒന്നുമാത്രമായിരുന്നു ജനസഞ്ചയത്തെ എന്നും അദ്ദേഹത്തോടടുപ്പിച്ചു നിറുത്തിയിരുന്നത്.

തിളങ്ങുന്ന ഭരണനേട്ടങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെ രാജീവിനുണ്ട്. അധികാരത്തിനു വെളിയിലായിരുന്നിട്ടും, നിർണ്ണായക പ്രതിസന്ധികളിലെല്ലാം ലോകം രാജീവ് ഗാന്ധിയുടെ സ്വരത്തിനു കാതോർത്തു. ഇന്നലെവരെ, ലോകത്തിലെ ഏത് അത്യുന്നതനായ നേതാവിനുമരികിൽ ആത്മവിശ്വാസത്തോടെ കടന്നു ചെല്ലാൻ കഴിയുന്ന ഇന്ത്യയിലെ ഏക നേതാവ് രാജീവായിരുന്നു. രാഷ്ട്രതന്ത്രജ്ഞതയിൽ അദ്ദേഹം പുതിയ മാനങ്ങൾ തന്നെ കൈവരിച്ചു. ഇന്ത്യയുടെ അതിർത്തികൾ കടന്ന ഒരു ദർശനവും വീക്ഷണവും രാജീവിനുണ്ടായിരുന്നു. ഇന്ത്യയുടെ ചുററുപാടുകളെ സംബന്ധിച്ചു വ്യക്തമായ ഒരു കാഴ്ചപ്പാടും.

എല്ലാവരെയും രാജീവ് ഒരു പോലെ കണ്ടു. ഡോ. പി.സി. അലക്സാണ്ഡർ പറഞ്ഞതുപോലെ ആലപ്പുഴയിലും അമേഠിയിലും ആൻഡമാനിലും അരുണാചൽപ്രദേശിലും അദ്ദേഹം ചിരപരിചിതനെപ്പോലെ പെരുമാറി. മതേതരത്വത്തിന്റെ പുത്തൻ പ്രതീക്ഷയായിരുന്നു രാജീവ്. അധികാരത്തിൽ നിന്നു പുറത്തായപ്പോഴും ജനങ്ങളിൽ നിന്നൊററപ്പെടാതെ നില്ക്കുവാൻ രാജീവിനു കഴിഞ്ഞെങ്കിൽ അതിന്റെ കാരണം മറെറാന്നായിരുന്നില്ല. എല്ലാവരോടും അദ്ദേഹം ജീവകാരുണ്യപരമായ ഒരു സമീപനം സ്വീകരിച്ചു.

രാജീവിനെ സ്മരിക്കുമ്പോൾ, എന്തെല്ലാം മറന്നാലും ഒരു കാര്യം മാത്രം ജനതയോർക്കണം. സുസ്മേരവദനനായി നടന്നപ്പോഴും ഉള്ളിൽ കൊടിയ വേദനകളുടെ മഹാഭാരവുമായി നടന്ന ആളായിരുന്നു രാജീവ്. അച്ഛൻ, മുത്തച്ഛൻ, അമ്മ, അനുജൻ —രാജീവ് കരുതിവച്ചിരുന്ന നിധികളെല്ലാം വിധി നേരത്തേ തട്ടിയെടുത്തു. എന്നിട്ടും രാജീവ് തന്റെ ചുണ്ടിൽ എന്നും ഒരു ചന്ദ്രപ്രകാശം നമുക്കുവേണ്ടി കരുതിവച്ചു. ഓർക്കുക വല്ലപ്പോഴും.



# അരവിന്ദന്റെ ലോകം

—ജെ.പി. ചാലി



ശ്രീ ജി. അരവിന്ദന്റെ നിര്യാണത്തോടെ ഇൻഡ്യയിലെ 'സീരിയസ് സിനിമ'യുടെ ഏററവും ശക്തനായ വക്താവാണു നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത്. ബാലിശതയുടെയും കൃത്രിമത്വത്തിന്റെയും തലത്തിൽനിന്നു വേറിട്ട സിനിമയ്ക്ക് ചിന്താമധുരമായ ഒരു തലമുണ്ടെന്ന് തെളിയിച്ചു കൊടുത്തത് ഇൻഡ്യയിൽ ഒരു പക്ഷേ, അരവിന്ദൻ മാത്രമാണ്. സത്യജിത് റേ, ശ്യാം ബനഗൽ, ഗോവിന്ദ് നിഹലാനി തുടങ്ങിയവരെ മറന്നുകൊണ്ടല്ല ഈ വാക്കുകൾ കുറിക്കുന്നത്. അവരൊക്കെ തീപാറുന്ന വാക്കുകൾ ആയുധമാക്കിയപ്പോൾ അരവിന്ദൻ മൗനത്തെയാണ് കൂട്ടുപിടിച്ചത്. ഏററവും കുറച്ച് വാക്കുകൾ ഉപയോഗിക്കുകയും ഏററവും കൂടുതൽ ധ്വനിപ്പിക്കുകയും ചെയ്ത ഇൻഡ്യൻ സിനിമാ സംവിധായകൻ അരവിന്ദനാണ്.

തനിക്കേററവും ഇഷ്ടപ്പെട്ട ചിത്രം 'എസ്തപ്പാൻ' ആണെന്ന് അരവിന്ദൻ ഒരിക്കൽ സൂചിപ്പിക്കുകയുണ്ടായി. എസ്തപ്പാനിൽ തന്റെ ആത്മാംശമുള്ളതായിരിക്കാം ഇതിനു കാരണം. കുന്തിരിക്കം പുകച്ചുകൊണ്ട് ഗ്രാമത്തിലൂടെ സഞ്ചരിക്കുന്ന എസ്തപ്പാൻ ദാർശനികനാണ്, ചിത്രകാരനാണ്, കവിയാണ്, പ്രവാചകനാണ്, ശുദ്ധീകരിക്കുന്നവനാണ്, സത്യത്തെ സ്നേഹിക്കുന്നവനാണ്. അരവിന്ദനും എല്ലാററിനുമുപരിയായി ഒരു ചിത്രകാരനാണ്, സംഗീതജ്ഞനാണ്, കവിയാണ്, ചിന്തകനാണ്, മനുഷ്യസ്നേഹിയാണ്. ഈ കലാകാരൻ തന്റെ ചിത്രങ്ങളിലൂടെ ചെയ്യാൻ ശ്രമിച്ചതും തന്റെ വ്യക്തിപരമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മനുഷ്യാവസ്ഥയെ വിശകലനം ചെയ്യാനാണ്. ഉത്തരായണം മുതൽ വാസ്തുഹാരാ വരെയുള്ള ഒമ്പതു ചിത്രവും ഇതിനു തെളിവാണ്.

തൊഴിൽ തേടി അലയാൻ വിധിക്കപ്പെട്ട ഇൻഡ്യൻ യുവത്വത്തിന്റെ പ്രശ്നങ്ങളാണ് ഉത്തരായണത്തിൽ. ഒരു സർക്കസ് കൂടാരത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യജീവിതം അപഗ്രഥിക്കുകയാണ് 'തമ്പി'ൽ. സർവ്വംസഹയായ അമ്മയിലേക്ക്, പ്രകൃതിയിലേക്ക് മടങ്ങാനുള്ള ആഹ്വാനമാണ് 'കാഞ്ചനസീത'യിൽ. 'കുമ്മാട്ടി'യിൽ ബാലമനസ്സുകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അരവിന്ദൻ വാദിക്കുന്നു. പണത്തിനുവേണ്ടിയുള്ള അതിമോഹം വെടിഞ്ഞ് മനസ്സും ജീവിതവും ശുദ്ധമാക്കാനാണ് 'എസ്തപ്പാന്റെ' ആഹ്വാനം. എല്ലാ പ്രതീക്ഷകളും വിഫലമാകുന്ന ഇൻഡ്യൻ യുവത്വത്തിന്റെ ദയനീയാവസ്ഥ 'പോക്കുവെയി'ലിലുണ്ട്. കുററബോധത്തേക്കാൾ നഷ്ടബോധമാണ് മനുഷ്യനെ അസ്വസ്ഥനാക്കുന്നതെന്നതിന്റെ ചിത്രീകരണം 'ചിദംബരം' നൽകുന്നു. ശാസ്ത്രം നൽകിയ വെളിച്ചം മനുഷ്യനെ രക്ഷിക്കുന്നതിനേക്കാൾ, നശിപ്പിക്കാനാണ് ഉപയോഗിക്കപ്പെടുന്നത് എന്ന സത്യം 'ഒരിടത്തി'ലുണ്ട്. മനുഷ്യരെല്ലാം വാസ്തുഹാരകൾ, സ്വന്തം സ്വത്തു നഷ്ടപ്പെട്ടവരാണെന്ന വ്യാഖ്യാനം 'വാസ്തുഹാര'യിലുമുണ്ട്.

ഇവിടെയെല്ലാം, മനുഷ്യ ജീവിതം അപഗ്രഥിച്ച് മാനുഷിക പ്രശ്നങ്ങൾ പഠിച്ച് അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്ന ഒരു ദാർശനികനെ നമുക്കു കാണാം. ജെ. കൃഷ്ണമൂർത്തി എന്ന വിശ്വപ്രസിദ്ധ സത്യാന്വേഷകനെപ്പററി ഒരു ഡോക്യുമെൻററി നിർമ്മിക്കാൻ തയ്യാറായ അരവിന്ദന്റെ ചേതോവികാരം നമുക്കിവിടെ മനസ്സിലാക്കാം. സാധാരണ പ്രേക്ഷകരുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലാൻ അരവിന്ദനു കഴിയാതെ പോയെങ്കിൽ അതിനു കാരണം തന്റെ ചിന്തയുടെയും പ്രതിപാദനത്തിന്റെയും ഔന്നത്യം തന്നെയാണ്. ഏററവും കുറച്ചു ദൃശ്യങ്ങളും വാക്കുകളും

കൊണ്ട് പരമാവധി ധ്വനിപ്പിക്കുന്ന ഒരു ഉന്നത കലാകാരനാണ് ശ്രീ അരവിന്ദൻ.

സിനിമ അടിസ്ഥാനപരമായി ഒരു ദൃശ്യമാധ്യമമാണെന്ന് അരവിന്ദൻ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് വാക്കുകളേക്കാൾ ദൃശ്യങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകിയത്. ശബ്ദങ്ങളേക്കാളും വാക്കുകളേക്കാളും ശക്തിയും വാചാലതയും നിശ്ശബ്ദതയ്ക്കുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. ചിത്രീകരിക്കുന്നതിനേക്കാൾ ചിത്രത്തിൽനിന്നു കണ്ടെത്താൻ പ്രേക്ഷകനു സാധിക്കുമ്പോഴാണ് കല വിജയിക്കുന്നത്. ദൃശ്യങ്ങളിൽനിന്ന് ധ്വനികളിലേക്കു കടക്കുമ്പോഴേ പ്രേക്ഷകന്റെ കലാസ്വാദനം പൂർത്തിയാകുന്നുള്ളൂ എന്ന ബോധ്യം അരവിന്ദനുണ്ടായിരുന്നു.

**ദൃശ്യങ്ങളിൽനിന്ന് ധ്വനികളിലേക്കു കടക്കുമ്പോഴേ പ്രേക്ഷകന്റെ കലാസ്വാദനം പൂർത്തിയാകുന്നുള്ളൂ എന്ന ബോധ്യം അരവിന്ദനുണ്ടായിരുന്നു.**

ചിത്രീകരണത്തിനുള്ള കഥയും മററും തിരഞ്ഞെടുക്കുന്നതിൽ അരവിന്ദൻ കാണിച്ചിട്ടുള്ള ശ്രദ്ധ ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും കഥ ചിത്രീകരിക്കുകയായിരുന്നില്ല; തനിക്കു പ്രേക്ഷകരോടു പറയാനുള്ള കാര്യങ്ങൾ ധ്വനിപ്പിക്കുന്ന പ്രമേയം തന്നെ തിരഞ്ഞുപിടിച്ച് ആവിഷ്ക്കരിക്കുകയായിരുന്നു അരവിന്ദൻ. കഥകളും പ്രമേയവും തിരഞ്ഞെടുത്തതിലെ വൈവിധ്യവും അവയ്ക്കു സ്വന്തം ഭാവനയിലൂടെ നൽകിയ ദൃശ്യരൂപവും നാം ശ്രദ്ധിച്ചു പഠിക്കേണ്ടതുതന്നെ. സിനിമയുടെ പ്രിയപ്പെട്ട വിഷയമായ മുക്കോണപ്രേമം ഒരിക്കലും വിഷയമാക്കാത്ത സംവിധായകനാണ് അരവിന്ദൻ. വെറും പൈങ്കിളിയുടെ ലോകത്തേക്കു വലിച്ചിഴച്ച് ജനങ്ങളെ കൂടുതൽ അലസരാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല.

കാഞ്ചനസീതയും കുമ്മാട്ടിയും എസ്തപ്പാനുംപോലുള്ള ചിത്രങ്ങൾ ആസ്വദിക്കാൻ പ്രേക്ഷകർ കഷ്ടപ്പെട്ടു എന്നതു ശരിതന്നെ. വിശദീകരണം ആവശ്യപ്പെട്ടവരോട് അരവിന്ദൻ പറഞ്ഞു: "എനിക്കു പറയാനുള്ളതെല്ലാം എന്റെ ചിത്രത്തിലുണ്ട് " എന്ന്. ചിത്രത്തിലെ അർഥതലങ്ങളും ധ്വനികളുമെല്ലാം കണ്ടെത്തേണ്ടത് പ്രേക്ഷകരാണെന്നായിരുന്നു അദ്ദേഹം പറഞ്ഞതിനർഥം. കലാകാരൻതന്നെ കല വീണ്ടും വിശദീകരിച്ചു കൊടുക്കേണ്ടിവരുന്നത് വിരോധാഭാസമാണ്. ഏതായാലും ഭൂരിപക്ഷത്തെപ്രതി വിട്ടുവീഴ്ചയ്ക്ക് അരവിന്ദൻ ഒരിക്കലും തയ്യാറായില്ല. അതുകൊണ്ട് അസാധാരണമായ ഉൾക്കാഴ്ചയുള്ള ഏതാനും നല്ല കലാസൃഷ്ടികൾ നമുക്കു ലഭിച്ചു. ഉന്നതനായ ആ കലാകാരനോടുള്ള നമ്മുടെ കടപ്പാട് മറക്കാതിരിക്കാം.

NEW MAN Voice '91

# ഡാങ്കേ

**പ്രസന്നൻ**



റഷ്യയിലെ ഒക്ടോബർ സോഷ്യലിസ്ററ് വിപ്ലവത്തിന്റെ നടുനായകനായിരുന്ന ലിയോൺ ട്രോട്സ്കി, താൻ ചരിത്രവുമായി കൈകോർത്തുപിടിച്ചു നടന്ന നാളുകളെന്ന്, വിപ്ലവത്തിന്റെ ദിനങ്ങളെ വിശേഷിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ കമ്യൂണിസ്ററ് പ്രസ്ഥാനത്തിൽ ഇങ്ങനെയൊരു വിശേഷണത്തിന് തികച്ചും അർഹനാണ് ശ്രീപദ് അമൃത ഡാങ്കേ. ഇന്ത്യൻ തൊഴിലാളിവർഗ പ്രസ്ഥാനത്തിന്റെ ചരിത്രവുമായി കൈകോർത്തു നടന്ന ഇതിഹാസ തുല്യമായ ഒരു ജീവിതമായിരുന്നു എസ്.എ. ഡാങ്കേയുടേത്.

മഹാരാഷ്ട്രയിൽ കലാപങ്ങളുടെ നാടെന്ന് പ്രശസ്തമായിരുന്ന നാഗർ ജില്ലയിൽ, ഒരു ബ്രാഹ്മണ കുടുംബത്തിലാണ് 1899 ഒക്ടോബർ 10ന് ഡാങ്കേ ജനിച്ചത്. നാസിക്കിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. വീർ സവർക്കറെപ്പോലുള്ള തീവ്രവാദികളുടെ പ്രവർത്തനരംഗവും വിപ്ലവഗൂഢാലോചനകളുടെ വേദിയുമായിരുന്നു അന്ന് നാസിക്. നാസിക്കിലായിരുന്നില്ല വളർന്നതെങ്കിൽ താൻ വെറുമൊരു ബ്രാഹ്മണ പുരോഹിതനായിപ്പോയേനെ എന്ന് ഡാങ്കേ പറഞ്ഞിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഡാങ്കേ ബോംബെയിലെ വിൽസൺ കോളജിൽ ചേർന്നു. അന്നവിടെ ബൈബിൾ ക്ലാസുകളിൽ എല്ലാവരും പങ്കെടുക്കണമെന്നു നിർബന്ധമായിരുന്നു. ഈ ബൈബിൾ ക്ലാസ്സുകൾ ബഹിഷ്കരിക്കാൻ ഡാങ്കേ വിദ്യാർഥികളെ സംഘടിപ്പിച്ചു. പക്ഷേ, ബഹിഷ്കരണം അത്ര എളുപ്പമായിരുന്നില്ല. കാരണം, ആ ക്ലാസിൽ വച്ചായിരുന്നു ഹാജർ വിളിച്ചിരുന്നത്. അതുകൊണ്ട് ബഹിഷ്കരിച്ചാൽ ഹാജർ കിട്ടില്ല. അതിനാൽ ബൈബിളുകളെല്ലാം കൂടി അധ്യാപകന്റെ മേശപ്പുറത്തു കൊണ്ടുവന്നു കൂട്ടിവച്ചു പ്രതിഷേധിക്കുകയാണ് ഡാങ്കേയും കൂട്ടരും ചെയ്തത്.

ഈ സംഭവം കഴിഞ്ഞ്, അധികം താമസിയാതെ, ഡാങ്കേ കോളജ് വിദ്യാഭ്യാസം ഉപേക്ഷിച്ചു. അപ്പോഴേക്കും ബാല ഗംഗാധര തിലകിന്റെ അനുയായിയായിക്കഴിഞ്ഞിരുന്നു അദ്ദേഹം. നാടുകടത്തപ്പെട്ടിരുന്ന ലാലാ ലജ്പത്റായ് 1918—ൽ ബോംബെയിൽ തിരിച്ചെത്തിയപ്പോൾ സ്വീകരണം നൽകിയത് ഡാങ്കേയുടെ നേതൃത്വത്തിലായിരുന്നു.

(മാതൃഭൂമി)

# സ്വപ്നങ്ങളുടെ ദ്വീപിൽ ഒരു സംവിധായകൻ

സണ്ണി കീക്കരിക്കാട്

ഉണർന്നിരുന്നുകൊണ്ടു നാം കാണുന്ന സ്വപ്നമാണു സിനിമ. സിനിമയുടെ സ്വപ്നതുല്യമായ ഈ ആകർഷകത്വം പണ്ടേ കണ്ടറിഞ്ഞ സംവിധായകനായിരുന്നു പത്മരാജൻ. മൗലിക പ്രതിഭയുള്ള ഒരെഴുത്തുകാരൻ താൻ കണ്ടുമുട്ടുന്ന ഓരോ വസ്തുവിനെയും മനോഹരമായി മാററുന്നതുപോലെ മൗലികസിദ്ധിയുള്ള ഒരു സംവിധായകൻ തന്റെ ഓരോ സിനിമയ്ക്കും സ്വപ്നത്തിന്റെ മായികമായ പരിവേഷം പകരുന്നു. എഴുത്തുകാരനായതുകൊണ്ട് പത്മരാജന് ഈ വിദ്യ പ്രായേണ എളുപ്പമായി മാറുന്നു.

ആദ്യ ചിത്രമായ പെരുവഴിയമ്പലം മുതൽ പത്മരാജന്റെ സിനിമ സ്വപ്നങ്ങളുടെ വർക്കുപ്പായമണിഞ്ഞു നില്ക്കുന്നു. പെരുവഴിയമ്പലത്തിലെ മെലിഞ്ഞ പയ്യൻ തികച്ചും അവിചാരിതമായാണ് ഒരു കൊലപാതകം ചെയ്തു പോകുന്നത്. ഒരിടത്തൊരു ഫയൽവാനിലെ, ഫയൽവാന്റെ വരവിലും പോക്കിലുമുണ്ട് മായികമായ ഒരു പരിവേഷം. തൂവാനത്തുമ്പികളിലെയും ദേശാടനക്കിളിയിലെയും നായകാനായകന്മാരുടെ സഞ്ചാരം സ്വപ്നങ്ങളുടെ നേർത്ത നൂൽപ്പാലത്തിൻ മീതെകൂടിയാണ്. നൊമ്പരത്തിപ്പൂവിലും, മുന്തിരിത്തോപ്പുകളിലും സ്വപ്നങ്ങളുടെ മുന്തിരി പഴുത്തു പാകമായി നിൽക്കുന്നു. അവസാന ചിത്രമായ ഞാൻ ഗന്ധർവനിലാകട്ടെ അടിമുടി സ്വപ്നത്തിൽ മുങ്ങിക്കുളിച്ചു നില്പാണ്. പത്മരാജന്റെ സിനിമകളിലെ യാഥാർഥ്യം കടന്നു വരുന്നതു സ്വപ്നത്തിന്റെ രൂപം ധരിച്ചാണ്. ഏററവും കടുത്ത യാഥാർഥ്യത്തെപ്പോലും ഈ വിധം മായികവൽക്കരിച്ചതു വഴി താൻ അടിസ്ഥാനപരമായി ഒരെഴുത്തുകാരനാണെന്നു പ്രഖ്യാപിക്കുകയായിരുന്നു പത്മരാജൻ.

എഴുത്തുകാരനു തന്റെ കഥാപാത്രങ്ങളോടുള്ള അഗാധമായ കാരുണ്യം തന്നെയാണ് പത്മരാജന്റെ സിനിമയിലെ തന്റെ കഥാപാത്രങ്ങളോടുമുള്ളത്. പെരുവഴിയമ്പലത്തിലെ ദേവയാനിയും തൂവാനത്തുമ്പികളിലെ ക്ലാരയും വേശ്യകളാണെങ്കിലും പത്മരാജൻ ഈ വേശ്യകളെ ബൈബിളിലെ മഗ്ദലനമറിയത്തെപ്പോലെ ശുദ്ധീകരിച്ചെടുക്കുന്നു. പരമദുഷ്ടനായ ഒരു കഥാപാത്രത്തെ പത്മരാജൻ സൃഷ്ടിച്ചിട്ടില്ല. 'നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകൾ' എന്ന



ചിത്രത്തിലെ ദുഷ്കനായ വില്ലനെപ്പോലും ഒടുവിൽ സംവിധായകൻ വെറുതെ വിടുകയാണ്. കഥാപാത്രങ്ങളോടു കാരുണ്യം വർധിക്കുമ്പോൾ അവരുടെ ഹൃദയം തുളച്ചു കടക്കാൻ എഴുത്തുകാരനെപ്പോലെ സംവിധായകനും കഴിയുന്നു. 'കൂടെവിടെ' എന്ന ചിത്രത്തിലെ തോമസിന്റെ ദുരന്തത്തിനു പിന്നിലുള്ള വില്ലൻ തന്നെയാണ്. ഈ ചിത്രത്തിലുടനീളം നായകന്റെ സ്വഭാവഘടനകളിൽ തന്നെ ഒളിഞ്ഞിരിക്കുന്ന 'വില്ലനെ' എടുത്തു പുറത്തിടുകയാണ് പത്മരാജൻ. അതുകൊണ്ടുതന്നെ 'കൂടെവിടെ'യിലെ തോമസ് പ്രേക്ഷക മനസ്സിൽ ഏറെക്കാലമുണ്ടാവും. 'അപരനി'ൽ വില്ലനായി വരുന്നതു വിധിയാണ്. മുഖസാദൃശ്യം എന്ന യാദൃശ്ചികത ചിത്രത്തിന്റെ അവസാനം നായകന്റെ വൻ ദുരന്തത്തിനു വഴിയൊരുക്കുകയാണ്. അപരനിലെ 'ആക് ഷൻ' സാധാരണ തട്ടുപൊളിപ്പൻ ആക് ഷൻ സിനിമകളിലേതുപോലെ കൃത്രിമമോ അസ്വാഭാവികമോ അല്ല. അതുകൊണ്ടുതന്നെ പത്മരാജന്റെ ഏററവും മികച്ച ആക് ഷൻ സിനിമയാണ് 'അപരൻ' എന്നു പറയേണ്ടിവരും.

യാഥാർഥ്യത്തിലധിഷ്ഠിതമായ ഒരു ജീവിത വീക്ഷണമുള്ളതുകൊണ്ട്, പത്മരാജൻ ഒരു കഥാപാത്രത്തേയും ആദർശവൽക്കരിക്കുന്നില്ല. എല്ലാവരേയും അവരവരായിത്തന്നെ പ്രദർശിപ്പിക്കുന്നു. അതുകൊണ്ട് ആ കഥാപാത്രങ്ങൾ നമ്മുടെ ഹൃദയത്തോടു ചേർന്നു നില്ക്കുന്നു. ഭാവനയുടെ അപൂർവസുന്ദരമായ ശില്പങ്ങൾ മെനഞ്ഞെടുക്കുമ്പോഴും യാഥാർഥ്യത്തെ അവഗണിക്കാതെയിരുന്നതുകൊണ്ടാവണം 'നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകൾ' മലയാളത്തിലെ മികച്ച പ്രണയ ചിത്രങ്ങളിൽ ഒന്നായി മാറുന്നത്. ഇതിലെ നായികാനായകന്മാരെ ബൈബിളിലെ പശ്ചാത്തലവും ബിംബങ്ങളുമുപയോഗിച്ച് മനോഹര മനുഷ്യരാക്കി മാററുമ്പോഴും വില്ലന്റെ അവഗണിക്കാനാവാത്ത സാന്നിധ്യവും അയാൾ വഴി വരുന്ന ദുരന്തവും ഒഴിവാക്കാൻ സംവിധായകൻ ശ്രമിക്കുന്നില്ല. അതുകൊണ്ട് പുഴുക്കുത്തേററാലും വാടാതെ നില്ക്കുന്ന ഒരു പൂവുപോലെ ഇതിലെ നായിക സുന്ദരിയും ശാലീനയുമായിത്തന്നെ നില്ക്കുന്നു. സ്വപ്നത്തിന്റെ മാർദവമുള്ള 'ഞാൻ ഗന്ധർവനി'ൽപ്പോലും സംവിധായകന്റെ [illegible] ഗൗരവപൂർവമായ എത്തിനോട്ടം കാണാം. അതുകൊണ്ട് ആ ചിത്രം ഒരേ സമയം സ്വപ്നമായും യാഥാർഥ്യമായും നമുക്കനുഭവപ്പെടുന്നു.

നവംബറിന്റെ നഷ്ടം, നൊമ്പരത്തിപ്പൂവ്, ദേശാടനക്കിളി കരയാറില്ല തുടങ്ങിയ ചിത്രങ്ങളിൽ സ്ത്രീ കഥാപാത്രങ്ങൾക്ക് അസാധാരണമായ വശ്യത തോന്നുന്നുണ്ടെങ്കിൽ ഈ വശ്യത അതിന്റെ പാരമ്യത്തിലെത്തുന്നതു തൂവാനത്തുമ്പികളിലാണ്. ഇതിലെ ക്ലാരയുടെ ഒരു 'ആൺപതിപ്പാ'യിരുന്നു ഞാൻ ഗന്ധർവനിലെ ഗന്ധർവനെന്ന കഥാപാത്രം. ഒരേ വിഷയം തന്നെ രണ്ടു വശങ്ങളിൽ നിന്ന് അപഗ്രഥിക്കുകയായിരുന്നു പത്മരാജൻ. ഓരോ വിഷയത്തേയും ഓരോ കഥാപാത്രത്തേയും ഇപ്രകാരം ചുററി നടന്നു നോക്കിക്കാണുന്ന ഈ കൗതുകവും ശീലവും പത്മരാജന്റെ സിനിമാ ലോകത്തിനു വൈവിധ്യത്തിന്റെ ശോഭ പകരുന്നു.

പെരുവഴിയമ്പലത്തിലൂടെയും ഒരിടത്തൊരു ഫയൽവാനിലൂടെയും തന്റെ ചലച്ചിത്രപരമായ അടിത്തറ കെട്ടിയുയർത്തിയ പത്മരാജൻ, ഒത്തുതീർപ്പുകൾക്ക് തയ്യാറായപ്പോഴും മൗലികത ചോർന്നു പോകാതെ സിനിമകൾ നിർമിച്ചു.

> **പെരുവഴിയമ്പലത്തിലൂടെയും ഒരിടത്തൊരു ഫയൽവാനിലൂടെയും തന്റെ ചലച്ചിത്രപരമായ അടിത്തറ കെട്ടിയുയർത്തിയ പത്മരാജൻ, ഒത്തുതീർപ്പുകൾക്ക് തയ്യാറായപ്പോഴും മൗലികത ചോർന്നു പോകാതെ സിനിമകൾ നിർമിച്ചു.**

പത്മരാജന്റെ വിയോഗം, മലയാളത്തിൽ നല്ല സിനിമകളുടെ വിയോഗത്തിനു കാരണമായിരിക്കുന്നു. ആർട് സിനിമകളുടെ ദുശ്ശീലങ്ങൾക്കോ, കൊമേഴ്സ്യൽ സിനിമയുടെ പ്രലോഭനങ്ങൾക്കോ അടിമപ്പെടാതെ രണ്ടിനും മധ്യേ സ്വപ്നങ്ങളുടെ ദ്വീപിൽ നിന്നും സിനിമകൾ നിർമിച്ച പത്മരാജൻ, സ്വപ്നങ്ങളെ സ്നേഹിക്കുന്ന പ്രേക്ഷകനു പ്രിയങ്കരനായിരുന്നു. എഴുത്തുകാരനായ ഈ സംവിധായകന്റെ തിരോധാനം ഏററവും പ്രിയപ്പെട്ട രണ്ടുപേർ ഒരേസമയം നമ്മെ വേർപിരിഞ്ഞുപോയതുപോലെയുള്ള വേദനാജനകമായ ഒരനുഭവം പ്രേക്ഷക ഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ■

NEW MAN Voice '91

NEW MAN Voice '91

# വിടരും മുമ്പേ കൊഴിഞ്ഞ കണ്ണീർപ്പൂവ്

പ്രസംഗ കലയുടെ മർമം കണ്ട ജോസഫ് ചാഴികാടനുശേഷം മറ്റൊരു ചാഴികാടൻ നിയമസഭാ തിരഞ്ഞെടുപ്പിൽ അങ്കം കുറിച്ചിരുന്നു. ഏറ്റുമാനൂരിൽ കേരള കോൺ. (എം) ടിക്കറ്റിലാണ് ബാബു ചാഴികാടനെന്ന യുവ നേതാവ് പോരാടിയത്.

കേരള കോൺ. വിദ്യാർഥി വിഭാഗമായ KSC.യിലൂടെയാണ് ബാബു രാഷ്ട്രീയ രംഗത്തേക്ക് കടന്നത്. കുറവിലങ്ങാട് ദേവമാതാ കോളജിൽ



യൂണിറ്റ് പ്രസിഡന്റായിട്ടാണ് തുടക്കം. പിന്നീട് KSC സംസ്ഥാന പ്രസിഡന്റുവരെയുള്ള സ്ഥാനങ്ങൾ വഹിച്ച ഇദ്ദേഹം രണ്ട് വർഷമായി യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡന്റായിരുന്നു. പ്രധാനമന്ത്രി അധ്യക്ഷനായുള്ള ദേശീയ യുവജന കൗൺസിലിലും, ക്നാനായി യൂത്ത് ലീഗ് പ്രസിഡന്റായും, ക്നാനായ കത്തോലിക്ക കോൺ.ജന: സെ. ആയും പ്രവർത്തിച്ചിട്ടുണ്ട്.

മദ്യനിരോധന സമിതിയുടെ സജീവ പ്രവർത്തകനായ ചാഴികാടൻ മൂന്ന് വർഷം മുമ്പ് കോട്ടയത്ത് ഗാന്ധി പ്രതിമയ്ക്കു മുന്നിൽ ഏഴ് ദിവസം നിരാഹാരം അനുഷ്ഠിച്ചിരുന്നു. ഇടുക്കി ജില്ലയുടെ വികസനം ആവശ്യപ്പെട്ട് യൂത്ത് ഫ്രണ്ട് (എം) നടത്തിയ കളക്ട്രേറ്റ് മാർച്ചിന് നേരെ നടന്ന പോലീസ് ലാത്തിച്ചാർജിൽ ബാബുവിന് സാരമായ പരിക്കേറ്റിരുന്നു.

ഏറ്റുമാനൂർ നി. മണ്ഡലത്തിലെ ഐക്യജനാധിപത്യമുന്നണി സ്ഥാനാർഥി ആയിരിക്കെ തിരഞ്ഞെടുപ്പു പ്രചരണത്തിനിടയിൽ ആർപ്പൂക്കരയ്ക്കടുത്ത് വാരിമുട്ടം എന്ന സ്ഥലത്തുവച്ച് ഇടിമിന്നലേറ്റാണ് ബാബു മരിച്ചത്.

ചാഴികാട്ട് പരേതനായ തൊമ്മൻ സിറിയക്കിന്റെയും ഏലിയാമ്മയുടെയും ഏഴ് മക്കളിൽ മൂന്നാമനായിരുന്നു മുപ്പതുകാരനായ ബാബു. പാർട്ടി ബന്ധങ്ങൾക്കതീതമായി നല്ല ഒരു സുഹൃത്ബന്ധമുള്ള ആളായിരുന്നു ബാബു.

# PRINCIPALS DIARY

NEW MAN Voice '91

Hon'ble Chief guest of the day Sri Madavana Balakrishna Pillai Ladies and Gentlemen,

Permit me to present a brief report of the activities of Newman College during the year 1990-91.

The College reopened after the summer vacation on the 4th of June. The first Pre-degree classes were inaugurated by H.E. Mar George Punnakkottil, the Patron of the College. Fr. Pius Malekandam presented an orientation programme for the Newcomers.

Literacy day was celebrated on the 23rd of July. An amount of Rs. 2675/- was collected from the students and handed over to the District Collector for the promotion of Litaracy.

Newman death centinary was celebrated on July 28th. H.E. our Bishop presided over the meeting Justice Varghese Kaliyath was the Chief guest Msgr. Mathew Palamattam and Dr. John Vallamattam spoke on the occasion. The first degree classes of the year started on the 10th of August. By then the strength of the college reached 3056. One of the major events which deserves special mention is the abolition of the shift system on the 6th of November. Two floors of the Science Block were ready by then. I take this opportunity to thank all those who have contributed to the building fund.

One of our students Sri. Raveendran of the 1st Predegree departed to his heavenly abode during this year. May his soul rest in peace.

Mid term examinations were conducted for all the classes. The prayer groups under the guidance of Prof. K.C. Joseph meet on every Thursday and spent some time for recollection and discussion on spirituality. Tutorial work continues with a class teachers for every class supervising the progress of the students both spiritual and temporal.

## RESULTS:

The following are the result, of the various University Examinations held on April, May 1990.

| | |
|---|---|
| ***II Pre-degree*** | |
| Total appeared | 839 |
| I Class | 54 |
| II Class | 91 |
| III Class | 268 |
| Total | 413 |
| Percentage | 49.22% |
| ***Part I English*** | |
| Appeared | 839 |
| Passed | 422 |
| Percentage | 50.29 % |
| ***Part II Hindi*** | |
| Total appeared | 504 |
| Passed | 348 |
| Percentage | 69 % |
| ***Part II Malayalam*** | |
| Total appeared | 333 |
| Passed | 237 |
| Percentage | 71.17 % |
| ***Final Year B.Sc.*** | |
| ***Maths Main*** | 30 |
| I Class | 5 |
| II Class | 2 |
| III Class | 90% |
| Percentage | |
| ***Physics Main*** | 20 |
| I Class | 3 |
| II Class | nil |
| III Class | 96% |
| Percentage | |
| ***Chemistry Main*** | 14 |
| I Class | 5 |
| II Class | 2 |
| III Class | 72% |
| Percentage | |
| ***Zoology Main*** | 18 |
| I Class | 11 |
| II Class | 3 |
| III Class | 84% |
| Percentage | |
| ***Final Year B.Com. Degree*** | |
| No. of candidates | 50 |
| No. of pass | 19 |
| No. of I Class | 1 |
| No. of II Class | 7 |
| No. of III Class | 11 |
| Percentage | 38% |

NEW MAN Voice '91



റിപ്പോർട്ട്.

## ആൽബർട്ട് ജോസ് (ജന: സെക്രട്ടറി)

# കോളേജ് യൂണിയൻ റിപ്പോർട്ട്

1990—'91 അദ്ധ്യയനവർഷത്തിലെ സംഭവബഹുലവും ശാന്തഗംഭീരവുമായ ഓർമ്മക്കുറിപ്പുകളാണ് ഈ കോളേജ് യൂണിയൻ റിപ്പോർട്ട്. തീക്ഷ്ണമായ തിരഞ്ഞെടുപ്പ് പോരാട്ടത്തിലൂടെയാണ് യൂണിയൻ അധികാരമേറെറടുത്തത്. കോളേജ് യൂണിയൻ ചെയർമാൻെറ അഭാവത്തിൽ, വൈസ് ചെയർമാൻ മിനി ജോസിൻെറ നേതൃത്വത്തിൽ ചുരുങ്ങിയ കാലയളവിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും, കലാ—സാംസ്കാരിക രംഗങ്ങളിലും, നിസ്തുലമായ സേവനം കാഴ്ച വെയ്ക്കുവാൻ ഈ കോളേജ് യൂണിയന് കഴിഞ്ഞിട്ടുണ്ട്. 1990 ഒക്ടോബർ മാസം 12—ാം തിയതി നടന്ന യൂണിയൻ തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടു.

1. ചെയർമാൻ — ജോയ്സ് ജോർജ്ജ്
2. വൈ. ചെയർമാൻ —മിനി ജോസ്
3. ജന. സെക്രട്ടറി — ആൽബർട്ട് ജോസ്
4 യു.യു.സി. — അലിയാർ ടി.ഇ. മാർട്ടിൻ ജേക്കബ്
5. എഡിററർ — ഷാജി സ്ററീഫൻ
6. ആർട്ട്സ് സെക്രട്ടറി — എൽദോ ടി.ഡി.
7. വനിതാ പ്രതിനിധികൾ — ഷമീന എ.എ. ഗ്രീററി ജേക്കബ്

## ക്ലാസ്സ് പ്രതിനിധികൾ:

1. ഒന്നാം വർഷ പ്രീഡിഗ്രി — സ്ററെലസ് ജോസഫ്
2. രണ്ടാം വർഷ പ്രീഡിഗ്രി — സോണി പോൾ
3. ഒന്നാം വർഷ ഡിഗ്രി — പ്രദീപ് പച്ചിക്കര
4. രണ്ടാം വർഷ ഡിഗ്രി — അനിൽകുമാർ
5. മൂന്നാം വർഷ ഡിഗ്രി — രാജീത്ത് പി.സി.
6. ഒന്നാം വർഷ പി.ജി. — ജോർജ്ജ് വി.എ.
7. രണ്ടാം വർഷ പി.ജി — ബിജു ജോസഫ്

## അസ്സോസിയേഷൻ സെക്രട്ടറിമാർ

1. ഷാജു തോമസ് — ധനതത്ത്വശാസ്ത്രം
2. ജോഷി ജോസഫ് — ചരിത്രം
3. ജോസ് കെ.ജെ. — ഇംഗ്ലീഷ് സാഹിത്യം
4. നിശാന്ത് ജെ. — ഗണിതശാസ്ത്രം
5. അനു ജേക്കബ് — ഊർജ്ജതന്ത്രം
6. റോയി എബ്രഹാം — രസതന്ത്രം
7. ഷിബു കെ.കെ. — ജന്തുശാസ്ത്രം

1991 ജനുവരി 7—ന് വൈസ് ചെയർമാൻ മിനി ജോസിൻെറ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് യൂണിയൻ ഭാരവാഹികൾ അധികാരമേറെറടുത്തു. കോളേജ് യൂണിയൻ സ്ററാഫ് അഡ്വൈസറായി പ്രൊഫ. കെ.ജെ. കുര്യൻ സാർ നിയമിതനാവുകയും ചെയ്തു.

## കോളേജ് യൂണിയൻ ഉത്ഘാടനം

1991 ജനുവരി 18—ന്, പ്രശസ്ത മലയാള നോവലിസ്ററ് ശ്രീ കെ.എൽ. മോഹനവർമ്മ യൂണിയൻെറ ഉത്ഘാടനം നിർവഹിച്ചു. തദവസരത്തിൽ ദീപികയുടെ സീനിയർ എഡിററർ ശ്രീ തേക്കിൻകാട് ജോസഫ് ആശംസകളർപ്പിച്ചു. ഉത്ഘാടനത്തിനുശേഷം കൊല്ലം ദൃശ്യകലയുടെ മിമിക്സ് പരേഡും നടത്തുകയുണ്ടായി.

## നോമിനേററഡ് മെംബേഴ്സ

ഫെബ്രുവരി 11—ന് കൂടിയ യൂണിയൻ മീററിംഗിൽ താഴെപ്പറയുന്നവരെ നോമിനേററ് ചെയ്തു.

1. സ്പോർട്ട്സ് ക്ലബ്ബ് — വിൽസൺ പി.എ.
2. SC/ST — അനിൽ വി.ആർ.
3. ക്വിസ്സ് ക്ലബ്ബ് — സക്കീർ വി.പി.
4. ഡിബേററിംഗ് ക്ലബ്ബ് — ഷാജി മാത്യു
5. പ്ലാനിംഗ് ഫോറം — മാവിൻസി
6. എഡിറേറാറിയൽ ബോർഡ് — ബിജു അഗസ്ററ്യൻ, മൺസൂർ ഒ.എച്ച്. ജോൺസൺ തോമസ്

## ക്വിസ്സ്, ഡിബേററ്, പ്ലാനിങ് ഫോറം

ക്വിസ്സ്, ഡിബേററ് എന്നിവ നിരവധി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കോളേജ് ഓഡിറേറാറിയത്തിൽ വച്ച് നടത്തുകയുണ്ടായി. ക്വിസ്സ് ക്ലബിൻെറ രക്ഷാധികാരിയായി സുവോളജി വിഭാഗത്തിലെ കെ.സി. ജോസഫ് സാറിനെ തിരഞ്ഞെടുത്തു. വിജ്ഞാനപ്രദവും, പ്രയോജനകരവുമായ ക്വിസ്സ് മത്സരങ്ങൾ നടത്തുവാൻ കഴിഞ്ഞത് ക്ലബിൻെറ നേട്ടമായി കരുതുന്നു. പ്ലാനിംഗ് ഫോറത്തിൻെറ ആഭിമുഖ്യത്തിൽ നിരവധി സെമിനാറുകളും, ചർച്ചാ ക്ലാസ്സുകളും വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തുകയുണ്ടായി.

കോളേജ് യൂണിയനും, ഫാമിലി വെൽഫയർ പ്രോജക്ടും സംയുക്തമായി പ്രീഡിഗ്രി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രസംഗ മത്സരം സംഘടിപ്പിക്കുകയുണ്ടായി.

## കോളേജ് ദിനാഘോഷം

ഈ വർഷത്തെ കോളേജ് ദിനാഘോഷം മാർച്ച് 22—ന് ശാന്തവും സൗമ്യവുമായ അന്തരീക്ഷത്തിൽ ഭംഗിയായി ആഘോഷിച്ചു. വൈസ് ചെയർമാൻ മിനി ജോസിൻെറ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പ്രശസ്ത പത്രപ്രവർത്തകൻ ശ്രീ മാടവന ബാലകൃഷ്ണപിള്ള മുഖ്യാതിഥിയായിരുന്നു. പ്രിൻസിപ്പൽ കോളേജ് റിപ്പോർട്ടും, ജനറൽ സെക്രട്ടറി ആൽബർട്ട് ജോസ് യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. യോഗത്തിൽ സ്ററാഫ് അഡ്വൈസർ പ്രൊഫ. കെ.ജെ. കുര്യൻ, യൂ.യു.സി.മാരായ അലിയാർ ടി.ഇ. മാർട്ടിൻ ജേക്കബ് എന്നിവർ സംസാരിക്കുകയുണ്ടായി. സ്വാഗതം എൽദോ ടി.ഡി.യും, കൃതജ്ഞത എഡിററർ ഷാജി സ്ററീഫനും രേഖപ്പെടുത്തി.

ദിനാഘോഷങ്ങൾക്ക് കൊഴുപ്പേകികൊണ്ട്, കേരള സർവ്വകലാശാല മിമിക്രി ജേതാവ് ശ്രീ ജോസഫ് വിൽസൺ അവതരിപ്പിച്ച 'ഹാസ്യമേള' വിദ്യാർത്ഥികളുടെ കണ്ണും കരളും കവർന്നു. ഇതിനുശേഷം ജൂ. മാൻഡ്രേക്കും സംഘവും അവതരിപ്പിച്ച '[illegible]' സദസ്യരെ മറെറാരു മാന്ത്രികലോകത്തെത്തിച്ചുകൊണ്ട് ദിനാഘോഷങ്ങൾക്ക് തിരശ്ശീല വീഴുകയും ചെയ്തു.

## അസ്സോസിയേഷൻ ഉത്ഘാടനം

മററു വർഷങ്ങളിൽ നിന്നും വിഭിന്നമായി അസ്സോസിയേഷൻ ഉത്ഘാടനം സംയുക്തമായിട്ടാണ് നടത്തപ്പെട്ടത്. അസ്സോസിയേഷൻ ഉത്ഘാടനം ശ്രീ നിർവ്വഹിച്ചു. ഉത്ഘാടനത്തിനുശേഷം സരിഗ സംഗീതാലയുടെ ഗാനമേളയും ഉണ്ടായിരുന്നു.

## ഉത്സവ് '91 (കലാമേള)

ഈ വർഷത്തെ കോളജ് ആർട്ട്സ് ഫെസ്ററിവൽ '91 ഫെബ്രുവരി 22, 23, തിയതികളിൽ സമുചിതമായി ആഘോഷിച്ചു. 22—ാം തിയതി രാവിലെ 10.30—ന്, പ്രശസ്ത മലയാള ചലച്ചിത്ര പിന്നണി ഗായകൻ ശ്രീ അമ്പിളിക്കുട്ടൻ മേളയ്ക്ക് തിരി കൊളുത്തി. നൂറുകണക്കിന് വിദ്യാർത്ഥികൾ അരങ്ങിലും, അണിയറയിലുമായി പ്രവർത്തിച്ച് മേളയ്ക്ക് മാററു കൂട്ടി.

## അർഹതയ്ക്ക് അംഗീകാരം

1991 മാർച്ച് മാസാദ്യം ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന മഹാത്മാ ഗാന്ധി യുവജനോത്സവത്തിൽ നമ്മുടെ കലാലയത്തിൽനിന്ന് നിരവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും, അവരിൽ സുമ എസ്., അഞ്ജു അന്ന ജോൺ, പ്രദീപ് പച്ചിക്കര എന്നിവർ നമ്മുടെ കലാലയത്തിൻെറ യശസ്സുയർത്തത്തക്ക രീതിയിൽ വിജയികളാവുകയും ചെയ്തു.

## കായിക മേള

ഈ വർഷത്തെ കായികമേള ഫെബ്രുവരി 26, 27 തിയതികളിലായി നടത്തപ്പെട്ടു. നിറപ്പകിട്ടാർന്ന മാർച്ചുപാസ്ററോടെ തുടക്കം കുറിച്ച കായികമേളയുടെ ഉത്ഘാടനം നിർവ്വഹിച്ചത് ബഹു. തൊടുപുഴ ഡിവൈ.എസ്.പി. എബ്രഹാം ചെറിയാനാണ്. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി കായികമേളയിലെ എല്ലാ ഇനങ്ങളിലും മത്സരം നടത്തുവാൻ സാധിച്ചുവെന്ന കാര്യം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

## കൃതജ്ഞതയോടെ....

ഈ അദ്ധ്യയനവർഷത്തിലെ ചുരുങ്ങിയ മൂന്നു മാസക്കാലങ്ങളായിരുന്നു യൂണിയൻ പ്രവർത്തനങ്ങൾക്ക് വേദിയൊരുങ്ങിയതെങ്കിലും, ഞങ്ങളിൽ അർപ്പിതമായ ചുമതലകൾ ഉത്തരവാദിത്വത്തോടെയും, ഭംഗിയോടെയും ചെയ്തു തീർക്കുവാൻ കഴിഞ്ഞുവെന്ന പൂർണ്ണ വിശ്വാസത്തോടെയാണ് ഞാൻ ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നത്.

കോളേജ് യൂണിയൻെറ എല്ലാ പ്രവർത്തനങ്ങളിലും നേതൃത്വം നൽകിയ ബഹു. പ്രിൻസിപ്പൽ പ്രൊഫ. ടി.എസ്. ചാക്കോ സാറിനും, സ്ററാഫ് അഡ്വൈസർ പ്രൊഫ. കെ.ജെ. കുര്യൻ സാറിനും മററ് അദ്ധ്യാപക ശ്രേഷ്ഠന്മാർക്കും, അനദ്ധ്യാപക സുഹൃത്തുക്കൾക്കും, സർവ്വോപരി ഞങ്ങളെ ഇതിനായി നിയോഗിച്ച പ്രിയ കൂട്ടുകാർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. നല്ലവരായ ഞങ്ങളുടെ എല്ലാ കൂട്ടുകാർക്കും നന്മകൾ നേർന്നുകൊണ്ടും, ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും, യൂണിയൻ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ ഞങ്ങളെ അനുഗ്രഹിച്ച ജഗദീശ്വരനെ ശിരസ്സാ നമിച്ചുകൊണ്ടും നിങ്ങളുടെ അംഗീകാരത്തിനായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
ആൽബർട്ട് ജോസ്
ജന. സെക്രട്ടറി

തൊടുപുഴ
22—3—'91

## DECLARATION ABOUT OWNERSHIP OF NEWMAN COLLEGE ANNUAL

| | | |
|---|---|---|
| Publisher | : | Prof. T. S. Chacko,<br>Principal<br>Newman College, Thodupuzha - 685 585 |
| Publisher's Residential Address | : | Prof. T. S. Chacko,<br>Thudiamplackal<br>Thodupuzha, Phone 2784 |
| Chief Staff Editor | : | P. M. Ulahannan,<br>Dept. of Malayalam, Neman College<br>Thodupuzha. |
| Chief Student Editor | : | Shaji Stephen<br>Newman College,<br>Thodupuzha |
| Chief Student Editors Residential Address | : | Shaji Stephen,<br>Thudiamplackal,<br>Karimkunnam P.O.,<br>Thodupuzha,<br>Phone : 2944 |
| Place of Publication | : | Thodupuzha |
| Periodicity | : | Annual |
| Nationality | : | Indian |
| Address | : | Newman College,<br>Thodupuzha |
| Owner of the Annual | : | Newman College<br>Thodupuzha. |

I Prof. T. S. Chacko hereby declare that the particulars given herein are true to the best of knowledge and belief.

Thodupuzha
31/7/91

Prof. T. S. Chacko
Principal


**Pre-degree Ist Group**
**(Maths, Commerce, Economics)**
കാലിക്കററ് യൂണിവേഴ്സിററിയുടെ ഈ പ്രത്യേക കോഴ്സ്
പഠിച്ചു പാസ്സാകുന്ന വിദ്യാർഥികൾക്ക് B.Sc. Maths, B.A., B.Com.
തുടങ്ങിയ ഡിഗ്രി ക്ലാസുകളിൽ ചേർന്നു പഠിക്കാവുന്നതാണ്

**B.Sc. & M.Sc. Maths**
Calicut University - Parallel

*Tuition Classes for:*
**P.D.C., B.Sc., B.A., B.Com. and M.Sc. Maths.**
*(For all Subjects)*

# യുവർ കോളജ്

**തൊടുപുഴ**

Director



## നന്ദിയോടെ—

ഇവിടെ ഈ തീരത്തിൽ
ഒരുമിച്ചുകൂടുവാനും ഓരോന്നു പറയാനും
ഉറക്കെ ചിരിക്കാനും
ഇണങ്ങാനും പിണങ്ങാനും യാത്ര പറയാനും
കണ്ടുകൂടുന്നവരല്ലേ നമ്മൾ.
ജീവിതം വലിച്ചേറ്റുന്ന ഭാരവുമായി
ഇറങ്ങികയറുമ്പോൾ
ഇടവഴികൾ പോലും പരിചയം കാട്ടിയെന്നു വരില്ല.
ഭാരം ഏറുകയും ചെയ്യും.
ഇടയ്ക്കു കിട്ടുന്ന വിശ്രമങ്ങളിൽ
ഓർമകൾ ചിക്കി ചികയുമ്പോൾ
പരിചയമുള്ള മുഖങ്ങൾ ശബ്ദങ്ങൾ
പ്രത്യക്ഷപ്പെടാതിരിക്കില്ല.
ഈ നാദകണികയും അവിടെ ഉയിർകൊള്ളും.
അതിന് അനുബന്ധമായി ഈ അടിക്കുറിപ്പ് സൂക്ഷിക്കുക—
നാം തനിച്ചല്ല—
ഈ വർണരാജിയിൽ ചായം എത്തിക്കാൻ പണിയെടുത്തവർ
അവയെല്ലാം പതിച്ചെടുക്കാൻ മഷി പുരട്ടിയവർ
മഹത്സന്നിധികൾ തേടിപ്പോകാനും
മുത്തുകൾ ശേഖരിക്കാനും വിയർപ്പൊഴുക്കിയവർ
സ്വരൂപിച്ചതെല്ലാം ഉറക്കം നിന്ന് അടുക്കിയെടുത്തവർ
എല്ലാം ഈ താളുകളിൽ
തുടിച്ചു നിൽപുണ്ടെന്നു മറക്കാതിരിക്കുക.
അവരുടെ പ്രാതിനിധ്യം ചൂടിക്കൊണ്ട് ഞാൻ
എന്റെ സതീർഥ്യർക്കും
ഗുരുജനങ്ങൾക്കും
സ്നേഹധനനായ പ്രിൻസിപ്പലിനും
നന്ദിപറഞ്ഞുകൊള്ളുന്നു.

വിനീതനായി

**ഷാജി സ്റ്റീഫൻ**
(എഡിറ്റർ)


With Best Compliments From:

# PULIMOOTTIL

**PULIMOOTTIL SILK HOUSE**
**THODUPUZHA Ph.2421 KOTTAYAM Ph.3295**

**PULIMOOTTIL TOURIST HOME**

**PULIMOOTTIL OIL MILLS**
**PULIMOOTTIL AUTOMOBILES** } **Ph.2538**

**PULIMOOTTIL FASHION JEWELLERY**

**PULIMOOTTIL JEWELLERY Ph.2543**

**PULIMOOTTIL JEWELLERS Ph.3231**

**PULIMOOTTIL MEDICALS Ph.2624**

**PULIMOOTTIL TOURIST BUNGALOW Ph.2312**
**(PAPPOOTTY HALL)**

**PULIMOOTTIL EYE HOSPITAL Ph.2451**

**PULIMOOTTIL ENTERPRISES**

**PULIMOOTTIL INDUSTRIES Ph.2243**

**PULIMOOTTIL DRESS MAKERS**

**PULIMOOTTIL OPTICALS Ph.2451**

**PULIMOOTTIL AUTOS Ph.2805**

**PULIMOOTTIL ELECTRICALS Ph.2621**

**PULIMOOTTIL INVESTMENTS Ph.2624**